# നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

## സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാപിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്. സമയകൃത്യത പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒന്ന്, "രണ്ട് പിഞ്ചുമക്കളുടെ അച്ഛനാണ്, ഒന്ന് തുറക്കു, ദയവായി രക്ഷിക്കു" ; രണ്ട്, "കൂട്ടുകാരാ ഞാൻ എലിവില്ലിൽപെട്ട അവസ്ഥയിലാണ്. എനിക്ക് മരണം സംഭവിച്ചാൽ നീ എന്റെ ഈ ശബ്ദം പുറത്തുവിടണം" ; മൂന്ന്, "അമ്മേ, എന്റെ ഒരു കൈ എവിടെപ്പോയി, ഇവിടെ വരുമ്പോൾ എനിക്ക് ഇരുകൈകളും ഉണ്ടായിരുന്നല്ലോ" ; മറുപടി പറയാൻ കഴിയാതെ ഒരമ്മ ഹൃദയം പൊട്ടി

കരയുന്നുണ്ടായിരുന്നു. നമ്മുടെ സിസ്റ്റത്തിന്റെ ഇരകളായ മൂന്നുപേർ പറഞ്ഞ വാക്കുകളാണിത്. തിരുവനന്തപുരം വിളപ്പിൽ വില്ലേജിലെ കാവിൻപുറം വാർഡിലെ ഇസിയാൻ മൻസിലിലെ ബിസ്മീറിന് വെളുപ്പിന് ഒരു മണിക്ക് ശ്വാസതടസ്സമുണ്ടായപ്പോൾ ആരെയും കാത്തുനിന്ന് സമയം നഷ്ടപ്പെടുത്തണ്ടെന്ന് കരുതി അദ്ദേഹത്തിന്റെ ഭാര്യ സ്കൂട്ടറിൽ വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചു. അവിടെ എത്തിയപ്പോൾ ആശുപത്രിയുടെ ഗ്രിൽ പൂട്ടിയിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ടി ആശുപത്രിക്ക് മൂന്ന് പൂട്ടുകളാണുള്ളത്. ഇദ്ദേഹം ആശുപത്രിയിലെത്തിയതിനുശേഷമുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ നമ്മൾ കണ്ടതാണ്. സ്കൂട്ടറിൽനിന്നും ഇറങ്ങി നടന്നുപോകുന്ന ആൾ പെട്ടെന്ന് പിന്നിലേയ്ക്ക് കുഴഞ്ഞുവീഴാൻ പോകുകയാണ്. 'എനിക്ക് രണ്ട് പിഞ്ചുകുഞ്ഞുങ്ങളാണ്, എന്നെ രക്ഷിക്കണേ, ഒന്ന് തുറക്കണേ' എന്ന് അയാൾ കരഞ്ഞുകൊണ്ട് വിളിച്ചുകൂവുകയാണ്. ഭാര്യ പരിഭ്രാന്തിയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. ആശുപത്രി എന്തിനാണ് പൂട്ടിയിടുന്നത്? വനിതാ ജീവനക്കാരുള്ളതിനാലും പട്ടി വരുന്നതുംകൊണ്ട് പൂട്ടിയിട്ടുവെന്നാണ്

അവിടത്തെ ഡോക്ടർ മാധ്യമങ്ങൾക്ക് നൽകിയ മറുപടിയിൽ പറയുന്നത്. ഒരു സെക്യൂരിറ്റിയെ നിയമിച്ച് ഇത് പരിഹരിച്ചുകൂടെ? പട്ടി വരുന്നതുകൊണ്ട് ആശുപത്രി പൂട്ടിയിടുകയാണോ ചെയ്യുന്നത്; പിന്നീട് ചില ആളുകൾവന്ന് അവരെ കൂട്ടികൊണ്ടുപോയി. അവിടെ നൽകിയ പ്രാഥമിക ചികിത്സയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അടങ്ങുന്ന പരാതി മരണപ്പെട്ട ബിസ്മീറിന്റെ ഭാര്യ ജാസ്മിൻ ഡി.എം.ഒ.-ക്ക് നൽകിയിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാനത് വായിക്കുന്നില്ല. ഏഴ്-എട്ട് മിനിറ്റുകൾക്കുശേഷം അദ്ദേഹത്തെ ആംബുലൻസിൽ കയറ്റി. പരാതിയിൽ പറയുന്നൊരു ഭാഗം ഞാൻ വായിക്കാം, " ആംബുലൻസിൽ കൊണ്ടുപോകുന്ന സമയത്ത് എന്റെ ഭർത്താവിന്റെ ചുണ്ട് കറുക്കുകയും മൂക്കിൽനിന്നും പത വരികയും അല്പസമയംകൊണ്ട് അദ്ദേഹം ബോധരഹിതനാവുകയും ചെയ്തു" . അദ്ദേഹത്തിന് സി.പി.ആർ. നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തുന്നതിനുമുമ്പ് അദ്ദേഹം മരണപ്പെട്ടു. അവിടെ എത്തിയപ്പോൾ മെഡിക്കൽ കോളേജിലെ ഡോക്ടർ ആദ്യം ഭാര്യയോട് ചോദിച്ചത് അദ്ദേഹത്തിന് സി.പി.ആർ.

നൽകിയിരുന്നോ എന്നാണ്. ഇതുസംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് നൽകിയതിനുശേഷം ലഭിച്ച ഇടവേളയിൽ ഞാൻ അദ്ദേഹത്തിന്റെ ഭാര്യയുമായി സംസാരിച്ചു. ഈനിമിഷം വരെ ആരോഗ്യ വകുപ്പിന്റെ ഒരന്വേഷണ സംവിധാനവും ആ സ്ത്രീയോട് ഒരു വാക്കുപോലും ചോദിച്ചിട്ടില്ലെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഇതിന് മറുപടി പറയാൻ പോകുകയാണ്. അവസാന നിമിഷംവരെ ജാസ്മിൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അവരുടെ ഒരു മൊഴിയില്ലാതെ, വിശദീകരണമില്ലാതെ എന്ത് റിപ്പോർട്ടാണ് ഈ സർക്കാർ തയ്യാറാക്കിയിരിക്കുന്നത്? കളിക്കുന്നതിനിടെ പരിക്കുപറ്റിയ പാലക്കാട് ജില്ലയിലെ കുട്ടിയുടെ കാര്യം പറയാം. ആ കുട്ടിയെ ആശുപത്രിയിലെത്തിച്ചപ്പോൾ മുറിവിന്റെ പുറത്തുവച്ച് പ്ലാസ്റ്റർ ചെയ്തു. ആ മുറിവ് പഴുത്തു. വേദന വന്നപ്പോൾ രണ്ടാമതും ആശുപത്രിയിൽ കൊണ്ടുപോയി. പരിശോധനയൊന്നും നടത്താതെ കുഴപ്പമില്ലെന്ന് പറഞ്ഞ് വീണ്ടും വീട്ടിലേക്ക് വിട്ടു. അവസാനം അത് പഴുത്തളിഞ്ഞ് ദുർഗന്ധം

വമിക്കുന്ന അവസ്ഥയായി. നാലാം ക്ലാസിൽ പഠിക്കുന്നൊരു കുഞ്ഞിന് സംഭവിച്ച കാര്യമാണ് ഞാനിവിടെ പറയുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുചെന്നപ്പോൾ അതിന്റെ കൈ മുറിച്ചുമാറ്റി. "അമ്മേ ഇങ്ങോട്ട് വന്നപ്പോൾ എനിക്ക് ഇരുകൈകളും ഉണ്ടായിരുന്നല്ലോ; എന്റെ കൈ എവിടെ പോയി" എന്ന് ആ കുഞ്ഞ് അമ്മയോട് ചോദിക്കുകയാണ്. ആ കുഞ്ഞിനോട് എന്തുമറുപടിയാണ് പറയാനുള്ളത്; നമ്മുടെ സിസ്റ്റത്തിന്റെ ഇരയല്ലേ; നിരപരാധിയായ കുഞ്ഞിന് കൈ നഷ്ടപ്പെട്ടില്ലേ; ഇതുമാത്രമാണോ? ഒന്നിലധികം കേസുകളാണ് നടക്കുന്നത്. അതുപോലെ, കഴിഞ്ഞദിവസം കിളിമാനൂരിൽ നടന്ന അപകടത്തിൽ പരിക്കുപറ്റി ആശുപത്രിയിൽ കൊണ്ടുപോയ ആൾ ചികിത്സാപ്പിഴവുമൂലം മരണപ്പെട്ടുവെന്ന ആക്ഷേപം കുടുംബം ഉന്നയിച്ചിരിക്കുകയാണ്. പമ്പ സർക്കാർ ആശുപത്രിയിൽ മുറിവിൽ കത്രിക വച്ചുകെട്ടി. പ്രസവത്തെത്തുടർന്ന് അണുബാധ ബാധിച്ച് എസ്.എ.ടി. ആശുപത്രിയിൽ യുവതി മരണപ്പെടുകയുണ്ടായി. മാനന്തവാടി ആശുപത്രിയിൽ പ്രസവം കഴിഞ്ഞ് 75 ദിവസത്തിനുശേഷം വയറിൽനിന്നും തുണി ലഭിച്ചു. "നിങ്ങളുടെ മകൾ

മാത്രമേ പ്രസവിക്കുകയുള്ളോ" എന്നാണ് ആ പെൺകുട്ടിയുടെ അമ്മയോട് ചോദിച്ചത്. അവസാനം ശൂചിമുറിയിൽ വച്ച് ഈ തുണി പുറത്തുവരികയുണ്ടായി. അത്രയും ദിവസം ഈ തുണിയുമായി ആ സ്ത്രീ മരണവേദന അനുഭവിച്ചു. ജനറൽ ആശുപത്രിയിൽവച്ച് സുമയ്യ എന്ന സ്ത്രീയുടെ ശരീരത്തിൽ ഗൈഡ് വയർ കുടുങ്ങി. 'സിസ്റ്റത്തിന്റെ ഇരകൾ' എന്ന തലക്കെട്ടോടെ മനോരമ ദിനപത്രം എഡിറ്റോറിയലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹർഷീന, സുമയ്യ, ദേവി... ഹർഷീന ഇന്നുമുതൽ തിരുവനന്തപുരത്ത് സമരം ആരംഭിച്ചിരിക്കുകയാണ്. ശസ്ത്രക്രിയ കഴിഞ്ഞപ്പോൾ ഫ്രീയായി ഒരു കത്രികയുംവച്ച് തുന്നിയാണ് വിട്ടത്. നാലരക്കൊല്ലം ഈ കത്രികയുമായി ആ സഹോദരി ജീവിച്ചു. ഗവൺമെന്റ് നിരവധി വാഗ്ദാനങ്ങൾ അവർക്ക് നൽകി, ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നേരിട്ട് പോയി. ഒരു വാഗ്ദാനവും പാലിക്കപ്പെടാത്തതുകാരണം അവർ ഇന്നുമുതൽ തിരുവനന്തപുരത്ത് സമരം ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ അസംബ്ലി സ്റ്റാഫായ, സി.പി.ഐ.-യുടെ ലോക്കൽ സെക്രട്ടറിയായിരുന്ന, എം.എൽ.എ. ഹോസ്റ്റലിലുണ്ടായിരുന്ന

രവീന്ദ്രൻ നായർ 42 മണിക്കൂറാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിഫ്റ്റിൽ കുടുങ്ങിക്കിടന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാലിന് അദ്ദേഹത്തെ അറിയാവുന്നതാണ്. ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ച് സംസാരിച്ചു. ഒരാൾ 42 മണിക്കൂർ ലിഫ്റ്റിൽ ബോധംകെട്ട് കിടന്നിട്ട് ആരും തിരിഞ്ഞുനോക്കിയില്ല. ഇതാണ് ഇപ്പോഴത്തെ സിസ്റ്റം. മരിച്ചുപോകുമെന്ന് ഉറപ്പിച്ച് ഭാര്യക്ക് കത്തെഴുതിയെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അദ്ദേഹത്തിന്റെ മൃതശരീരം കുടുംബക്കാർക്ക് ലഭിക്കുമ്പോൾ അവസാനത്തെ ആഗ്രഹങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഭാര്യക്ക് കത്തും എഴുതിവച്ചിരുന്നു. ഇങ്ങനെ എത്രയെത്ര കേസുകളാണുള്ളത്. ഓരോ കേസുണ്ടാകുന്ന സമയത്തും റിപ്പോർട്ട് തേടും. റിപ്പോർട്ട് തേടലല്ലാതെ അതിൽ നടപടിയൊന്നും സ്വീകരിക്കാത്തതിനാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണ്. മെഡിക്കൽ കോളേജുകളുടെ ദുരവസ്ഥയെക്കുറിച്ചുള്ള വെളിപ്പെടുത്തൽ ഡോ. ഹാരിസ് ഹസൻ നടത്തി. "ശസ്ത്രക്രിയാ ഉപകരണങ്ങൾ ഇല്ലാത്തതുകാരണം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടിവരുന്നു. എനിക്കിത് ലോകത്തോട് പറയണം. എന്റെ

ജോലി നഷ്ടപ്പെട്ടാലും കുഴപ്പമില്ല" എന്ന നിലപാട് സ്വീകരിച്ച അദ്ദേഹം ഒരു ഇടതുപക്ഷ അനുഭാവിയായിരുന്നു. ശ്രീ. എം. സ്വരാജ് നിലമ്പൂർ നിയോജകമണ്ഡല തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തിന് വോട്ട് ചെയ്ത ജനങ്ങൾക്ക് അഭിവാദ്യം അർപ്പിച്ച് പോസ്റ്റിട്ട ആളാണ് ഡോ. ഹാരിസ് ഹസൻ. അദ്ദേഹത്തെ നിങ്ങൾ വേട്ടയാടിയില്ലേ; ആ മനുഷ്യനെ മോഷ്ടാവാക്കാൻ ശ്രമിച്ചില്ലേ; മന്ത്രിമാരടക്കം അദ്ദേഹത്തിനെതിരെ സൈബർ ക്വട്ടേഷൻ കൊടുത്തില്ലേ; എന്നാൽ അവസാനം ആ മനുഷ്യൻ പറഞ്ഞത് സത്യമാണെന്ന് തെളിഞ്ഞില്ലേ? ആരോഗ്യ വകുപ്പിന്റെ പി.ആർ. ഇടിഞ്ഞുവീണല്ലേ കോട്ടയത്ത് ബിന്ദു എന്ന സഹോദരി മരണപ്പെട്ടത്. ഇന്നും മെഡിക്കൽ കോളേജിൽ അപകടമുണ്ടായിരിക്കുകയല്ലേ. ആ പി.ആർ.-ന്റെ അടിയിൽക്കിടന്ന് ശ്വാസം കിട്ടാതെയല്ലേ ആ പാവപ്പെട്ട സ്ത്രീ മരണപ്പെട്ടത്. ആ ഡോക്ടർ പറഞ്ഞത് ശരിയാണെന്നുവരുന്ന രൂപത്തിലല്ലേ പിന്നീട് ഓരോ സംഭവങ്ങളുമുണ്ടായത്. കഴിഞ്ഞദിവസം ശ്രീ. സി. ആർ. മഹേഷിനെയും ശ്രീ. നജീബ് കാന്തപുരത്തെയും സ്വർണ്ണക്കൊള്ള വിഷയത്തിൽ ഇവിടെ

സമരത്തിനിരുത്തിയിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും ഉൾപ്പെടെ ഞങ്ങളെല്ലാവരും സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിനുപോയി. അവിടെ ഞങ്ങളുടെ സമരം നടക്കുമ്പോൾ അതിന് തൊട്ടപ്പുറത്തായി കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ മറ്റൊരു സമരവും നടക്കുകയാണ്. 'സേവ് മെഡിക്കൽ എഡ്യൂക്കേഷൻ' എന്നതാണ് അവരുടെ ആവശ്യം. ആവശ്യത്തിന് മെഡിക്കൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കാത്ത നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതുമൂലം കോളേജുകൾ ദുർബലമാകുന്നു. ഇത് രോഗീപരിചരണത്തെയും വിദ്യാഭ്യാസത്തെയും ബാധിക്കുന്നു. കെ.ജി.എം.സി.ടി.എ. കോൺഗ്രസിന്റെ പോഷക സംഘടനയല്ല. ഇന്നലെ അവരുടെ സമരമാണ് നടന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുംകൂടി 8 നിലകളുള്ള ബഹുനില ആശുപത്രിമന്ദിരം ഉദ്ഘാടനം ചെയ്തു. കെ.ജി.എം.ഒ.എ.(കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ) ഞങ്ങളുടെ സംഘടനയല്ല.

'ബഹുനില കെട്ടിടങ്ങൾ മാത്രം പോരാ, ഡോക്ടർമാരെ നിയമിക്കണം' എന്നാണ് അവരുടെ സ്റ്റേറ്റ്മെന്റ്. എന്റെ നിയോജകമണ്ഡലത്തിൽ ഉദ്ഘാടനം കഴിഞ്ഞ ആശുപത്രിക്കും 8 നിലകളുണ്ട്. എന്നാൽ അതിന്റെ ഒരുനില മാത്രമേ പ്രവർത്തിപ്പിക്കാൻ കഴിയുന്നുള്ളൂ. എട്ട് നിലയും പ്രവർത്തിക്കാനാവശ്യമായ ഡോക്ടറെയും സ്റ്റാഫിനെയും നിയമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. അവിടെവച്ചും ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ നിയമിച്ചതിൽ ഒരാൾ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. അതിനാൽ കാഷ്വാലിറ്റി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. സെക്കൻഡ് ഫ്ലോറിലാണ് ഒ.പി. ആരംഭിച്ചിരിക്കുന്നത്. ബാക്കി ഫ്ലോറുകളിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും വേണം. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെ പൊതു അവസ്ഥയാണിത്. ഭരണകക്ഷിയിലുള്ള അംഗങ്ങൾക്ക് ഇക്കാര്യം പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവർ പറയുന്നില്ല. ഞങ്ങൾ അവർക്കുംകൂടി വേണ്ടി

പറയുന്നവെന്നേയുള്ളൂ. എന്റെ ജില്ലയിൽ വേണു എന്ന ചെറുപ്പക്കാരനായ ഓട്ടോറിക്ഷാ ഡ്രൈവർക്ക് നെഞ്ചുവേദന അനുഭവപ്പെട്ട് ചവറയിലുള്ള ആശുപത്രിയിലെത്തിച്ചപ്പോൾ അവർ അദ്ദേഹത്തെ കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്തു. കൊല്ലം ജില്ലാ ആശുപത്രിയിൽ അദ്ദേഹത്തെ പരിശോധിച്ചപ്പോൾ അടിയന്തരമായി ആൻജിയോഗ്രാം വേണമെന്നും അതിനുള്ള സൗകര്യങ്ങൾ അവിടെയില്ലെന്നും അതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണെന്നും പറഞ്ഞു. കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിലുള്ള ഡോക്ടർമാർക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഇതിനുള്ള സൗകര്യങ്ങളില്ലെന്ന് ബോധ്യമുള്ളതുകൊണ്ടാണ് വേണുവിനെ അവിടേക്ക് റഫർ ചെയ്യാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തത്. അടിയന്തരമായി ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റിയും നടത്തേണ്ടതിനാൽ വേണുവിനെ സ്വകാര്യ ആംബുലൻസിൽ എത്രയുംവേഗം തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തിച്ചു. തിരുവനന്തപുരം

മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച വേണുവിനെ അഞ്ച് ദിവസം ഒരു ഡോക്ടർമാരും നോക്കിയില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സ്നേഹിതനായ അൻവർ സാദത്തിന് അയച്ച വോയിസ് മെസേജിൽ പറയുന്നത് 'അഞ്ച് ദിവസമായി ഞാൻ എലിവില്ലിൽ പെട്ടുകിടക്കുകയാണ്' എന്നാണ്. അടിയന്തരമായി ശസ്ത്രക്രിയ നടത്തേണ്ട ഒരാളെ തറയിൽ മൂന്ന് ദിവസം കിടത്തിയതിനുശേഷമാണ് ബെഡ് ലഭിച്ചത്. എന്നിട്ടും ആൻജിയോഗ്രാം ചെയ്തില്ല. അതുവരെ ഒരു ചികിത്സയും വേണുവിന് നൽകിയില്ല. അദ്ദേഹത്തിന്റെ വോയ്സ് മെസേജ് ഇന്ന് രാവിലെ ഞാൻ ഒന്നുകൂടി കേട്ടുനോക്കി. അതിൽനിന്ന് എഴുതിയെടുത്ത കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കാം "അടിയന്തരമായി ഏറ്റവും വേഗത്തിൽ പോകുന്ന ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്നിട്ട് എന്നോട് കാണിക്കുന്ന നിരാലംബതയും ഉദാസീനതയും എനിക്ക് മനസ്സിലാകുന്നില്ല. വാർഡ് പരിശോധനയ്ക്ക് വരുന്ന ഡോക്ടർമാരോട് എന്റെ ചികിത്സ എപ്പോൾ നടക്കുമെന്ന് ഞാൻ പല തവണ ചോദിച്ചു. അവർക്ക് യാതൊരു ഐഡിയയുമില്ലെന്നാണ് പറഞ്ഞത്. അഞ്ച് ദിവസമായിട്ടും ഒരു

എക്കോപോലും എടുത്തിട്ടില്ല. എന്റെ അൻവർ സാദത്തെ, ഞാൻ ഈ അടുപ്പിൽവന്ന് വീണപോയി. ഒരു കാര്യം പറയാനാണ് അൻവർ സാദത്തിനെ വിളിച്ചത്. എന്റെ ജീവന് എന്തെങ്കിലും അപായം സംഭവിച്ചാൽ എന്റെ ഈ ജീവൻവച്ച് നിസാരമായി കാര്യങ്ങൾ നോക്കിക്കാണുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥ വെളിവാകുന്ന രീതിയിൽ ഞാൻ ഒരു വോയിസിട്ടിട്ടുണ്ട്. അഥവാ എന്റെ ജീവന് എന്തെങ്കിലും ആപത്തോ ഭീഷണിയോ സംഭവിച്ചാൽ നീ ഇത് പുറംലോകത്തെ അറിയിക്കണം" എന്ന് പറഞ്ഞ് മണിക്കൂറുകൾക്കകം വേണു മരിച്ചു. ഒരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നാണ് അന്ന് ആരോഗ്യ വകുപ്പ് പറഞ്ഞത്. വേണുവിന് എല്ലാ ചികിത്സയും സംവിധാനങ്ങളും നൽകിയിരുന്നെന്നാണ് പറഞ്ഞത്. ഡോ. അനുപമ-അസിസ്റ്റന്റ് സർജൻ, ഡോ. ജാക്വലീൻ ഗോമസ്, ഡോ. ബിനു എന്നിവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 'At the medical college, a patient brought by ambulance with STEMI (ST-segment Elevation Myocardial Infarction) was admitted in an overcrowded medical ward instead of

the cardiology ICU or ward. There was a delay in starting medical treatment in the ward.' അതായത് രക്തപരിശോധനയിൽ സ്റ്റെമി കണ്ടെത്തിയ ആളെ നേരിട്ട് ഐ.സി.യു.-വിൽ പ്രവേശിപ്പിക്കേണ്ടതിനുപകരം Overcrowded ആയ ഒരു വാർഡിലാണ് പ്രവേശിപ്പിച്ചതെന്നാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നത്. ക്രിയാറ്റിൻ കൂടിയതുകൊണ്ടാണ് ആൻജിയോഗ്രാം ചെയ്യാത്തതെന്നാണ് അവർ പറഞ്ഞത്. ' There was no mention about renal issues preventing angiogram.' ആൻജിയോഗ്രാം ചെയ്യുന്നതിന് renal issues ഒന്നുമുണ്ടായിരുന്നില്ലെന്നാണ് റിപ്പോർട്ടിലുള്ളത്. പക്ഷെ ആൻജിയോഗ്രാം ചെയ്തില്ല. 'Immediate thrombolysis or PCI (Percutaneous Coronary Intervention) at District Hospital Kollam could have saved his life. Unfortunately, adequate interventional cardiologist and other supporting staff are not available. Therefore the cath lab to be functional round the clock.' ഇതിന്റെ പ്രധാന്യംകൊണ്ട് ഒന്നുകൂടി ഒരു വാചകം ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു 'Immediate thrombolysis

or PCI at district hospital Kollam could have saved his life." ആ വ്യക്തിയെ രക്ഷിക്കാമായിരുന്നു. കാത്ത് ലാബ് ഉണ്ടായിരുന്നിട്ടും ഡോക്ടറും സ്റ്റാഫും ഇല്ലാത്തതുകൊണ്ട് ആ വ്യക്തിയെ രക്ഷിക്കാൻ സാധിച്ചില്ല. സ്റ്റെമി സംവിധാനത്തിലാണെന്ന് കണ്ടെത്തിയിട്ട് ജില്ലാ ആശുപത്രിയിൽ അത് ചെയ്തിരുന്നെങ്കിൽ അയാൾ ജീവിക്കുമായിരുന്നുവെന്ന് പറഞ്ഞാൽ ആരാണ് അയാളെ കൊന്നത്; സിസ്റ്റമല്ലേ വേണുവിനെ കൊന്നത്; ആരോഗ്യ വകുപ്പല്ലേ വേണുവിനെ കൊന്നത്? ഞാൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, അതിനുശേഷം അങ്ങ് എത്ര തവണ കൊല്ലത്തുവന്നു, എത്ര തവണ ദേശീയപാതയിലൂടെ സഞ്ചരിച്ചു, ആ വേണുവിന്റെ വീട്ടിലൊന്നുപോയോ; ആരോഗ്യ വകുപ്പ് അയാളെ കൊന്നിട്ട് ഒരു നയാപൈസ സാമ്പത്തിക സഹായം നൽകിയോ? വേണുവിന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കുടുംബത്തിന് ശ്രീ. ഷിബു ബേബി ജോൺ 6,000 രൂപ നൽകുന്നുണ്ട്. ഈ റിപ്പോർട്ട് അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് നൽകിയോ? പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന് ഒരു പരാതി നൽകി. അവർ അദാലത്തിനുപോയി,

അവിടെയുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ വേണുവിന്റെ ഭാര്യ ശ്രീമതി സിന്ധുവിനോട് ചോദിച്ചത് "നിങ്ങൾ എന്തിനാണ് സർക്കാർ മെഡിക്കൽ കോളേജിൽ പോയത്, ഏതെങ്കിലും പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയി രക്ഷിച്ചുകൂടായിരുന്നോ" എന്നാണ്. സിസ്റ്റമല്ലേ വേണുവിനെ കൊന്നത്; ഇതിന്റെ ഉത്തരവാദി ആരാണ്? ഇതുകഴിയുമ്പോൾ സ്ഥിതിവിവര കണക്കുകളും സർക്കാരിന് ലഭിച്ച അവാർഡുകളെക്കുറിച്ചുള്ള വിശദീകരണങ്ങളുമുണ്ടാകും. ആ സ്ഥിതിവിവര കണക്കുകൾക്കും അവാർഡുകൾക്കും അപ്പുറം എന്റെ കൈ എവിടെപ്പോയി അമ്മേ എന്ന ആ കുഞ്ഞിന്റെ കരച്ചിലും നിസ്സഹായമായ ആ വേണുവിന്റെ മക്കളുടെ കരച്ചിലും ഇതിനെല്ലാം മുകളിൽ അവരുടെ ശബ്ദം ഉയർന്ന് നിൽക്കും. ഇതിനെതിരെ നടപടി സർക്കാർ സ്വീകരിക്കണമെന്ന് ഞങ്ങൾ ഇനിയും പറയുന്നില്ല. ഈ സർക്കാരിനെതിരെ നടപടിയെടുക്കാൻ ജനങ്ങൾ തയ്യാറായി നിൽക്കുകയാണ്. ആ നടപടിയുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ചില സംഭവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട്

അപസർപ്പക കഥകളിലെ ചേരുവകൾ ചേർത്തുവച്ച് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപ അവതാരകൻ വിശദീകരിക്കുകയുണ്ടായി. കേരളത്തിലെ ആരോഗ്യരംഗത്തെ പുരോഗതിയെയും നേട്ടങ്ങളെയും മറച്ചുവയ്ക്കാൻവേണ്ടി ബോധപൂർവമായി നടത്തുന്ന നിരന്തര പരിശ്രമങ്ങളുടെ ഭാഗമായിട്ട് മാത്രമേ ഈ വാദങ്ങളെയും നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിലും മറ്റ് സ്ഥലങ്ങളിലൊന്നുംതന്നെ നാളിതുവരെ ചികിത്സയ്ക്കിടയിൽ രോഗികളാരും മരിച്ചിട്ടില്ലെന്നാണ് ഇവിടെ പറയുന്നത് കേട്ടാൽ മനസ്സിലാകുന്നത്. സ്വകാര്യ ആശുപത്രികളിൽ രോഗികൾ മരിച്ചിട്ടില്ലേ? ഇതൊക്കെ ആവേശപൂർവം പറയുമ്പോൾ യു.ഡി.എഫ്. ഭരിച്ച ഒരു കാലം കൂടി കേരളത്തിൽ ഉണ്ടായിരുന്നുവെന്നത് മറന്നുപോകരുത്. അന്ന് ആരോഗ്യരംഗത്തെ നില എന്തായിരുന്നുവെന്ന് പരിശോധിച്ച് നോക്കണം. 2015-ൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയോട് അന്നത്തെ എം.എൽ.എ. ശ്രീ. ജി. സുധാകരൻ 02-12-2015-ൽ ഒരു ചോദ്യം ചോദിച്ചു. 2015 സെപ്റ്റംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിഖിൽ എന്ന വിദ്യാർഥി മരണപ്പെട്ടത് ചികിത്സ ലഭിക്കാത്തതുകൊണ്ടാണെന്ന പരാതി

ലഭിച്ചിട്ടുണ്ടോ? ലഭിച്ചിട്ടുണ്ടെന്നാണ് മറുപടി. ചികിത്സ ലഭിക്കാത്തതുകൊണ്ട് ആ വിദ്യാർഥി മരണപ്പെട്ട സംഭവം യു.ഡി.എഫ്.-ന്റെ കാലത്താണെന്ന് നിങ്ങൾ മറന്നുപോകരുത്. വിളപ്പിൽശാല സംഭവത്തെക്കുറിച്ച് വളരെ വിശദീകരിച്ചില്ലേ, യഥാർഥത്തിൽ ആശുപത്രിയിലെ സി.സി.ടി.വി. ദൃശ്യങ്ങളിലെ സമയം പരിശോധിച്ചാൽ ഈ പർവ്വതീകരിച്ച് പറയുന്ന വീഴ്ചകളൊന്നും അവിടെയുണ്ടായിട്ടില്ലെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ സംഭവുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ ഈ രോഗി ആദ്യം ആശുപത്രിയിലെത്തുന്നത് 2026 ജനവരി 17-ാം തീയതിയായിരുന്നുവെന്നും അന്ന് അദ്ദേഹത്തെ പരിശോധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിരുന്നുവെന്നുമാണ് അറിയാൻ സാധിച്ചത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റേതായ കാരണങ്ങൾകൊണ്ടാകാം മരണപ്പെട്ട വ്യക്തി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് പോയില്ല. പിന്നീട് 2026 ജനവരി 19-ാം തീയതി രാത്രിയിൽ ഏകദേശം ഒന്നര മണിയോടുകൂടിയാണ് അദ്ദേഹത്തെ വിളപ്പിൽശാല ആശുപത്രിയിൽ കൊണ്ടുവരുന്നത്. രണ്ട് മിനിട്ടിനുള്ളിൽ

വാതിൽ തുറന്ന് ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചെന്നകാര്യം ദൃശ്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അവിടെനിന്ന് ഏഴ് മിനിട്ടിനുള്ളിൽ രോഗിയെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ആംബുലൻസിൽ കയറ്റുകയാണ്. മനുഷ്യസാധ്യമായ കാര്യങ്ങളല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ? മിനിട്ടുകളുടെ വ്യത്യാസത്തിൽ രോഗിയെ ഡോക്ടർ പരിശോധിച്ച് രോഗം ഗുരുതരമാണെന്ന് മനസ്സിലാക്കി നേരെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. എന്നാൽ അവിടെ ആരും രോഗിയെ ശ്രദ്ധിച്ചില്ലെന്നാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഒരു രോഗി മരണപ്പെട്ടുപോയി, ഏത് മരണവും വേദനയാണ്, പ്രത്യേകിച്ച് കുടുംബത്തിന് വേദനയുളവാക്കുന്നതാണ്. 2026 ജനുവരി മാസം 19-ാം തീയതി നടന്ന ഒരു സംഭവത്തെ സംബന്ധിച്ച് 24-ാം തീയതി ഒരു ചാനലിൽ റിപ്പോർട്ട് വരുന്നതുവരെ ഒരു പരാതിയും എവിടെനിന്നും ഉയർന്നുവന്നിട്ടില്ല. പരാതി പറയാനുള്ള അവകാശം കുടുംബത്തിന് ഏത് സമയത്തുമുണ്ടെന്നത് നമുക്ക് മനസ്സിലാക്കാം. ടി പരാതി ചാനലിൽ അവതരിപ്പിച്ച റിപ്പോർട്ടർ ആരെണെന്നുകൂടി ഒന്ന്

പരിശോധിക്കണം. അത് കെ.എസ്.യു.-വിന്റെ പ്രമുഖയായ നേതാവായിരുന്ന ആളാണ്. അതുകൊണ്ട് ഈ വാർത്ത റിപ്പോർട്ട് ചെയ്തുകൂടേ, എന്ന് ചോദിച്ചാൽ ചെയ്യാം. പക്ഷെ മരണത്തെപ്പോലും രാഷ്ട്രീയവൽക്കരിക്കുന്ന സമീപനമാണ് ചില മാധ്യമങ്ങൾ സ്വീകരിക്കുന്നത്. ആരോഗ്യരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച് ശ്രദ്ധയാകർഷിച്ചുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയെ ടാർഗെറ്റ് ചെയ്തുകൊണ്ട്, ചാനലുകളിലൂടെയും മാധ്യമങ്ങളിലൂടെയും നിങ്ങൾ ഈ ആക്രമണം തുടങ്ങിയിട്ട് എത്ര കാലമായി; നാട്ടിൽ നടക്കുന്ന നേട്ടങ്ങളെ മറച്ചുവയ്ക്കാൻ വേണ്ടി ചെയ്യുന്ന കാര്യങ്ങളല്ലേ ഇത്? കുണ്ടറ നിയോജകമണ്ഡലത്തിലും ഒരു ബഹുനില ആശുപത്രി കെട്ടിടം നിർമ്മിച്ചകാര്യം എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി. 76 കോടിയോളം രൂപ ചെലവഴിച്ചാണ് അതിന്റെ പണി പൂർത്തിയാക്കിയതെന്നാണ് കരുതുന്നത്. കൃത്യമായ കണക്ക് എനിക്ക് അറിയില്ല. എട്ട് നിലകളുള്ള ഒരു കെട്ടിടമാണത്. അക്കാര്യം ബഹുമാനപ്പെട്ട അംഗം തന്നെ

സമ്മതിച്ചിട്ടുള്ളതുമാണ്. മുമ്പ് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ ആശുപത്രികളുടെ സ്ഥിതിയെന്താണ്? പൊട്ടിപ്പൊളിഞ്ഞ തറ, അവിടേക്ക് മനുഷ്യർക്ക് കയറാൻ കഴിയില്ല. രോഗികൾ അങ്ങോട്ടേക്ക് പോകില്ല, പോയാലും ചികിത്സയില്ല. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ കാലത്തെ ഒരുപാട് പത്രവാർത്തകൾ നമ്മുടെ മുന്നിലുണ്ട്. മെഡിക്കൽ കോളേജ് അകത്തളങ്ങളിലെ അഴിമതികളുടെ കഥ 2012-ൽ മലയാള മനോരമ ദിനപത്രം ഉൾപ്പെടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടുകളെല്ലാം ഇപ്പോഴും ഞങ്ങളുടെ കൈവശമുണ്ട്. പ്രതിപക്ഷാംഗങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ചികിത്സാപിഴവുകളും അരങ്ങേറിയത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണെന്ന വസ്തുത മറന്നാണ് അവർ ഇവിടെ സംസാരിക്കുന്നത്. തസ്തികകൾ നികത്താത്ത കാലം എന്നാൽ യു.ഡി.എഫ്.-ന്റെ കാലമാണ്. അന്നത്തെ മറ്റൊരു നിയമസഭാ ചോദ്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2016-ൽ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. അജിത്ത് ഉന്നയിച്ച ചോദ്യമാണ്. "സംസ്ഥാനത്ത് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ്

നിലവിലുള്ളത്; ഇതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ? സംസ്ഥാനത്ത് ഡോക്ടർമാരുടെ 545 ഒഴിവുകളാണുള്ളത്. ഇതിൽ 280 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളുണ്ട്" . ഇതായിരുന്നു അന്ന് നൽകിയ ഉത്തരം. തസ്തികകളുടെ കാര്യം പരാമർശിക്കുകയാണെങ്കിൽ, ഏറ്റവും കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുള്ള കാലമാണിത്. അതുകൊണ്ടാണ് ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ഉയർന്നുനിൽക്കാൻ കഴിയുന്നത്. കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 5 ആണ്. ഇത് യു.എസ്.എ.-യിലെ നിരക്കിനേക്കാൾ കുറവാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശിശുമരണ നിരക്ക് കൂടുതലായിരുന്ന സംസ്ഥാനമായിരുന്നു കേരളം. ഇന്ന് ഏറ്റവും കുറവ് മാതൃമരണം റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനമായി കേരളം മാറി എന്നത് മറ്റൊരു വസ്തുതയാണ്. ഈ നേട്ടങ്ങളെല്ലാം ആരോഗ്യരംഗത്ത് ശക്തമായ ഇടപെടലില്ലെങ്കിൽ നടക്കുന്ന കാര്യങ്ങളാണോ; കാര്യങ്ങൾ പറയുമ്പോൾ ഇതെല്ലാം മറിച്ചുപിടിക്കുന്നത് എന്തിനാണ്? നിങ്ങളുടെ ആത്മവിശ്വാസം കൊള്ളാം. ജനങ്ങൾ ഇതെല്ലാം

കാണുന്നുമുണ്ട്. ജനവിധിയുടെ അവസരത്തിൽ തീർച്ചയായും അവരുടെ മനസ്സിൽ, ആരോഗ്യരംഗത്തെ ഈ നേട്ടങ്ങളെല്ലാം ഉണ്ടാകുമെന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവും ആത്മവിശ്വാസക്കുറവുമില്ല. അധികാരം നേടുന്നതിനുവേണ്ടി എന്തെല്ലാം കള്ളപ്രചാര വേലകൾ നടത്താനാണ് നിങ്ങൾ വെപ്രാളപ്പെടുന്നത്? ഇപ്പോൾ എം.എൽ.എ.-മാരെ സത്യാഗ്രഹം ഇരുത്തിയിരിക്കുന്നതിന് പിന്നിലെ കഥകൾപോലും അനുദിനം പുറത്ത് വന്നിരിക്കുകയാണ്. ആരൊക്കെയാണ് ഓരോ സംഭവങ്ങൾക്കും പിന്നിലെന്ന് തെളിഞ്ഞുവരികയാണ്. പോറ്റിയുടെ സുഹൃത്തുക്കൾ ആരൊക്കെയാണെന്ന കാര്യവും ഇപ്പോൾ എല്ലാവർക്കും അറിയുന്നതല്ലേ?

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), ആരോഗ്യ കിരണം എന്നീ പദ്ധതികൾ വഴി അഞ്ച് വർഷംകൊണ്ട് 24.78 ലക്ഷം പേർക്ക് ആകെ 8425 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകി. 4 വർഷംകൊണ്ട് 3300 കോടിയിലധികം രൂപയുടെ സൗജന്യ മരുന്നുകളാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(KMSCL) മുഖേന വിതരണം ചെയ്തത്. ഇതെല്ലാം ആരോഗ്യരംഗത്തുനിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭിക്കുന്നു എന്നതിന്റെ തെളിവാണ്. ഇക്കാര്യങ്ങളെല്ലാം മറച്ചുപിടിക്കാനാണ് ഇത്തരത്തിലുള്ള സംഭവങ്ങളെല്ലാം സൃഷ്ടിക്കുന്നത്. ചികിത്സയ്ക്കിടയിലും ആശുപത്രിയിൽ വച്ചും എല്ലാകാലത്തും മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിൽ, പ്രസവം കഴിഞ്ഞ ഒരു യുവതിയുടെ വയറ്റിൽനിന്നും പഞ്ഞിയും തുണിയും ലഭിച്ച കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട കുണ്ടറ നിയോജകമണ്ഡലം അംഗത്തിന് ഉൾപ്പെടെ വ്യക്തമായി അറിയാവുന്ന വാർത്തകളാണ്. അങ്ങനെയൊരു കാലവും നമുക്കുണ്ടായിരുന്നു. പിഴവുകൾ വന്നാൽ തീർച്ചയായും അത് കണ്ടെത്തുകയും തിരുത്തുകയും ചെയ്യണം. ഇതെല്ലാം ഇക്കാലത്ത് മാത്രം നടക്കുന്ന മഹാസംഭവങ്ങളാണെന്ന രൂപത്തിൽ ഒന്നിനേയും ചിത്രീകരിക്കരുത്. അന്ന് അഴിമതിയുടെ കൂത്തരങ്ങായിരുന്നു, അത് മറന്നുപോകരുത്.

<u>മി.സ്പീക്കർ</u>: അങ്ങയുടെ സമയം കഴിയാറായി. യെസ്.. യെസ്..

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ

കേരളം ഒന്നാമതെത്തിയത് ആരോഗ്യരംഗത്തെ മികവ് ഒന്നുകൊണ്ടുമാത്രമാണ്. ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം യാതൊരു അടിസ്ഥാനവുമില്ലാതെ ഉന്നയിച്ച ഒരു വിഷയമാണെന്ന് ഒരിക്കൽക്കൂടി ഞാൻ സൂചിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുകയാണെങ്കിൽ, ഞാൻ സഭയിൽ എത്തിയ സമയം മുതൽ വലിയ ടോൾ ക്ലെയിംസാണ് കേട്ടുകൊണ്ടിരിക്കുന്നത്. കേരളം നമ്പർ വൺ ആണെന്ന്, പ്രത്യേകിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എത്രയോ തവണ ഈ സഭയിൽ പറഞ്ഞിരിക്കുന്നു. കേരളം അമേരിക്കയെയും കടത്തിവെട്ടി നിൽക്കുകയാണെന്നാണ് പറയുന്നത്. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച ശ്രീ. ഡി. കെ. മുരളി എം.എൽ.എ., കേരളത്തിലെ ശിശുമരണ-മാതൃമരണ നിരക്കിലെ കുറവിനെക്കുറിച്ചും ആയുർദൈർഘ്യത്തിലെ വർധനവിനെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് ഞാൻ ഒരു ഡോക്യുമെന്റ് നൽകാം. താങ്കൾ അത് പരിശോധിക്കണം. 1913-ൽ ബ്രിട്ടീഷുകാർ എഴുതിയ

ഡോക്യുമെന്റാണത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ളത് തിരുവിതാംകൂറിലാണെന്നാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. ശരിക്കും ആ കാലഘട്ടത്തെ കാര്യങ്ങളാണ് ഇപ്പോൾ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. കൂടാതെ കേരളത്തിലെ മാതൃമരണ നിരക്ക് കുറഞ്ഞുവരികയാണെന്നും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കുറേ നാളുകളായി സഭയിൽ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. സർക്കാർ ഇന്ന് ടേബിൾ ചെയ്ത ഇക്കണോമിക് റിവ്യൂയിലെ അധ്യായം 1-ലെ 15-ാം പേജിലെ രണ്ട് വരി വായിക്കാം. 'ഗർഭധാരണംമൂലമോ ഗർഭം അലസൽമൂലമോ 1,00,000 ജീവനുള്ള ജനങ്ങളിൽ എത്ര മാതൃമരണങ്ങൾ സംഭവിക്കുന്നു എന്നതാണ് മാതൃമരണനിരക്ക് (MMR). സ്ത്രീകൾക്കിടിയിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ പ്രതിനിധീകരിക്കാൻ MMR ഉപയോഗിക്കുന്നു. കേരളത്തിലെ എം.എം.ആർ. നിരക്ക് 2010-ൽ 30 ആയിരുന്നത്, 2021-ൽ 19 ആയും 2022-ൽ 22 ആയും 2023-ൽ 25 ആയും രേഖപ്പെടുത്തിയിട്ടുണ്ട്'. It is your document. It is your statitics. ഇന്നത്തെ ഡോക്യുമെന്റാണിത്. മാതൃമരണനിരക്ക് കഴിഞ്ഞ ഓരോ

വർഷത്തിലും കൂടുകയാണ്. ഇന്നേ ദിവസം വരെ താങ്കൾ ഇക്കാര്യം സഭയിൽ സൂചിപ്പിച്ചിട്ടുണ്ടോ? ഇത് ഫാക്ടല്ലെന്ന് പറഞ്ഞ്, ഇക്കാര്യം നിഷേധിക്കാൻ കഴിയുമെങ്കിൽ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അത് നിഷേധിക്കട്ടെ. What' s happening around? ഈ സംസ്ഥാനത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ദയവായി ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരത്തിലുള്ള ക്ലെയിംസ് അവസാനിപ്പിക്കണം. ജനങ്ങളെ സേവിക്കുന്നതിൽ എന്തെങ്കിലും തെറ്റോ കുറ്റമോ വീഴ്ചയോ പാളിച്ചയോ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഏറ്റെടുത്ത് പറയാൻ തയ്യാറാകണം. അതാണ് ആദ്യം ചെയ്യേണ്ടത്. ഒരു ആരോഗ്യ സംവിധാനത്തിൽ ഏറ്റവും ക്രിട്ടിക്കലായ കാര്യമെന്താണ്? അത് ക്രിട്ടിക്കൽ കെയറാണ്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലല്ലാതെ ഒരു ജില്ലാ ആശുപത്രിയിലോ താലൂക്ക് ആശുപത്രിയിലോ 24 മണിക്കൂറും ക്രിട്ടിക്കൽ കെയർ പ്രവർത്തിക്കുന്നില്ല. നിങ്ങൾക്ക് വേണമെങ്കിൽ അതുണ്ടെന്ന് വെറുതെ പറയാം. അക്കാര്യത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ആവശ്യമാണ്. ആരോഗ്യവകുപ്പിന്റെ സ്ട്രെങ്ത്ത് സൂചിപ്പിക്കുമ്പോൾ, വകുപ്പിൽ

ആറായിരത്തിലധികം ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ അറിവ് അനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ എണ്ണം 20 ആണ്. ഇക്കഴിഞ്ഞ ആഴ്ച 30 പേരെക്കൂടി പോസ്റ്റ് ചെയ്തിട്ടുണ്ട്. അതായത് 50 സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരാണ് ആകെയുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ കുറ്റം പറയുന്നതല്ല. കാരണം ചികിത്സ ചെയ്യുന്നത് മന്ത്രിയല്ല. ഡോക്ടർമാരാണ് ചികിത്സ നൽകുന്നത്. പിഴവുണ്ടെങ്കിൽ അത് ഡോക്ടർമാരുടെ ഭാഗത്താണ്. ഇക്കാര്യങ്ങളെല്ലാം പറഞ്ഞ് ന്യായീകരിക്കാൻ ശ്രമിക്കാം. ഇവിടെ ശ്രീ. ഡി. കെ. മുരളി എം.എൽ.എ. സംസാരിച്ചപ്പോൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തൊക്കെയോ കാര്യങ്ങൾ സംഭവിച്ചു എന്നൊക്കെ പറയുകയുണ്ടായി. മാനന്തവാടി മെഡിക്കൽ കോളേജിൽ ദേവി എന്ന സ്ത്രീയെ പ്രസവത്തിനായി പ്രവേശിപ്പിക്കുകയുണ്ടായി. സുഖപ്രസവമായിരുന്നു. എന്നാൽ പ്രസവശേഷം തീവ്രമായ വയറുവേദനയും അവരുടെ ശരീരത്തിൽനിന്നും ദുർഗന്ധവുമുണ്ടായി. വീണ്ടും ആശുപത്രിയിലെത്തിയപ്പോൾ, ഒരു കുഴപ്പവുമില്ല, നന്നായി വെള്ളം കുടിക്കണം എന്നുപറഞ്ഞ് തിരിച്ചയയ്ക്കുകയുണ്ടായി. 75 ദിവസം

കഴിഞ്ഞപ്പോൾ ദുർഗന്ധം വമിക്കുന്ന തുണി അവരുടെ ശരീരത്തിൽനിന്ന് പുറത്തേക്ക് വന്നു. ഭരണപക്ഷാംഗങ്ങൾ പ്രസംഗിക്കുന്ന അവസരത്തിൽ യു.ഡി.എഫ്.-ന്റെ കാലത്ത് അതാണ്, ഇതാണ്, എന്നൊക്കെ പറയുമ്പോൾ,

ഇക്കഴിഞ്ഞ ഡിസംബർ 26-ാം തീയതിയുണ്ടായ സംഭവമാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇതെല്ലാം നിങ്ങൾ അന്വേഷിക്കണം. വെറുതേ ഓരോ ആക്ഷേപങ്ങൾ പറയുകയാണ്. ചികിത്സയും പിഴവുമെല്ലാം ഡോക്ടർമാരുടേതാണ്. എല്ലാ എം.എൽ.എ.-മാർക്കും വേണ്ടി ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. മിനിസ്റ്ററുടെ എഫിഷ്യൻസിയിൽ ആരോഗ്യവകുപ്പിൽ ഭയങ്കരമായ അഡ്മിനിസ്ട്രേഷൻ നടക്കുന്നുവെന്നാണ് പറയുന്നത്. 2021-22-ലെ എം.എൽ.എ. ഫണ്ടിൽനിന്നും നാല് കോടി രൂപ വീതം എല്ലാ എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നും വാങ്ങിയിട്ടില്ലേ; അന്ന് നിങ്ങളെന്തൊക്കെയാണ് പറഞ്ഞത്? അന്നും ഇതുപോലുള്ള ടോൾ ക്ലെയിമുകളാണ് നടന്നത്. സഭയിൽ, ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ.-യുടെ ചോദ്യം ഇതായിരുന്നു. 2021-22 സാമ്പത്തിക വർഷം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി

രൂപ പിടിച്ചതിൽനിന്നും ആരോഗ്യവകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കാമോ? ഇതിന് സർക്കാർ നൽകിയ ഉത്തരം, 'സർക്കാർ ഉത്തരവുപ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 140 നിയോജകമണ്ഡലങ്ങളിലും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കായി കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ സംയുക്തമായി വിനിയോഗിച്ചുകൊണ്ട് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ്. കേരളത്തിൽ ഇപ്പോൾ എത്ര ഐസൊലേഷൻ വാർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്ന ചോദ്യത്തിനുകൂടി ദയവായി അങ്ങ് ഇന്ന് മറുപടി പറയണം. എന്തായാലും ഫണ്ടില്ലാത്തതുകൊണ്ടല്ലെന്ന് ഉറപ്പാണ്. എം.എൽ.എ. ഫണ്ടിൽനിന്നും 4 കോടി രൂപ വീതം 140 എം.എൽ.എ.-മാരുടെ ഫണ്ടും ലഭിച്ചതാണ്. So How many isolation wards are working in the State now? മിനിസ്റ്ററുടെ എഫിഷ്യൻസിയിൽനിന്നും മറുപടി പറയേണ്ട ചോദ്യമാണിത്. സമയമില്ലാത്തതുകാരണം പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ആരോഗ്യരംഗത്ത് ചികിത്സ മാത്രം മതിയാകില്ല; രോഗം വരാതെ പ്രതിരോധിക്കുക എന്നതാണ്

ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇന്ന് പകർച്ചവ്യാധികളുടെ കാര്യത്തിൽ കേരളം ഏറ്റവും മുൻപന്തിയിലാണ്. ഇത് അതീവ ആശങ്കാജനകമാണ്. കണക്കുകളെ സംബന്ധിച്ച് പറയുമ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. 2015-ലെ കണക്കുപ്രകാരം ഡെങ്കിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം 29 ആയിരുന്നുവെങ്കിൽ 2026-ൽ അത് 56 ആയി വർധിച്ചിട്ടുണ്ട്. തീർച്ചയായും എണ്ണം മെച്ചപ്പെടുകയാണെന്ന് പറയാം. അതുപോലെതന്നെ ലെപ്റ്റോസ്പൈറോസിസ് (എലിപ്പനി) ബാധിച്ച് മരിച്ചവരുടെ എണ്ണം 2015-ൽ 43 ആയിരുന്നെങ്കിൽ 2026-ൽ അത് 223 ആയി വർധിച്ചിട്ടുണ്ട്. ഇതെല്ലാം ഔദ്യോഗിക കണക്കുകളാണ്. യു.ഡി.എഫ്. ഭരണകാലത്ത് എത്ര പേർ മരണപ്പെട്ടുവെന്ന വിവരം അറിയാൻ ശ്രീ. ഡി. കെ. മുരളി താൽപര്യം പ്രകടിപ്പിച്ചതിനാലാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. 2015-ൽ ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് കേരളത്തിൽ പത്ത് പേർ മരണപ്പെട്ടിരുന്നുവെങ്കിൽ, 2026 ആയപ്പോൾ 69 പേർ മരണപ്പെട്ടിട്ടുണ്ട്. ചികിത്സാ സംവിധാനങ്ങളും സൗകര്യങ്ങളും വർധിച്ചുവെന്ന്

അവകാശപ്പെടുന്ന ഈ കാലഘട്ടത്തിലാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. 2026 ആരംഭിച്ചിട്ട് 26 ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഈ ദിവസങ്ങൾക്കുള്ളിൽ ഡെങ്കിപ്പനി ബാധിച്ച് നാലുപേരും എലിപ്പനി ബാധിച്ച് രണ്ടുപേരും ഹെപ്പറ്റൈറ്റിസ് എ ബാധിച്ച് നാലുപേരും പേവിഷബാധയേറ്റ് രണ്ടുപേരും മരണപ്പെട്ടിട്ടുണ്ട്. കൂടാതെ, 26 ദിവസത്തിനുള്ളിൽ കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ആറുപേരും മരണപ്പെട്ടിട്ടുണ്ട്. ഈയൊരു അവസ്ഥയിലാണ് നമ്മൾ എത്തിനിൽക്കുന്നത്. ഇതൊക്കെ കുറ്റം പറയാൻ വേണ്ടി പറയുന്നതല്ല. കേരളത്തിൽ ഏറ്റവും അഭിമാനമായിരുന്ന മേഖലയായിരുന്നു ആരോഗ്യ മേഖല.

എനിക്കുണ്ടായ അനുഭവം ഞാനിവിടെ സൂചിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പ്രായമായ ഒരു ചേട്ടൻ എന്നെ വിളിച്ച് വളരെ വയലന്റായി പറഞ്ഞത്, 'സർ അഴിമതിക്കെതിരെ വലിയ പോരാട്ടം നടത്തുന്ന ആളാണല്ലോ; സാറിന് ഇത് ചോദ്യം ചെയ്യാൻ ധൈര്യമുണ്ടെങ്കിൽ ഇവിടെ വരെ വരൂ' എന്നാണ്. അദ്ദേഹം നാല് വർഷം മുമ്പ് ചികിത്സാ

കാർഡ് ഉപയോഗിച്ച് ചികിത്സ നടത്തിയിരുന്നുവെന്നും എന്നാൽ ഇപ്പോൾ ആ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയപ്പോൾ കാർഡ് നൽകിയിട്ടും പണം അടയ്ക്കാൻ ആവശ്യപ്പെടുകയാണെന്നും ഈ വിഷയം ഞാൻ ബന്ധപ്പെട്ടവരോട് ചോദ്യം ചെയ്യണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

KASP പദ്ധതിയിൽ സർക്കാർ പണം അടയ്ക്കാത്തതിനാൽ ആയിരക്കണക്കിന് ആശുപത്രികൾ പദ്ധതിയിൽനിന്നും പിൻവാങ്ങിയിരിക്കുകയാണ്. അതിന്റെ ഫലമായി കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിത്സാ സൗകര്യം ഇല്ലാതായി. അതിനുകാരണം നിങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ഇൻഎഫിഷൻസിയാണ്. അത് നിങ്ങൾ അംഗീകരിച്ചില്ലെങ്കിലും ദയവുചെയ്ത് അട്ടഹാസവും അഹങ്കാരവും അവസാനിപ്പിക്കണം. ആരോഗ്യ വകുപ്പിൽ നമുക്ക് കാണാൻ കഴിയുന്നത് അഹങ്കാരവും ആക്ഷേപവുമാണ്. എന്ത് വിഷയത്തിൽ സംസാരിച്ചാലും എന്ത് പറഞ്ഞാലും ആരെയും ആക്ഷേപിക്കാൻ യാതൊരു മടിയുമില്ല. ചെയ്തുവച്ചിട്ടുള്ളതും നടന്നിട്ടുള്ളതുമായ കാര്യങ്ങൾ എണ്ണിയെണ്ണി

പറഞ്ഞാൽ നിങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ ഇറങ്ങാൻ കഴിയാതെ വരും. മര്യാദയുള്ളതുകൊണ്ടാണ് ഇല്ലാത്ത കാര്യങ്ങൾ ഞങ്ങൾ പറയാത്തത്, ഉള്ള കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ദയവുചെയ്ത് തിരുത്താൻ കഴിയുന്ന കാര്യങ്ങൾ തിരുത്തിക്കൊണ്ട് മുന്നോട്ടുപോകുന്നതിനുവേണ്ടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾക്ക് സാധിക്കുമെങ്കിൽ ഇത് ഉൾക്കൊണ്ട് മാറ്റാൻ കഴിയുന്ന കാര്യങ്ങൾ മനസ്സിലാക്കി മാറ്റുക, അല്ലെങ്കിൽ ജനങ്ങൾ അവരുടെ വിധി എഴുതട്ടെ.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കേരളത്തിലെ ചികിത്സാ സംവിധാനം ഏറെ മെച്ചപ്പെട്ടതാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എനിക്കുമുമ്പ് സംസാരിച്ച അംഗം ഡോ. മാത്യു കുഴൽനാടൻ നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖല ആകെ തകർന്നുതരിപ്പണമായെന്ന രീതിയിൽ വിഷയം അവതരിപ്പിച്ചത് കേരളീയ സമൂഹത്തിന് ഭൂഷണമാണോ; വസ്തുതയുമായോ യാഥാർഥ്യവുമായോ വല്ലതും യോജിക്കുന്നതാണോ; ഇങ്ങനെ പറയുന്നത് ആരെ സഹായിക്കാനാണ്? കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ

ആശുപത്രികളിൽ നേരത്തെ വന്നിരുന്നവർ പതിനഞ്ച് ശതമാനമായിരുന്നുവെങ്കിൽ ഇന്ന് ജനസംഖ്യയുടെ അമ്പത് ശതമാനത്തിലേറെ പേർ നമ്മുടെ സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത് എന്നതല്ലേ യാഥാർഥ്യം. സാമ്പത്തികമായി സൗകര്യമുള്ളവർപോലും നാട്ടിലെ പാവങ്ങൾക്ക് ആശ്രയമായ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രികളിലും സർക്കാർ ആശുപത്രികളിലുമാണ് ഇന്നെത്തുന്നതെന്ന് നമ്മൾ മറക്കരുത്. ആശുപത്രി സംവിധാനങ്ങൾ മെച്ചപ്പെട്ടു. അതിന്റെ ഭാഗമായാണ് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഷിബുവെന്ന നാൽപ്പത്തിരണ്ടുവയസ്സുകാരന്റെ ഹൃദയം ശ്രീ. എസ്. ശ്രീജിത്ത് എന്ന ഐ.പി.എസ്. ഓഫീസറുടെ നേതൃത്വത്തിലുള്ള സംവിധാനത്തിലൂടെ എറണാകുളത്ത് എത്തിച്ച് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. ആ രീതിയിലേയ്ക്ക് നമ്മുടെ ആശുപത്രി സംവിധാനങ്ങൾ മാറുമ്പോൾ അതിനെ താഴ്ത്തിക്കെട്ടുകയെന്ന നിലയിലേയ്ക്കുള്ള സമീപനം ഇതിന്റെ ഭാഗമായുണ്ടെന്ന് ഇത്തരം വിഷയങ്ങൾ

അവതരിപ്പിക്കുമ്പോൾ എനിക്ക് തോന്നുന്നു. ഏതുമരണവും നമുക്ക് ദുഃഖകരമാണ്, എവിടെയെങ്കിലും പിഴവുകളുണ്ടെങ്കിൽ തിരുത്തേണ്ടതാണ്. അതിന് ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സംവിധാനങ്ങളെക്കുറിച്ച് ഇന്നലെ സൂചിപ്പിച്ചു. നമ്മുടെ ജനറൽ ആശുപത്രികളിൽ വന്നിട്ടുള്ള കാത്ത് ലാബുകൾ എത്ര പാവപ്പെട്ട രോഗികൾക്കാണ് ഉപകരിക്കുന്നത്.

വികസിത ചൈന ആരോഗ്യരംഗത്ത് നേടിയ നേട്ടങ്ങൾക്കൊപ്പം കേരളവുമെത്തിയെന്നാണ് ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടുകൾ കാണിക്കുന്നത്. ഡോക്ടർ-രോഗി അനുപാതം ലോകാരോഗ്യ സംഘടന പറയുന്നതിനെക്കാൾ ഉയർന്ന രീതിയിൽ പരിപാലിച്ചുപോകുവാൻ നമുക്ക് കഴിയുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. മാറാരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ലോകരാഷ്ട്രങ്ങളിൽ ജനലക്ഷങ്ങളുടെ ജീവൻ കവർന്നെടുത്തപ്പോൾ ഈ കേരളം അതിനെ എങ്ങനെ നേരിട്ടുവെന്നത് എല്ലാപേർക്കും അറിയാവുന്നതല്ലേ. ലോകം ആകെ വിറങ്ങലിച്ചുനിന്നപ്പോൾ കൊവിഡ്

എന്ന മഹാമാരിയിൽനിന്നും കേരളത്തെ സംരക്ഷിക്കാൻ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, പൊതുസമൂഹം എന്നിവർ എടുത്ത സമീപനം എത്രമാത്രം നമ്മളെ ആവേശം കൊള്ളിച്ചതാണ്. ആരും പുറത്തിറങ്ങാത്ത കാലത്ത്, കേന്ദ്ര ഗവൺമെന്റ് പ്ലേറ്റിൽ തട്ടി ശബ്ദമുണ്ടാക്കാൻ പറഞ്ഞ സാഹചര്യത്തിലാണ് അങ്ങനെയൊരു സമീപനത്തിലേക്ക് കേരളത്തെ മാറ്റിയെടുക്കാൻ നമ്മുടെ ആരോഗ്യമേഖലയ്ക്ക് കഴിഞ്ഞത്. രോഗം ഒരു കുറ്റമല്ല, അതൊരു ദുഃഖകരമായ അവസ്ഥയാണെന്ന് മനസ്സിലാക്കികൊണ്ട് ആയിരക്കണക്കിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമാണ് അന്ന് ഇതിനുവേണ്ടി സജ്ജരായത്. മലയാളിക്ക് മറക്കാൻ കഴിയാത്ത ഇത്തരം അനുഭവ പാഠങ്ങളുള്ളപ്പോഴാണ് മൂക്ക് മുറിച്ചും ശകുനം മുടക്കുന്ന പ്രതിപക്ഷം, ചില ഒറ്റപ്പെട്ട സംഭവങ്ങൾ പർവതീകരിച്ച് രക്ഷനേടാൻ പരിശ്രമിക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലും ആശുപത്രികളുടെ, ആരോഗ്യ സംവിധാനങ്ങളുടെ പൊതുസ്ഥിതി എന്താണ്?

സ്വന്തം ഭാര്യയുടെ മൃതശരീരം പായയിൽ പൊതിഞ്ഞ് തോളിൽ വച്ച്,

കരയുന്ന കുഞ്ഞിനെയും പിടിച്ച് ഗ്രാമത്തിലൂടെ ക്ഷീണിച്ച് കിതച്ച് നടന്നുപോകുന്ന ദാനാമാഞ്ചിമാരുടെ ഇന്ത്യയിലാണ് ഈ കേരളം മികച്ച് നിൽക്കുന്നത്, അക്കാര്യം മറക്കരുത്. പാവപ്പെട്ടവർക്ക് കീറപായപോലും ആശുപത്രിയിൽ ലഭ്യമല്ലാത്ത അന്യസംസ്ഥാനങ്ങളിലെ ആരോഗ്യരംഗത്തെ ചൂണ്ടിക്കാണിക്കുന്നതിനുപകരം, ജനങ്ങൾക്ക് ജാതി-മത-വർഗ്ഗ-ലിംഗ ഭേദമില്ലാതെ ഏറ്റവും ഉയർന്ന ചികിത്സാ സംവിധാനങ്ങൾ നൽകി ആരോഗ്യമേഖലയെ കെട്ടിപ്പടുത്ത കേരളത്തിന് തുടക്കം മുതൽ തന്നെ കൈമുതലായുള്ള കേരള മോഡൽ എന്ന ഭരണസംവിധാനം മലയാളിക്കെന്നും അഭിമാനിക്കാവുന്നതാണ്.

അടുത്ത പത്തുവർഷത്തിനകം കേരളത്തിൽ ജീവിത ദൈർഘ്യം ശരാശരി എൺപതു വയസ്സിലേയ്ക്ക് കടക്കാൻ പോകുകയാണ്. ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണെന്ന് പറയുമ്പോൾ എന്താണ് ഒരു അഭിമാന ക്ഷതം? ഗർഭിണികളുടെ മരണനിരക്ക് കുറയുന്നുവെന്ന് പറയുമ്പോൾ അത് ഇവിടെയല്ലെന്ന് പറയാൻ എന്താണിത്ര വ്യഗ്രത? ഇക്കാര്യങ്ങളിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മുന്നിലാണ് കേരളം.

മികവുകളുടെ പട്ടിക വായിച്ച് അന്താളിച്ചുപോയ പ്രതിപക്ഷം വല്ലാത്തൊരു മാനസികാവസ്ഥയിലാണ് ഇപ്പോഴുള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അക്കാര്യം ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അതിന്റെ പ്രതികരണമായിട്ടാണ് ഇത്തരം റൂൾ 50 കടന്നുവരുന്നതെന്ന് നമുക്ക് കാണുവാൻ കഴിയും.

ആരോഗ്യരംഗത്ത് മികവാർന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന്റെ ഭാഗമായി നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ഉന്നത നിലവാരം പുലർത്തുന്നുവെന്ന കാര്യം നമുക്ക് ബോധ്യമുള്ളതാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ ആശുപത്രികൾ പൂട്ടിയിട്ട അനുഭവങ്ങളുണ്ടായി, മെഡിക്കൽ കോളേജുകൾ ബോർഡുകൾ മാത്രമായി. ഇത്തരം അവസ്ഥയിൽനിന്നാണ് നമ്മുടെ കേരളത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ വിജയിച്ച മുന്നോട്ടുപോകുന്നത്. പഞ്ചായത്തുകൾ പരിശോധിച്ചാൽ നിലവിലെ ആശുപത്രി സംവിധാനങ്ങൾ എത്രമാത്രം മെച്ചപ്പെട്ടുവെന്ന് മനസ്സിലാക്കാം. താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ലോകത്തിനുതന്നെ

മാതൃകയായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായാണ് ഇത്തരം പകർച്ച വ്യാധികളെ തടയുന്ന തരത്തിലേയ്ക്ക് മാറാനുള്ള സംവിധാനങ്ങളും അതിനനുസൃതമായി മാറ്റങ്ങൾ വരുത്താനും കഴിഞ്ഞത്.

ഡോ. സുജിത് വിജയൻപിള്ള: സർ, നേരത്തെ വേണുവിന്റെ മരണത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. വേണു ചവറ മണ്ഡലത്തിലെ പന്മന പഞ്ചായത്തിലെ പന്മനമനയിൽ വാർഡിലാണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് ഞാൻ ഫേസ്ബുക്കിൽ ഒരു കുറിപ്പിടുകയുണ്ടായി. വേണുവിന്റെ മരണത്തിൽ അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും പരിശോധിക്കേണ്ടതും കുറ്റക്കാരെ സമൂഹത്തിന് മുന്നിൽ കൊണ്ടുവരേണ്ടതും മാതൃകാപരമായി ശിക്ഷിക്കേണ്ടതുമാണെന്നാണ് ഞാൻ ഫേസ്ബുക്ക് പോസ്റ്റിൽ വിശദമാക്കിയത്. അതിനോടൊപ്പം ഞാൻ മെഡിക്കൽ കോളേജിന്റെ അധികൃതർ എന്താണ് പറഞ്ഞിരിക്കുന്നതെന്നും വ്യക്തമാക്കിയിരുന്നു. അത് ഗവൺമെന്റിന്റെയോ വകുപ്പിന്റെയോ എന്റെയോ അഭിപ്രായമായിട്ടല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മെഡിക്കൽ കോളേജ് അധികൃതർ ഇന്ന

കാരണങ്ങൾകൊണ്ടാണ് ആൻജിയോഗ്രാം ചെയ്യാതിരുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. വേണു അഡ്മിറ്റ് ആയത് അഞ്ച് ദിവസമാണ്. ഈ അഞ്ച് ദിവസത്തിൽ ഓരോ ദിവസവും ഏതാണ്ട് 16 മുതൽ 30 വരെ ആൻജിയോഗ്രാം, ഇലക്ടീവ് ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ ചെയ്തിട്ടുണ്ട്. എന്തുകൊണ്ട് വേണുവിനെ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചെയ്തില്ല എന്നതാണ് സമൂഹത്തിന് മുന്നിലുള്ള ചോദ്യം. അതല്ലെങ്കിൽ എമർജൻസിയായി ജില്ലാ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ എന്തുകൊണ്ട് അവിടെ ത്രോംബോലൈസിസ് ചെയ്തില്ല; അവിടെ അതിനുള്ള സാഹചര്യം ഉണ്ടായിരുന്നോ ഇല്ലായിരുന്നോ ഇതല്ലേ ചോദ്യം? ഗവൺമെന്റിന്റെ മുമ്പിൽ വന്ന അന്വേഷണ റിപ്പോർട്ടിൽ ഇതൊന്നും വ്യക്തമല്ല, അവ്യക്തമായിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റ് വീണ്ടും അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസുമായും ബന്ധപ്പെട്ട സൂപ്രണ്ടുമായും ഡി.എം.ഇ.-യുമായും ഞാൻ നിരവധി തവണ

സംസാരിച്ചിട്ടുണ്ട്. ആ കുടുംബത്തിന് നീതി ലഭിക്കണം. ഇതെല്ലാം പൊതുസമൂഹത്തിന്റെ ആവശ്യമാണ്. ഈ സംഭവത്തെ ഒരു വ്യക്തിക്കെതിരെയോ ഒരു എം.എൽ.എ.-ക്കെതിരെയോ ഒരു സർക്കാരിനെതിരെയോ തിരിച്ചുവിടാൻ നടത്തുന്ന ശ്രമങ്ങൾ വേണുവിന്റെ കുടുംബത്തിന് ലഭിക്കേണ്ട നീതി വൈകിപ്പിക്കും മാത്രമല്ല അതിന്റെ ഫോക്കസും നഷ്ടപ്പെടുമെന്നാണ് സൂചിപ്പിക്കാനുള്ളത്. വേണുവിന്റെ കുടുംബത്തിനുണ്ടായ നഷ്ടം എന്ത് നൽകിയാലും പരിഹരിക്കാൻ സാധിക്കുന്നതല്ലെന്നാണ് എനിക്ക് ആവർത്തിച്ച് ഈ സഭയോട് പറയാനുള്ളത്, നിരന്തരം ഓരോ ആവശ്യങ്ങൾക്കും എന്നെ വിളിച്ചിരുന്ന വേണുവിനെ നേരിട്ട് കണ്ടിട്ടില്ലെങ്കിലും ഫോണിലൂടെ സംസാരിച്ച പരിചയമുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ, അങ്ങയ്ക്ക് അനുവദിച്ച സമയമാണ് നഷ്ടപ്പെടുന്നത്.

ശ്രീ. ഇ. കെ. വിജയൻ: ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്

അദ്ദേഹത്തിന്റെ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന് വഴങ്ങിയതെന്ന് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയാണ്. ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത് അനുസരിക്കും.

ആരോഗ്യ മേഖലയിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് പരിഹരിക്കേണ്ടത് പൊതുസാമൂഹത്തിന്റെ ആവശ്യമാണ്. എം.എൽ.എ.-മാർ ഉൾപ്പെടെ എല്ലാവരും അത് ശ്രദ്ധിക്കേണ്ടതാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ അത് ഉന്നയിച്ച് കേരളത്തിലെ ആരോഗ്യ മേഖലയെ തകർക്കുന്ന നിലപാട് സ്വീകരിക്കുന്ന സമീപനത്തോട് യോജിപ്പില്ല. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഇക്കാര്യത്തിൽ വേണ്ടിയിരുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ ലഭിക്കാതെ ബിസ്മിർ എന്ന യുവാവ് മരണപ്പെടാൻ ഇടയായ സാഹചര്യം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി.

വിഷ്ണുനാഥ് അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

ഇത് കേരളത്തിൽ ഒറ്റപ്പെട്ട സംഭവമല്ല. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ പ്രസവത്തെത്തുടർന്ന് അണുബാധയേറ്റാണ് ഒരു യുവതി അടുത്തകാലത്ത് മരണപ്പെട്ടത്. ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് ചെയ്യുന്നതിനിടെയാണ് അണുബാധയേറ്റ് രണ്ട് ആളുകൾ മരണപ്പെട്ടത്. ബഹുമാനപ്പെട്ട ചവറ മണ്ഡലത്തിലെ എം.എൽ.എ. ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ പന്മന സ്വദേശിയായ ഓട്ടോ ഡ്രൈവർ വേണു ചികിത്സ ലഭിക്കാതെയാണ് മരണപ്പെട്ടത്. ഇങ്ങനെ ചികിത്സ ലഭിക്കാതെ മരണപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുന്നു. ചികിത്സാ പിഴവുമൂലം മരണപ്പെടുന്നവരുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വർധിച്ചുവരികയാണ്. അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരു വർഷത്തിനിടെ 62 പേരാണ് മരണപ്പെട്ടത്. ഒരു പ്രതിരോധ നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് സർജറിക്കുശേഷം ഗൈഡ് വയർ

രോഗിയുടെ നെഞ്ചിനകത്താണ് വച്ചത്. വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവ ചികിത്സയ്ക്കെത്തിയ യുവതിയുടെ ശരീരത്തിൽ രണ്ടര മാസത്തിനുശേഷമാണ് തുണികഷണം കണ്ടെത്തിയത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജറിക്കുശേഷം കത്രിക വയറ്റിൽ കുടുങ്ങിയ സംഭവം എല്ലാവരെയും ഞെട്ടിച്ചതാണ്, 12 സെന്റിമീറ്റർ നീളവും 6 സെന്റിമീറ്റർ വീതിയുമുള്ള കത്രിക മൂന്ന് സിസേറിയനുശേഷം അഞ്ചുവർഷം കഴിഞ്ഞ് ഒരു മേജർ ഓപ്പറേഷനിലൂടെയാണ് ഇപ്പോൾ പുറത്തെടുത്തത്. അതെന്ത് ഭയാനകമാണ്. എത്രമാത്രം വേദന ആ സഹോദരി സഹിച്ചുകാണും. അഞ്ച് വർഷക്കാലം ഒരു കത്രിക വയറ്റിൽ സൂക്ഷിച്ച് ഇത്രയധികം വേദന സഹിച്ചിട്ട് ഒരു നയാപൈസയുടെ നഷ്ടപരിഹാരം ഗവൺമെന്റ് നൽകിയില്ല. ഇന്ന് ഇവർക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മന്ത്രിയുടെ വസതിക്ക് മുമ്പിൽ സമരം നടക്കുകയാണ്. കാൽമുട്ടിന് സർജറിക്ക് പോയാൽ മൂക്കിനാണ് സർജറി ചെയ്യുന്നത്. ഇടതുകാലിന് സർജറിക്ക് പോയാൽ വലത് കാലിനാണ് സർജറി ചെയ്യുന്നത്. ഇതൊക്കെ

നിത്യസംഭവമാണ്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്ക് പോയ നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടിയുടെ ഒരു വിരലല്ല, വലത് കൈയാണ് നഷ്ടപ്പെട്ടത്. ചികിത്സാപിഴവുമൂലം നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടിയുടെ വലത് കൈ നഷ്ടപ്പെട്ടു. ഇത് കേരളത്തിൽ നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സംഭവങ്ങളുടെ നീണ്ടപട്ടിക വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിന്റെ പട്ടിക പരിശോധിക്കണമെങ്കിൽ മന്ത്രി റിപ്പോർട്ട് തേടിയ സംഭവങ്ങൾ എത്രയുണ്ടെന്ന് പരിശോധിച്ചാൽ മതിയാകും. റിപ്പോർട്ട് തേടിയെന്ന് പറയാറുണ്ട്, ഒരു റിപ്പോർട്ടും ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. ഒരു സംഭവമുണ്ടായാൽ റിപ്പോർട്ട് തേടാമെന്ന് പറയും. ഏതൊക്കെ റിപ്പോർട്ട് തേടി; എന്ത് ആക്ഷനുണ്ടായി? ഈ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടാകുമെന്ന് പറയും, എന്നാൽ ഒന്നും ഉണ്ടായില്ല. മന്ത്രി റിപ്പോർട്ട് തേടിയശേഷവും ഈ സംഭവങ്ങൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ശസ്ത്രക്രിയ കഴിഞ്ഞാൽ അതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഒന്നും പുറത്തുവയ്ക്കരുതെന്ന നിർദേശം കൂടി ആരോഗ്യവകുപ്പ്

നൽകിയിട്ടുണ്ടോയെന്നാണ് സംശയം. കാരണം, എല്ലാ ഉപകരണങ്ങളും കത്രിക, വയർ, തുണികഷണം തുടങ്ങിയവയെല്ലാം രോഗിയുടെ ശരീരത്തിനകത്താണ് വയ്ക്കുന്നത്. ഇങ്ങനെയൊരു നിർദേശം ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോയെന്ന സംശയമാണ് എനിക്കുള്ളത്. ഇക്കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണോയെന്ന് പരിശോധിക്കണം. 'നമ്പർ വൺ കേരളം' എന്ന് പറയുമ്പോൾ ഇതാണ് ദിവസേന കേട്ടുകൊണ്ടിരിക്കുന്നത്. വിശദീകരിക്കാൻ ധാരാളമുണ്ട്, സമയക്കുറവുകൊണ്ട് മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിന്റെ വിഷയങ്ങൾ ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ. നിരന്തരമായി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ മെഡിക്കൽ കോളേജിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ? അവിടെ രാത്രികാല പോസ്റ്റ്മോർട്ടം വേണമെന്നത് വർഷങ്ങളായിട്ടുള്ള മുറവിളിയാണ്. ആ മുറവിളിക്കുശേഷം രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിച്ചു. എന്നിട്ട് പോസ്റ്റ്മോർട്ടത്തിനുണ്ടായിരുന്ന ഡോക്ടറെ സ്ഥലം മാറ്റി. അതിനുപകരം

ഡോക്ടറെ നിയമിച്ചില്ല. പിന്നീട് രാത്രികാല പോസ്റ്റ്മോർട്ടം ഇല്ലാതായി. അവിടെ മോർച്ചറി സൗകര്യം ഒരുക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപയാണ് അദ്ദേഹം നൽകിയത്. സ്വന്തം ഫണ്ടിൽനിന്ന് പണം നൽകി ആധുനിക സൗകര്യമുള്ള മോർച്ചറി അവിടെ നിർമ്മിച്ചു. എന്നിട്ടും രാത്രികാല പോസ്റ്റ്മോർട്ടം നിർത്തിവച്ചു. ഇവിടെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ കാര്യം പ്രിയപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് സ്ഥിരമായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. 2013-ൽ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. അന്ന് കെട്ടിടം നിർമ്മിച്ചു. എന്നാൽ ഈ ഗവൺമെന്റ് വന്ന ശേഷം ഒരു നയാ പൈസ കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി അനുവദിച്ചില്ല. എത്രതവണയാണ് അവിടുത്തെ എം.എൽ.എ. സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത് എനിക്കറിയില്ല. എന്നിട്ട് പോലും അവഗണനയാണ് ഈ മെഡിക്കൽ കോളേജിനോട് ഈ ഗവൺമെന്റ് കാണിക്കുന്നത്. ആരോഗ്യ രംഗത്ത് കാര്യമായി വേണ്ടത് എന്താണ്? ഡോക്ടർമാരും ജീവനക്കാരും വേണം. അടുത്ത കാലത്തായി

പൊതുജനാരോഗ്യ സേവനങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം രൂക്ഷമായ സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ, സർക്കാർ ഉത്തരവ് നമ്പർ 436/2025 എച്ച്.&എഫ്.ഡബ്ല്യു.ഡി. തീയതി 23-12-2025 പ്രകാരം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ വിവിധ വിഭാഗം ഡോക്ടർമാരുടെ 202 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കി. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണം ഏറ്റവും പരിമിതമായ കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല മലപ്പുറമാണ്. ആ ജില്ലയിൽ നാല് തസ്തിക മാത്രമാണ് അനുവദിച്ചത്. 202 തസ്തിക പുതിയതായി അനുവദിച്ചപ്പോൾ നാല് തസ്തികയാണ് അനുവദിച്ചത്. എന്ത് അവഗണനയാണ് കാണിക്കുന്നത്? മലപ്പുറം ജില്ലയിലെ ജനങ്ങൾ നികുതി നൽകുന്നവരല്ലേ? ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും 16 അംഗങ്ങളെ ഈ സഭയിലേക്ക് തിരഞ്ഞെടുത്തതുമായ ജില്ലയാണ്. അവരുടെ പേര് നോക്കിയിട്ടാണോ ഈ വിവേചനം കാണിച്ചതെന്ന് എനിക്കറിയില്ല. ഏതായാലും ഈ നടപടി തിരുത്തണം. മലപ്പുറം ജില്ലയിലേക്കാവശ്യമായ

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പാണക്കാട് അബ്ബാസലി ശിഹാബ് തങ്ങളും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. അബ്ദുൽ ഹമീദും നേതൃത്വം നൽകുന്ന ജില്ലാ മുസ്ലീം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഡി.എം. ഓഫീസിലേക്ക് മാർച്ച് നടത്തി. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പേര് പറ്റാത്തതുകൊണ്ടാണോ എന്നറിയില്ല, ഏതായാലും അതിനൊരു നടപടി ഉണ്ടായിട്ടില്ല. മുസ്ലീം യൂത്ത് ലീഗിന്റെ മലപ്പുറം നിയോജക മണ്ഡലം കമ്മിറ്റിയും ഈ ആവശ്യമുന്നയിച്ച് ഉപരോധ സമരമുൾപ്പെടെ സംഘടിപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് കാണിക്കുന്ന അവഗണനയ്ക്കെതിരായി മലപ്പുറം ജില്ലയിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു കാര്യം; മലപ്പുറം ജില്ലാ ആസ്ഥാനത്തുള്ള താലൂക്ക് ആശുപത്രി ബഹുമാനപ്പെട്ട മന്ത്രി പലതവണ സന്ദർശിച്ചതാണ്, അവിടെ ശോചനീയാവസ്ഥയിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് PMJVK ( Pradhan Mantri Jan Vikas

Karyakram) പദ്ധതിയിൽ 9 കോടി 72 ലക്ഷം രൂപ അനുവദിച്ചു. ടി പദ്ധതിയിൽ അനുവദിച്ച പണം ഇതുവരെ ഉപയോഗപ്പെടുത്താൻ സാധിച്ചില്ല. അതിന്റെ സാങ്കേതിക തടസ്സമായി പറയുന്നത് സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം ചേർന്നില്ലെന്നതാണ്. എസ്.എൽ.ഇ.സി. മീറ്റിങ് വിളിച്ചുചേർക്കേണ്ടത് ചീഫ് സെക്രട്ടറിയാണ്. അദ്ദേഹം അധ്യക്ഷനായുള്ള എസ്.എൽ.ഇ.സി. മീറ്റിംങ് വിളിച്ചുചേർത്ത് 9 കോടി 72 ലക്ഷം രൂപയുടെ കെട്ടിടം മലപ്പുറം ആശുപത്രിക്കായി നിർമ്മിക്കണമെന്ന നിർദേശം നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നും ഇക്കാര്യം മന്ത്രിക്ക് നേരിട്ട് ബോധ്യപ്പെട്ടതാണെന്നുംകൂടി ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. മിക്കവാറും എല്ലാ പി.എച്ച്.സി.-കളുടെയും സി.എച്ച്.സി.-കളുടെയും സ്ഥിതിവിശേഷം ഇതാണ്. ആരോഗ്യരംഗത്ത് വലിയ പരാജയമാണ് യഥാർഥത്തിൽ നമ്മുടെ സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യത്തിന് മരുന്നില്ല, പാരാമെഡിക്കൽ സ്റ്റാഫില്ല തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നമ്മുടെ സർക്കാർ ആശുപത്രികളെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. സമയക്കുറവുകാരണം ഞാൻ അതിന്റെ

വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

മറ്റൊരു പ്രധാനപ്പെട്ട കാര്യം; ഡോക്ടർമാരുടെ അടിയന്തരമായ ആവശ്യങ്ങൾ, അവരുടെ സേവന വേതന വ്യവസ്ഥകൾ അതത് ഘട്ടങ്ങളിൽ കാലോചിതമായി പരിഷ്കരിക്കണം എന്നതാണ്, അവർ സമരമുഖത്തേക്ക് പോകുകയാണ്. ഡോക്ടർമാർ സമരരംഗത്തേക്ക് ഇറങ്ങിയാൽ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് പൊതുജനങ്ങളായ രോഗികളാണെന്ന കാര്യംകൂടി നമ്മൾ ഓർക്കണം. ഡോക്ടർമാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന നിസ്സഹകരണ സമരത്തിൽനിന്നും മാറി അടുത്തമാസം മുതൽ പൂർണമായ സമരത്തിലേക്ക് നീങ്ങാൻ പോകുകയാണ്. ആ സമരം തുടങ്ങുന്നതിനുമുമ്പ് അവർ ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാനും ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ച് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ:</u> സർ, Washington Irving-ന്റെ പ്രശസ്തമായ ചെറുകഥയിൽ നീണ്ട ഇരുപത് വർഷം ഉറങ്ങിപ്പോകുന്ന ഒരു കഥാപാത്രമുണ്ട്

Rip Van Winkle. ഇവിടെ ഒൻപതേമുക്കാൽ വർഷമായി ഉറങ്ങുകയോ ഉറക്കം നടിക്കുകയോ ചെയ്യുന്ന Rip Van Winkle-മാർ സ്വന്തം നാട്ടിലേക്ക് ഒന്ന് കണ്ണുതുറന്നുനോക്കിയാൽ മതി, ഇന്ത്യയിൽ ആരോഗ്യരംഗത്ത് അഭിമാനത്തോടെ തലയുയർത്തി ഒന്നാമത് നിൽക്കുന്ന നാടിന്റെ പേര് കേരളമെന്നാണെന്ന് അഭിമാനത്തോടെതന്നെ പറയാൻ കഴിയും. ആധുനിക കേരളം രൂപപ്പെട്ടതിനുശേഷം ആരോഗ്യ രംഗത്തുണ്ടായ മാറ്റങ്ങളിൽ കേരളമൊന്നാകെ അതിനെ കെട്ടിപ്പടുക്കാൻ നിന്നിട്ടുണ്ട്. പക്ഷേ താരതമ്യങ്ങൾ പറയുമ്പോൾ അതിൽ പൊള്ളിയിട്ട് കാര്യമില്ല. യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായ നേട്ടങ്ങളെയും എൽ.ഡി.എഫ്.-ന്റെ കാലത്തെ നേട്ടങ്ങളെയും ചുരുങ്ങിയ കണക്കുകൾകൊണ്ട് നോക്കാം. ആരോഗ്യ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അടിസ്ഥാനസൗകര്യ വികസനമാണ്. യു.ഡി.എഫ്. ചെലവാക്കിയില്ല എന്നല്ല, യു.ഡി.എഫ്.-ന്റെ കാലത്ത് 20,011 കോടി രൂപ ചെലവാക്കിയെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് ചെലവാക്കിയ തുക 51,250 കോടി രൂപയാണെന്നത് ആർക്കെങ്കിലും കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? യു.ഡി.എഫ്.-ന്റെ കാലത്ത് ജില്ലാ

ആശുപത്രികളിലെ കാത്ത് ലാബുകൾ പൂജ്യം, എൽ.ഡി.എഫ്. വന്നപ്പോൾ ജില്ലാ ആശുപത്രികളിൽ 13 കാത്ത് ലാബുകൾ ആരംഭിച്ചു. മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച കാത്ത് ലാബുകളുടെ എണ്ണം 13 ആണ്. വൃക്കരോഗികളുടെ എണ്ണം ഏറ്റവും കൂടുതൽ വർധിക്കുന്ന നാടാണ് കേരളം. യു.ഡി.എഫ്.-ന്റെ കാലത്ത് ഡയാലിസിസിന് സൗകര്യമുള്ള ആശുപത്രികളുടെ എണ്ണം പൂജ്യം, ഇന്ന് കേരളത്തിൽ ഡയാലിസിസിന് സൗകര്യമുള്ള സർക്കാർ ആശുപത്രികളുടെ എണ്ണം 108. ഇന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങൾ 885, ജനകീയാരോഗ്യ കേന്ദ്രങ്ങൾ 5196. നാൽപതും അൻപതും ലക്ഷം രൂപ ചെലവുവരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അമ്മയ്ക്കും അച്ഛനും വേണ്ടി പണം വേണമെന്ന് പറഞ്ഞ് പാട്ട് പാടുകയും കൈ നീട്ടുകയും ചെയ്യുന്ന ബാല്യകൗമാരങ്ങളെ യാത്ര ചെയ്യുമ്പോൾ വഴിയോരത്ത് നമുക്ക് കാണാം. അവരുടെ മഹാസങ്കടങ്ങൾ കാണുന്നവരാണ് നമ്മൾ. അഭിമാനത്തോടെ പറയാം; 2022 ഫെബ്രുവരിയിൽ ഈ രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി 40 ലക്ഷത്തോളം രൂപ ചെലവുവരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ

കോളേജിന്റെ പേര് കോട്ടയം മെഡിക്കൽ കോളേജ് എന്നാണ്, ആ നാടിന്റെ പേര് കേരളമെന്നാണ്. നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസനവകുപ്പുമന്ത്രി ചുമതലയേറ്റെടുത്തത് കോവിഡ് രണ്ടാം തരംഗത്തിന്റെ ഘട്ടത്തിലാണ്. പകർച്ചവ്യാധി വ്യാപനത്തെ നമുക്ക് പിടിച്ചുനിർത്താൻ കഴിഞ്ഞില്ലേ. ലോകത്താകെ നിപ ഔട്ട് ബ്രേക്കിന്റെ മരണനിരക്ക് എഴുപത് ശതമാനത്തിനും തൊണ്ണൂറ് ശതമാനത്തിനും ഇടയിലാണെങ്കിൽ അതിനെ മുപ്പത്തിമൂന്ന് ശതമാനമാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞു. അമീബിക് മസ്തിഷ്ക ജ്വരം 99 ശതമാനമാണ്, അമീബിക് മസ്തിഷ്ക ജ്വരവും ആസ്പർജില്ലസ് ഫ്ലാവസും കൂടി ഒരുമിച്ച് ബാധിച്ച ഒരു പതിനേഴ് വയസ്സുകാരനെ ലോകത്താദ്യമായി മരണത്തിൽനിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന നാടിന്റെ പേരും കേരളമെന്നാണ്. റാന്നി നിയോജക മണ്ഡലത്തിലെ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നാടിന്റെ ചരിത്രത്തിലാദ്യമായി ശബരിമലയിലെ തീർത്ഥാടകർക്കായി 8.5 കോടി രൂപയ്ക്ക് നിലയ്ക്കലിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കാൻ തീരുമാനിച്ച ആരോഗ്യമന്ത്രിയുടെ പേര് ശ്രീമതി വീണാ

ജോർജ്ജ് എന്നാണ്, ആ തീരുമാനമെടുത്ത സർക്കാരിന്റെ പേര് എൽ.ഡി.എഫ്. എന്നാണ്. പെരുനാട്ടിൽ കിടത്തി ചികിത്സ, എഴുമറ്റൂരിൽ പുതിയ ആശുപത്രി, വെച്ചൂച്ചിറയിൽ 4 കോടി രൂപയുടെ ആശുപത്രി, പത്തനംതിട്ട ഉൾപ്പടെ കോന്നിയിൽ മെഡിക്കൽ കോളേജ് എന്നിങ്ങനെ വലിയ മാറ്റമാണ് കേരളത്തിലുണ്ടായത്. അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, മലയിൻകീഴ് വിളപ്പിൽശാല ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ ലഭിക്കാതെ പി. ബിസ്മീർ എന്നയാൾ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ചുള്ള ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് വീഴ്ച/പാളിച്ചകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് അടിയന്തരമായി മുന്നോട്ടുവരണമെന്നാണ് എനിക്ക് ആദ്യമായി ആവശ്യപ്പെടാനുള്ളത്. ഈ കുടുംബത്തിന്റെ ഏക ആശ്രയം ബിസ്മീർ ആയിരുന്നു. ഇവിടെ

ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ ഭാര്യയും രണ്ടുകുഞ്ഞുങ്ങളും നിരാലംബരായിരിക്കുകയാണ്. അന്വേഷണം നടത്തുന്നു, റിപ്പോർട്ടുകളൊന്നും വരുന്നില്ല, നമ്മൾ നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് പോകുന്നു, ആ കുടുംബം വഴിയാധാരമാകുന്നു. അടിയന്തര പരിഗണന നൽകി ഈ കുടുംബത്തെ സംരക്ഷിക്കാനുള്ള നടപടിക്ക് ഗവൺമെന്റ് തയ്യാറാകണമെന്നാവശ്യപ്പെടുകയാണ്. അവർക്ക് കൊടുക്കാൻ കഴിയുന്ന ഒരു തുക കൊടുത്ത് ആ കുടുംബത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഇതുപോലെയുള്ള സംഭവങ്ങൾ നിരന്തരമായി ആവർത്തിക്കപ്പെടുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഏറ്റവും അവസാനത്തെ വീഴ്ചയും ചൂണ്ടിക്കാണിക്കുമ്പോൾ കേരളം ഒന്നാംസ്ഥാനത്താണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ഭരണമുന്നണിയോട് ഞാൻ വളരെ വിനയപുരസരം പറയുകയാണ്, സമീപ സമയത്തുണ്ടായ എല്ലാ മാധ്യമ വിലയിരുത്തലുകളും കേരളത്തിന്റെ ആരോഗ്യമേഖല തകർച്ചയിലേക്ക് പോകുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഗവൺമെന്റ് അത് ഗൗരവമായി കാണണമെന്ന്

ഞങ്ങൾ അഭ്യർഥിക്കുകയാണ്. ഡോ. കെ. എ. കമ്മാപ്പയുടെ 'കേരളത്തിലെ ആരോഗ്യരംഗം അപകട മുനമ്പിൽ' എന്ന ശ്രദ്ധേയമായ ലേഖനം സമീപസമയത്ത് വരികയുണ്ടായി. തകർന്ന് തറപറ്റിയ സിസ്റ്റം... മെഡിക്കൽ കോളേജുകളിൽ കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് പറയുകയുണ്ടായി. അവിടെ കൊടുക്കാനുള്ള തുകയായ 154 കോടി രൂപ കൊടുക്കാത്തതുകൊണ്ട് സർജറിയുൾപ്പെടെ മുടങ്ങിക്കൊണ്ടിരിക്കുന്ന റിപ്പോർട്ട് ഈ സമീപ ദിവസങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. സർജറി മുടങ്ങുന്നുവെന്ന് മാത്രമല്ല, സർജറിക്കാവശ്യമായ എല്ലാ കാര്യങ്ങളും പുറത്തുനിന്നും വാങ്ങിക്കൊണ്ടുവരേണ്ട ഗതികേട് കോട്ടയം മെഡിക്കൽ കോളേജിൽപ്പോലും ഉണ്ടാകുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട റൈറ്റ്അപ്പ് സമീപ ദിവസങ്ങളിൽ ഭരണ-പ്രതിപക്ഷ മുന്നണി ഭേദമന്യേ എല്ലാവരും കണ്ടതാണ്. മെഡിക്കൽ കോളേജുകളിൽപ്പോലും ഈ അവസ്ഥ വന്നാൽ, നമ്മുടെ ആരോഗ്യ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ എന്ന നിലയിലേക്ക് ആശുപത്രികൾ മാറിയെന്നുപറയുന്ന ഈ കാലഘട്ടത്തിൽ, മരുന്നില്ലാത്ത അവസ്ഥ,

ശസ്ത്രക്രിയ ചെയ്യാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടുകൾ ഇതെല്ലാം പാവപ്പെട്ട മനുഷ്യർ അനുഭവിക്കേണ്ടിവരികയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ആത്മാർഥമായ ഒരു പരിശോധനയ്ക്ക്, വിലയിരുത്തലിന് തയ്യാറാകണമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്.

രണ്ടുദിവസംമുമ്പ് എന്റെ മണ്ഡലത്തിലെ മരങ്ങാട്ടുപിള്ളി ഹോസ്പിറ്റലിൽ പോകാനിടയായി. അവിടെ ഫാമിലി ഹെൽത്ത് സെന്ററാക്കി അപ്ഗ്രേഡ് ചെയ്ത് മുറികളൊക്കെ സജ്ജമാക്കിയപ്പോൾ രാവിലെ ഡ്യൂട്ടിക്കെത്തുന്ന ഡോക്ടർ ഉച്ചയ്ക്ക് പോകുന്ന അവസ്ഥയാണ്. രാവിലെ ഒരു ഇൻജക്ഷൻ എടുത്ത രോഗിക്ക് വൈകുന്നേരം വീണ്ടും ഒരു ഇൻജക്ഷൻകൂടി എടുക്കണമെങ്കിൽ മറ്റേതെങ്കിലും ഗവൺമന്റ് ആശുപത്രിയിലോ അല്ലെങ്കിൽ പ്രൈവറ്റ് ആശുപത്രിയിലോ പോകണം. ആരോഗ്യ രംഗത്ത് കേരളം പിടിച്ചുനിന്നതിന്റെ പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രാഥമിക ചികിത്സ സമയത്ത് കൊടുത്തിരുന്നുവെന്നുള്ളതാണ്. ഇന്ന് FHC ആയി

മാറ്റിക്കഴിഞ്ഞപ്പോൾ അവിടെ ആ ഒരു അവസ്ഥയില്ല. അവിടെയെത്തുന്നവർ അനാഥമായി തിരിച്ചുപോകേണ്ട അവസ്ഥയാണ്, അല്ലെങ്കിൽ അടുത്ത ആശുപത്രിയിൽ പോകേണ്ട സ്ഥിതിയാണുള്ളത്. മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ട് നൽകുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിലെ കുറവിലങ്ങാട് ആശുപത്രി സന്ദർശിച്ചിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ ആദ്യത്തെ ബജറ്റിൽ കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് ഒരു പ്രോജക്ട് കിഫ്ബിയിലുൾപ്പെടുത്തിയിരുന്നു. കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നോഡൽ ഏജൻസി ഹൗസിങ് ബോർഡായിരുന്നു. ഒൻപതര വർഷമായിട്ടും തീരുമാനമുണ്ടായിട്ടില്ല. ഇങ്ങനെ ഒരു ഗതികേടിൽ നമ്മുടെ നാട് എത്തിച്ചേർന്നുവെന്ന് പറയുമ്പോൾ ചികിത്സ സമയത്ത് കിട്ടാത്തതിന്റെ പേരിലും ചികിത്സയിൽ വീഴ്ചകൾ സംഭവിക്കുന്നതിന്റെ പേരിലും നിരന്തരമായുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മൾ ഗൗരവമായി കാണേണ്ടതാണ്. കേരളമുണ്ടായ കാലം മുതൽ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമാണ് ഏറ്റവും കൂടുതൽ സെക്കുറൽ

അലോട്ട്മെന്റ് ബജറ്റിൽ കൊടുത്തിട്ടുള്ളത്. കാലാകാലങ്ങളിലിരുന്ന ഗവൺമെന്റുകൾ മുഖ്യപരിഗണന കൊടുത്താണ് ആരോഗ്യ മേഖലയെ സംരക്ഷിച്ചിരുന്നത്. ഇപ്പോൾ പരാജയത്തിലേക്ക് പോയ ഈ സാഹചര്യത്തിൽനിന്നും കരകയറാൻ, ജനങ്ങളെ രക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കേരളത്തിന്റെ പൊതുജനാരോഗ്യരംഗം ലോകത്തിന് മാതൃകയായി നിൽക്കുന്ന നിറവിലാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ പറ്റൂ എന്ന പഴഞ്ചൊല്ല് യാഥാർഥ്യമാക്കുന്ന രീതിയിൽ ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങളും പശ്ചാത്തലസൗകര്യങ്ങളും ചികിത്സാ സംവിധാനങ്ങളും നൽകുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. നമ്മുടെ മുമ്പിൽ കോവിഡും നിപയും വന്നു. ഇത്ര വലിയ ആരോഗ്യ പ്രതിസന്ധിയെ കേരളം എങ്ങനെ കൈകാര്യം ചെയ്തുവെന്ന് ലോകം ചർച്ച ചെയ്ത കാര്യമാണ്. കൃത്യവും ആസൂത്രിതവുമായി ആധുനിക വൈദ്യശാസ്ത്രത്തിന്റെ അനന്തസാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള

കോവിഡ് പ്രതിരോധ പ്രവർത്തനം ലോകം ശ്രദ്ധിക്കുന്ന ഒന്നായി മാറി. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കോവിഡ് വന്നപ്പോൾ 50 വയസ്സ് കഴിഞ്ഞവർക്ക് ആശുപത്രികളിൽ 'നോ അഡ്മിഷൻ' എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ കേരളത്തിൽ അങ്ങനെയായിരുന്നില്ല. 90 വയസ്സുള്ള വൃദ്ധർക്കടക്കം ചികിത്സ ലഭ്യമാക്കി തിരികെ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ അവരെ ചികിത്സിച്ച ആരോഗ്യപ്രവർത്തകരെ ആദരിച്ച സംസ്ഥാനമായിരുന്നു നമ്മുടെ കേരളം. ഇന്നും അത് തുടരുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ആ മഹാമാരിയെ നമുക്ക് തുരത്താൻ കഴിഞ്ഞിട്ടുള്ളത്. ബി.ജെ.പി.-യും കോൺഗ്രസ്സുമൊക്കെ ഭരിച്ച പല സംസ്ഥാനങ്ങളിലെയും സ്ഥിതി നമ്മൾ കണ്ടതാണ്. യു.പി.യിൽ 150-ലധികംവരുന്ന നവജാതശിശുക്കൾ ഓക്സിജൻ ലഭിക്കാതെ മരണപ്പെട്ടപ്പോൾ കോൺഗ്രസ്സിന്റെ അഭിപ്രായം എന്തായിരുന്നു; ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ കോൺഗ്രസ് തയ്യാറാകുന്നുണ്ടോ? കോവിഡ് പ്രതിരോധ കാലഘട്ടം മാത്രം പരിശോധിച്ചാൽ അറിയാം.

ചാണകം ദേഹത്തു തേയ്ക്കാനാണ് പറഞ്ഞത്. ടെറസ്സിന്റെ മുകളിൽ പോയി പാത്രം കൊട്ടുമ്പോൾ ആ ശബ്ദം കേട്ട് രോഗാണു പറന്നുപോകുന്നത് ടോർച്ച് വെളിച്ചത്തിൽ കാണാം എന്ന് പറഞ്ഞത് നാം കേട്ടതല്ലേ. കേരളത്തിൽ ഓരോ വ്യക്തിക്കും ഇഷ്ടപ്പെട്ട ബ്രാഞ്ചസ് ഓഫ് മെഡിസിൻ തിരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്. ഹോമിയോയും അലോപ്പതിയും സിദ്ധയുമുണ്ട്. എവിടെ പോകണമെങ്കിലും അതിന് പ്രത്യേകമായ സംവിധാനം ഏറ്റവും താഴേത്തട്ടിൽ വരെയുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ ആവശ്യമായ ആധുനിക ഉപകരണങ്ങളും പശ്ചാത്തലസൗകര്യങ്ങളും കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഒരുക്കിയിട്ടുണ്ട്. കുടുംബം, കുടുംബ ഡോക്ടർ എന്നത് വളരെ വൈകാരികതയാണ് നമുക്കുണ്ടാകുന്നത്. ആ ഒരു കോൺസെപ്റ്റിലാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചത്. യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം വട്ടപ്പൂജ്യമായിരുന്നു. എൽ.ഡി.എഫ്-ന്റെ കാലത്ത് അത് 888 ആണ്. ജനകീയാരോഗ്യ കേന്ദ്രങ്ങൾ യു.ഡി.എഫ്.-ന്റെ കാലത്ത് ഇല്ലായിരുന്നു, ഈ സർക്കാരിന്റെ കാലത്ത്

5416 ആണ്. നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യു.ഡി.എഫ്.-ന്റെ കാലത്ത് 160 എണ്ണമുണ്ടായിരുന്നത് ഇപ്പോൾ 380 ആയി മാറി. ആധുനികതയിലേക്ക് നാം നീങ്ങുകയാണ്. നമുക്ക് ഇ-ഹെൽത്ത് സംവിധാനമുണ്ട്. എല്ലാ സൗകര്യങ്ങളും ഇ-സംവിധാനത്തിലേക്ക് മാറുകയാണ്. ഇ-ഹെൽത്ത് സംവിധാനം യു.ഡി.എഫ്.-ന്റെ കാലത്ത് വലിയ വട്ടപ്പൂജ്യമായിരുന്നെങ്കിൽ നിലവിൽ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി 1072 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു. സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ യു.ഡി.എഫ്. കാലത്ത് 8.3 കോടി മാത്രമായിരുന്നെങ്കിൽ ഇന്ന് നമുക്കറിയാം പതിമൂന്നരക്കോടി മനുഷ്യർക്ക് ഒ.പി. സേവനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാംതന്നെ ഇടതുപക്ഷ സർക്കാരിന്റെ കരുതലോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇതിനകംതന്നെ സംസ്ഥാനത്തെ ആരോഗ്യവകുപ്പ് ലോക/ദേശീയ ശ്രദ്ധ ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് 32-ലധികംവരുന്ന പുരസ്കാരങ്ങൾ കരസ്ഥമാക്കി. ദേശീയം അന്തർദേശീയം എന്നൊക്കെ പറയുന്നത് ഒന്ന് കുറയ്ക്കാമോയെന്നാണ് ഇവിടെ യു.ഡി.എഫ്.-

ന്റെ പ്രതിനിധികൾ സംസാരിക്കുമ്പോൾ പറയുന്നത്. നിങ്ങളുടെ ഭരണകാലത്ത് ദേശീയവുമില്ല അന്തർദേശീയവുമില്ല. എന്നാലിപ്പോൾ സൗകര്യങ്ങളുടെ കാര്യത്തിൽ ലോകം കേരളത്തെ മാതൃകയായി സ്വീകരിക്കുകയാണ്. ശിശുമരണനിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞല്ലോ; 1000 കുട്ടികൾ ജനിക്കുമ്പോൾ അഞ്ചിൽ താഴെ മാത്രം കുട്ടികൾ കേരളത്തിൽ മരണപ്പെടുന്നത് ജനിതകരോഗങ്ങളും വൈകല്യങ്ങളും കൊണ്ടുമാണ്. നമ്മുടെ ഈ നേട്ടത്തിനുമുന്നിൽ അമേരിക്കൻ ഐക്യനാടുകൾ പോലും തല കുനിക്കുകയാണ്. ഇവിടെ ജനിക്കുന്ന ഓരോ കുട്ടിക്കും പരിചരണത്തിനുള്ള അവകാശമുണ്ട്. അതിന്റെ ഭാഗമായി ലോകം നമ്മെ അംഗീകരിക്കും., ചിലപ്പോൾ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിക്കും. കേരളത്തിലെ ആരോഗ്യ വകുപ്പ് ധാരാളം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കൊടുക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതായി നിൽക്കുന്നതിന് കഴിഞ്ഞ മൂന്നുവർഷമായി കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിലെ നേട്ടങ്ങൾക്കുള്ള ആഗോള അംഗീകാരമായി വിക്ടോറിയൻ പാർലമെന്റിൽ

ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി വീണാ ജോർജ്ജിനെ ആദരിച്ചത് 2025-ലാണ്. ഇത് ഞങ്ങൾ അഭിമാനത്തോടെ പറയും. ഞങ്ങളുടെ നേതാവായ, കേരളത്തിലെ ആരോഗ്യവകുപ്പ് ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു വനിത ലോകരാജ്യങ്ങളാൽ അംഗീകരിക്കപ്പെടുകയാണ്. കാഴ്ചപരിമിതർക്കായി സൗജന്യ ചികിത്സ നൽകിയതിന് കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ - 2023 പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. ശിശുമരണനിരക്ക് വികസിതരാജ്യങ്ങളെക്കാൾ കേരളത്തിൽ കുറവാണെന്ന് വെറുത പറയുന്നതല്ല, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (SRS) സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. ആശാധാര പദ്ധതിക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചത് കേരളത്തിനാണ്. കേരളത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-ക്ക് നാഷണൽ ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങൾക്കുള്ള ഇന്ത്യാ ടുഡേ-2022 അവാർഡ് കേരളത്തെ തേടിവന്നു. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (NQAS)

അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനം നമ്പർ വൺ കേരളമാണ്. അത് 2021 മുതൽ തുടർച്ചയായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയതലത്തിൽ NQAS അംഗീകാരം ലഭിച്ച നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ നമ്പർ വൺ കേരളമാണ്. ദേശീയതലത്തിൽ NQAS അംഗീകാരം ലഭിച്ച പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഇന്ത്യാരാജ്യത്ത് കേരളത്തിന് രണ്ടാം സ്ഥാനമുണ്ട്. ഇന്ത്യാ ടുഡേ-യുടെ ഹെൽത്ത്ഗിരി അവാർഡ് കേരളത്തിനാണ്. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ സംരംഭങ്ങൾക്ക് Governance Now ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് നേടിയത് കേരളമാണ്. സംസ്ഥാനത്തിന്റെ നേട്ടങ്ങളെ അംഗീകരിക്കാൻ നമ്മൾ തയ്യാറാകണം. എല്ലാ ജീവനും വിലയുണ്ട്. അതുകൊണ്ടാണ് കേരളത്തിൽ എല്ലാ മനുഷ്യർക്കും ചികിത്സ കിട്ടണമെന്ന് നമ്മുടെ സർക്കാർ ആഗ്രഹിക്കുന്നത്. പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ കൊടുക്കുന്നതിനുവേണ്ടി സർക്കാർ ചെലവഴിക്കുന്ന സംഖ്യ എത്രയെന്ന് പരിശോധിച്ചാൽ 2024-25-ൽ മാത്രം 1498.5 കോടി രൂപയും 2021-22-ൽ

1424.46 കോടി രൂപയും 2022-23-ൽ 1478.38 കോടി രൂപയുമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലം പരിശോധിച്ചാൽ 2011-12-ൽ 139 കോടി രൂപ മാത്രമായിരുന്നു. 2012-13-ൽ 181 കോടി രൂപയും 2013-14-ൽ 108 കോടി രൂപയുമാണ്. കേരളത്തിന്റെ ആരോഗ്യരംഗം ഇപ്പോൾ വളരെ മികച്ചതാണ്. അത് അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഈ ഉപക്ഷേപത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഒരു ക്രിക്കറ്റ് ടെസ്റ്റ് മാച്ച് കാണുന്ന പ്രതീതിയാണ്. രണ്ടുപക്ഷത്തും ആളുകൾ അധികമില്ല. 20-20 മത്സരത്തിനാണെങ്കിലേ ആളുകളുള്ളൂ. ക്രിക്കറ്റ് ആരാധകർ കൂടുതലുള്ള സ്ഥലത്തുനിന്നു വന്നതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. ക്രിക്കറ്റ് ടെസ്റ്റ് മാച്ചിന് കാണികൾ വളരെ കുറവാണ്. രണ്ടുപക്ഷത്തുമായി വേണ്ടത്ര ആളുകളില്ല. അത് ബന്ധപ്പെട്ട പാർലമെന്ററി പാർട്ടികൾ അത് ശ്രദ്ധിക്കണം.

ശ്രീ. എം. രാജഗോപാലൻ: സർ, നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപേക്ഷപം അവതരിപ്പിച്ച ആൾ പോലും സീറ്റിലില്ല. ഒരു

അധരവ്യായാമത്തിനുവേണ്ടി മാത്രമാണ് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപേക്ഷപം അവർ അവതരിപ്പിച്ചത്. ആരോഗ്യമേഖലയിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ട്രഷറി ബെഞ്ചിലെ അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മെഡിക്കൽ കോളേജ് ആശുപത്രിയായാലും മറ്റ് ആശുപത്രികളായാലും മെച്ചപ്പെട്ട സൗകര്യം ഉറപ്പുവരുത്തിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണ ഒരു കാലത്ത് സർക്കാർ ആശുപത്രികളിൽ പോയാൽ നടുവേദന, പല്ലുവേദന, കടച്ചിൽ, തരിപ്പ് എന്നിങ്ങനെ എല്ലാ രോഗത്തിനും ഒരു ചുവപ്പ് നിറത്തിലുള്ള മരുന്ന് വെള്ളമാണ് (കാർബണേറ്റീവ് മിശ്രിതം) ലഭിച്ചിരുന്നത്. കുടിക്കാനും പുരട്ടാനുമെല്ലാം അതുതന്നെയാണ് നൽകിയിരുന്നത്. ചിലയാളുകൾ ലഹരി ലഭിക്കാതെ വരുമ്പോൾ കിക്കുള്ള സാധനമെന്നുള്ള രീതിയിൽ ഉപയോഗിക്കാൻ ആശുപത്രി കമ്പോണ്ടർമാരെ സോപ്പിട്ട് കുറച്ച് മരുന്ന് ചോർത്തിക്കൊണ്ടുപോകും. പിന്നെ ആശുപത്രിയിൽ മരുന്ന് കാണുകയില്ല. ഇന്ന് കേരളത്തിന്റെ അവസ്ഥയെന്താണ്? PHC-കളെല്ലാം

FHC-കളായി. ആരോഗ്യകേന്ദ്രങ്ങളാകെ രോഗീസൗഹൃദ ആശുപത്രികളായി മാറി. മൂന്ന് ഡോക്ടർമാരുടെ സേവനം, ആവശ്യമായ മരുന്ന്, ആവശ്യമായിട്ടുള്ള ഭൗതികസാഹചര്യങ്ങൾ, ആറ് മണി വരെയുള്ള ഡോക്ടർമാരുടെ സേവനം എന്നിങ്ങനെ വളരെ മെച്ചപ്പെട്ട നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യമേഖല മാറിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് എന്തായിരുന്നു? ശവപ്പറമ്പിലെ അസ്ഥിശകലങ്ങൾപോലെ ആരോഗ്യരംഗം വിറങ്ങലിച്ച് കിടക്കുകയായിരുന്നില്ലേ; കുറുന്തോട്ടിക്കായിരുന്നു വാതം. അന്നത്തെ ആരോഗ്യമന്ത്രിയുടെയും സർക്കാരിന്റെയും അവസ്ഥ എന്തായിരുന്നു? അഴിമതി, സ്വജനപക്ഷപാതം ഇതെല്ലാംകൊണ്ട് ആരോഗ്യമേഖലയെ ദുരുപയോഗം ചെയ്യുകയായിരുന്നു. എന്നാൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കഴിഞ്ഞ ഒൻപതേമുക്കാൽ വർഷംകൊണ്ട് ആരോഗ്യമേഖലയെ ആരോഗ്യമുള്ള മേഖലയാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. എന്തെങ്കിലും ചികിത്സാ പിഴവുണ്ടായെങ്കിൽ അത്

അന്വേഷിക്കണമെന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷെ അശ്രദ്ധയുണ്ടായിട്ടില്ലായെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്തെ ആരോഗ്യമേഖലയിലെ അവസ്ഥ എന്തായിരുന്നു? ആശുപത്രി കിടക്കയിൽനിന്ന് ജീവനുംകൊണ്ട് ഓടിയ രോഗിയെ നമ്മൾ ഓർക്കുന്നില്ലേ; രോഗിയുടെ വലതുകാൽ പൊട്ടിയാൽ പ്ലാസ്റ്റർ ഇടുന്നത് ഇടത് കാലിൽ, അതിനും ഒരു ഇടത് വിരോധം. ഇങ്ങനെയായിരുന്നു അന്നത്തെ അവസ്ഥ ഇതൊക്കെ മറന്നുപോയോ? നിങ്ങളുടെ ഭരണകാലത്ത് പലസ്ഥലങ്ങളിലുമിട്ട കല്ലുകൾ എല്ലാംകൂടി ശേഖരിച്ചാൽ ഒരു ആശുപത്രി കെട്ടിടം പണിയാൻ കഴിയും. എന്നാൽ ഞങ്ങളുടെ കാലത്ത് വളരെ വ്യത്യസ്തമാണ്. അന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്ക് വെന്റിലേറ്റർ അപ്രാപ്യമായിരുന്നു. രോഗികൾക്ക് പിന്നെയെന്ത് നീതിയാണുള്ളത്? 24-11-2011-ലെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണിത്. "സ്പെഷ്യലിസ്റ്റ് ഡോക്ടർമാരില്ല. ആരോഗ്യവകുപ്പിന്റെ ആശുപത്രികൾ പലതും അടച്ചുപൂട്ടൽ ഭീഷണിയിൽ. സ്പെഷ്യലിസ്റ്റ് തസ്തികകളിൽ പകുതിയോളം

ഒഴിഞ്ഞുകിടക്കുന്നു.” യു.ഡി.എഫ്. ഭരണ കാലത്തെ പേപ്പർ കട്ടിങ്ങാണിത്. (പേപ്പർ കട്ടിങ് ഉയർത്തിക്കാണിച്ചുകൊണ്ട്) "ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്ക് പ്രവർത്തന സമരത്തിലേക്ക്. 60 കുപ്പി രക്തം പാഴായത് ഗുരുതരമായ വീഴ്ച.” നിർദ്ധനരും നിരാലംബരുമായിട്ടുള്ള രോഗികൾക്ക് യഥാസമയം ബ്ലഡ് കൊടുക്കാൻ ആവശ്യമായ സൗകര്യമില്ലായിരുന്നു. ഇതൊക്കെയാണ് നിങ്ങളുടെ ഭരണകാലത്ത് കേരളത്തിൽ നടന്നത്. "തലസ്ഥാനം പുഴു അരിക്കുന്നു. പകർച്ചാവ്യാധികളെ കാത്ത് സർക്കാർ.” ഇതെല്ലാം ഇടതുപക്ഷ സർക്കാരിന്റെ കാലത്തുള്ളതല്ല, യു.ഡി.എഫ്. കേരളം ഭരിച്ചിരുന്ന 10-01-2012-ലെ പത്രവാർത്തയാണ്. ഇതായിരുന്നു കേരളം. നാവ് കൊണ്ട് വീട് നിർമ്മിക്കുന്നവർക്ക് ആരോഗ്യമേഖലയ്ക്കെതിരായി എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ടെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കാർക്കും ആക്ഷേപമില്ല. സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിട്ട വർഷങ്ങളിലൂടെയാണ് കേരളം മുന്നോട്ടുപോയത്. പ്രതിസന്ധികൾക്കിടയിലും ആരോഗ്യമേഖലയിൽ വളരെയധികം വികസനപ്രവർത്തനങ്ങൾ നടത്താൻ കേരളത്തിന് സാധിച്ചു. നിപയെ ഈ

സംസ്ഥാനം പിടിച്ചുകെട്ടി. കോവിഡിനെ നിലയ്ക്ക് നിർത്തി. ആരോഗ്യമേഖലയിലെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് പത്തൊമ്പതോളം ദേശീയ അംഗീകാരങ്ങളാണ് കേരളം കരസ്ഥമാക്കിയത്. ബഹുമാനപ്പെട്ട അംഗം ശ്രീമതി ശാന്തകുമാരി കെ. ഏതാനും കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രത്തിന്റെ ആരോഗ്യ മന്ഥൻ പുരസ്കാരം തുടർച്ചയായി മൂന്നാംതവണവും കേരളത്തിന് ലഭിച്ചു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനും കാഴ്ച പരിമിതർക്കുള്ള പ്രത്യേക സേവനത്തിനും സംസ്ഥാനം പുരസ്കാരങ്ങൾക്കർഹമായി. കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ എണ്ണം പലമടങ്ങ് വർധിച്ചുവെന്നത് ഭരണകക്ഷി ബെഞ്ചിൽനിന്ന് മാത്രം ഉയർന്ന് വന്ന അഭിപ്രായമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗംകൂടിയാണ് ഞാനിപ്പോൾ ക്വാട്ട് ചെയ്യുന്നത്. ഇപ്പോൾ സർക്കാർ ആശുപത്രികളിലെ രോഗികളുടെ എണ്ണം വർധിക്കുന്നു. കാരണമെന്താണ്? സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നു. പഴയ കാലത്ത് സർക്കാർ ആശുപത്രികളിൽ പോയ സഹോദരിമാർ ബസിൽ കയറുമ്പോൾ

ഫിനോയിലിന്റെ മണമുള്ളതിനാൽ അടുത്ത സീറ്റിൽ ഇരിക്കുന്നവർ ആശുപത്രിയിൽ പോയതാണോയെന്ന് ചോദിക്കും. ഇന്ന് സ്ഥിതി മാറി. ആശുപത്രിയിലേക്ക് പോയിവരുന്നവർ തിരിച്ച് വാഹനത്തിൽ കയറിയാൽ നല്ല പരിമളമാണ്. കാരണം, ആശുപത്രിയുടെ മുമ്പിലെല്ലാം അതിമനോഹരമായ പൂന്തോട്ടമാണ്. ആശുപത്രിയിൽ ടൈൽസാണ് ഇട്ടിരിക്കുന്നത്. ടൈൽസിൽ ചവിട്ടി അമ്മമാരും അമ്മൂമ്മമാരും ചെറുതായി സ്ലിപ്പായാൽ കൈ കുത്തുന്നത് ചുമരിലേക്കാണ്. അവിടെ കാണുന്നത് ടി.വി.യിൽ തലേന്ന് കണ്ട സീരിയലുകളുടെ ബാക്കിയാണ്. ആകർഷകമായ ടി.വി.യാണ് അവിടെയുള്ളത്. ആശുപത്രിയിലെത്തുമ്പോൾ അൻപത് ശതമാനം രോഗം മാറും. അതാണ് ആശുപത്രിയുടെ അന്തരീക്ഷം. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകളുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ആശുപത്രിയിൽ മരുന്നുവേണമെങ്കിൽ ഇപ്പോൾത്തന്നെ ആരോഗ്യമന്ത്രിയോട് പറഞ്ഞാൽമതി ആ മരുന്ന് എത്തിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനം കേരളമല്ലേ? ഏറ്റവും

കുറഞ്ഞ ശിശുമരണനിരക്കിനെ ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗം അപഹാസ്യമാക്കി ചിത്രീകരിക്കുന്നത് കണ്ടു. ശിശുമരണനിരക്കിൽ ഇന്ത്യൻ സംസ്ഥാനങ്ങളോടല്ല കേരളം ഇന്ന് മത്സരിക്കുന്നത്, അമേരിക്കയോടാണ്. വികസിത മുതലാളിത്ത രാഷ്ട്രമായ അമേരിക്കയിൽ 1000 കുട്ടികൾ ജനിക്കുമ്പോൾ ആറ് കുട്ടികൾ മരണപ്പെടുന്നു. വെനിസ്വലയോടുള്ള സമീപനം കാരണം ഇന്ന് ലോകരാജ്യങ്ങൾക്കിടയിൽ അത് തെമ്മാടി രാഷ്ട്രം എന്നും വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അവിടെ ആയിരത്തിന് ആറ് കുട്ടികൾ എന്നതോതിൽ മരിക്കുമ്പോൾ ഇവിടെ, ഇല്ലായ്മയുടെയും വല്ലായ്മയുടെയും കേന്ദ്ര അവഗണനയുടെയെല്ലാം പിടിയിൽ അകപ്പെട്ട് സാമ്പത്തിക ഉപരോധത്തിൽ ഞെരിഞ്ഞമരുന്ന ഈ കൊച്ചുകേരളത്തിൽ 1000 കുട്ടികൾ ജനിച്ചാൽ അഞ്ച് കുട്ടികൾ മാത്രമെ മരണപ്പെടുന്നുള്ളൂ. ശിശുമരണനിരക്ക് കുറച്ചതിനൊപ്പം ആയുർദൈർഘ്യം ഉയർത്താനും നമുക്ക് കഴിഞ്ഞു. ഉയർന്ന ആയുർദൈർഘ്യം മുന്നിൽ കണ്ട് ഇനി വരാനിരിക്കുന്ന നാളുകളിൽ ഇവിടെയുള്ള മുഴുവൻ വയോജനങ്ങളുടെയും സംരക്ഷണമേറ്റെടുക്കാൻ തയ്യാറാകുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട്

ഇന്ത്യയിൽ വയോജന സംരക്ഷണ നിയമം പാസ്സാക്കിയിട്ടുള്ള സഭയാണിത്. കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യം കാര്യത്തിൽ നാം ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഗർഭസ്ഥശിശു മുതൽ വയോജനങ്ങൾ വരെയുള്ളവരുടെ കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി എപ്പോഴും പറയാറുള്ളതാണ്. മതിയായ കലോറിയുള്ള ഭക്ഷണം ഉറപ്പുവരുത്തിയാൽ മാത്രമെ ആരോഗ്യമുള്ള ശിശുവിന് ജന്മം നൽകാൻ അമ്മയ്ക്ക് സാധിക്കൂ. അത് ഇവിടെ ഉറപ്പുവരുത്തുകയാണ്. എന്നാൽ അപ്പുറത്തുള്ളവർ ഭ്രൂണഹത്യയ്ക്കാണ് പ്രോത്സാഹനം നൽകുന്നത്. 597 ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സേവനങ്ങൾ നടപ്പിലാക്കി. ഇടുക്കി, കോന്നി എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകൾ യഥാർത്ഥ്യമാക്കി. അതിനിടയിൽ മഞ്ചേശ്വരം എം.എൽ.എ. കാസർഗോഡ് മെഡിക്കൽ കോളേജിനെ ഒന്ന് കുത്താൻ ശ്രമിച്ചു. ബഹുമാനപ്പെട്ട അംഗം ഇങ്ങനെ പറയാൻ പാടില്ലായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഒരു അസ്ഥികൂടമായിരുന്നു. അതിന് മജ്ജയും മാംസവും രക്തവും നൽകി

മെച്ചപ്പെടുത്തി ഉത്തര മലബാറിലെ ഏറ്റവും ശ്രദ്ധേയമായ മെഡിക്കൽ കോളേജാക്കി മാറ്റിയത് ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്. ഈ യഥാർഥ്യം മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം. എതിരഭിപ്രായമുള്ള ആളുകളെ ഞാൻ കാസർഗോട്ടേയ്ക്ക് ക്ഷണിക്കുകയാണ്. വരുമ്പോൾ ആ മെഡിക്കൽ കോളേജിന്റെ പഴയ ഒരു ഫോട്ടോ കൂടി കരുതണമെന്നുള്ള ഒറ്റ നിബന്ധന മാത്രമേയുള്ളൂ. ആ ഫോട്ടോ വച്ചുകൊണ്ട് ഇപ്പോൾ ആ മെഡിക്കൽ കോളേജ് സന്ദർശിക്കണം. അതിനുശേഷം ആ മെഡിക്കൽ കോളേജിന്റെ നേട്ടത്തെക്കുറിച്ചും പുരോഗതിയെക്കുറിച്ചും നമുക്ക് ചർച്ച ചെയ്യാം.

സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യഥാർഥ്യമാക്കി. കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ഈ ശസ്ത്രക്രിയ നടത്തിവരുന്നു. നിങ്ങളുടെ കാലത്ത് ഇത്തരം കാര്യങ്ങൾ സ്വപ്നം കാണാൻ കഴിയുമോ; ആലോചിക്കാൻ കഴിയുമോ? എല്ലാ പ്രതിസന്ധിഘട്ടത്തിലും കേരളത്തെ ചേർത്തുപിടിച്ചുകൊണ്ട്, ആരോഗ്യമേഖലയിൽ വിസ്മയകരമായ ഇടപെടൽ നടത്തിക്കൊണ്ട്,

മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന, ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്ന കേരളത്തിലെ ആരോഗ്യവകുപ്പിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഏത് പ്രതിസന്ധിഘട്ടത്തിലും ഈ നാട്ടിലെ ജനതയെ സംരക്ഷിക്കുന്നതിന് രാഷ്ട്രീയ ഇച്ഛാശക്തിയുള്ള കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റ് ഇനിയും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. മാനസികമായി ഞാൻ തകർന്നിരിക്കുകയാണ്. കാരണം, ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് അജിത് പവാറിന്റെ മരണം കേട്ടപ്പോൾ മുതൽ വലിയ മാനസിക ബുദ്ധിമുട്ടായിരുന്നു. എന്നിരുന്നാലും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ എതിർത്തുകൊണ്ട് സംസാരിക്കേണ്ടത് അത്യാവശ്യമാണ്. കാരണം, ഞാൻ കഴിഞ്ഞ ദിവസം കർണ്ണാടകയിലെ മന്ത്രിയുടെ ഒരു

പ്രസംഗം കേട്ടു. അദ്ദേഹം പറഞ്ഞത് കേരളം എല്ലാത്തിനും ഒന്നാമതാണെന്നാണ്. അദ്ദേഹം പ്രസംഗിക്കുമ്പോൾ പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും വേദിയിൽ ഇരിക്കുന്ന പോസ്റ്റാണ് എനിക്ക് അയച്ചുതന്നത്. ഇത് എന്റെ കൈവശമുണ്ട്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഞാനത് അയച്ചുനൽകാം. ആരോഗ്യ മേഖലയിൽ കേരളം ഒന്നാമതാണെന്ന് അവർ എടുത്തുപറഞ്ഞു. അത് വെറുതെ പറഞ്ഞതല്ല, സത്യസന്ധമായിട്ടുള്ള കാര്യമാണ്. അവരുടെ പ്രസ്താവനയും സത്യസന്ധമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോടും ആദ്യമേ തന്നെ ഞാൻ നന്ദി പറയുകയാണ്. കാരണം എന്റെ പ്രദേശമായ കുട്ടനാട്ടിലെ പുളിങ്കുന്ന് താലൂക്ക് ഹോസ്പിറ്റലിന്റെ വികസനത്തിനായി 107 കോടി രൂപ കിഫ്ബി വഴി അനുവദിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രിയങ്കരിയായ ആരോഗ്യവകുപ്പുമന്ത്രി മൂന്നോ നാലോ തവണ അവിടം സന്ദർശിച്ചിരുന്നു. നിരവധി തടസ്സങ്ങളുണ്ടായിരുന്നതെല്ലാം മാറ്റി വർക്ക് ടെൻഡർ ചെയ്യാൻ പോകുന്നു എന്ന ഏറ്റവും സന്തോഷകരമായ കാര്യം ഇന്ന് അറിയാൻ

കഴിഞ്ഞു. അത്യാധുനികമായ രീതിയിലുള്ള ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുന്ന രീതിയിലേക്കാണ് ആ ഹോസ്പിറ്റൽ മാറുന്നത്. ഇതൊന്നും മറന്നുകളയാൻ ഞങ്ങൾക്ക് സാധിക്കില്ല. പി.എച്ച്.സി. ആയാലും സി.എച്ച്.സി. ആയാലും ഫാമിലി സെന്റർ ആയാലും എല്ലാം വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം തകഴിയിലും തലവടിയിലും ഓരോ ഹോസ്പിറ്റലുകളുടെ ഉദ്ഘാടനം നടന്നു. പ്രിയങ്കരിയായ മന്ത്രി ഓൺലൈനിലാണ് ഉദ്ഘാടനം നിർവഹിച്ചത്. ആരോഗ്യമേഖലയിൽ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. നിപയും കോവിഡും വന്ന സമയത്ത് ലോകം മുഴുവൻ വിറങ്ങലിച്ചു നിന്നത് നമുക്ക് ഒരിക്കലും മറന്നുപോകാൻ സാധിക്കില്ല. കുവൈറ്റിൽ എന്റെ ഫാമിലിയുണ്ടായിരുന്ന സമയത്താണ് കോവിഡ് വന്നത്. ഹോസ്പിറ്റലിൽ ആരെയും അക്സെപ്റ്റ് ചെയ്യാൻ അവർ തയ്യാറല്ലായിരുന്നു. മരണപ്പെടുന്നവരെ കൂട്ടത്തോടെ കത്തിച്ചുകളയുന്ന അവസ്ഥയിലേക്ക് ലോകം പോയപ്പോൾ കേരളത്തിൽ എവിടെയാണ് അങ്ങനെ സംഭവിച്ചത്? കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തിന്

ജനം കാത്തിരിക്കുന്ന അവസ്ഥയുണ്ടായിരുന്നു. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന പ്രിയപ്പെട്ട കെ. കെ. ശൈലജ ടീച്ചറുടെ പ്രവർത്തനം ലോകം മുഴുവൻ പ്രശസ്തി ആർജിച്ചതാണ്. ഇതൊന്നും വിട്ടുകളയാൻ സാധിക്കില്ല. എന്തുകൊണ്ടാണ് ഇക്കാര്യങ്ങൾ മറന്ന് ഇവരൊക്കെ ഇങ്ങനെ പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രിയങ്കരനായ പി. സി. വിഷ്ണുനാഥ് ഇവിടെ ഇല്ലായെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ പറഞ്ഞപ്പോൾ അദ്ദേഹം പെട്ടെന്ന് ഓടി വന്നു. അദ്ദേഹമാണ് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. ചില കാര്യങ്ങൾ പറഞ്ഞുവെന്നല്ലാതെ ഇന്ന രീതിയിലുള്ള വീഴ്ച പറ്റിയിട്ടുണ്ടെന്ന് അദ്ദേഹത്തിന് പറയാൻ കഴിഞ്ഞില്ല. ആ പ്രസംഗം നിങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാകും. നമുക്കിവിടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംവിധാനവും ആരോഗ്യ വകുപ്പുമന്ത്രിയുമുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം പ്രമോദ് നാരായണൻ എടുത്തുപറഞ്ഞു. ഞാനും അതിനെ പൂർണ്ണമായും സപ്പോർട്ട് ചെയ്യുകയാണ്. കോട്ടയം മെഡിക്കൽ കോളേജ്,

ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നവയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇക്കഴിഞ്ഞ ദിവസം എനിക്കുണ്ടായ ഒരനുഭവം പറയാം. എറണാകുളത്തെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയ ഒരാൾ പറഞ്ഞത് അദ്ദേഹത്തെ മറ്റൊരു ഹോസ്പിറ്റലിലും കൊണ്ടുപോകേണ്ട, കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോയാൽ മതിയെന്ന്. കാരണം കോട്ടയം മെഡിക്കൽ കോളേജ് എന്ന് പറഞ്ഞാൽ മനുഷ്യർക്ക് അത്രത്തോളം വിശ്വാസമാണ്. എന്റെ കുട്ടിക്കാലത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ മെഡിക്കൽ കോളേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് അതല്ല സ്ഥിതി, മെഡിക്കൽ കോളേജുകൾ ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിന്റെ ആരോഗ്യ സംവിധാനത്തെ ഇകഴ്ത്തി കാട്ടുന്ന രീതിയിൽനിന്നും പ്രതിപക്ഷം പിന്മാറണം. എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടെങ്കിൽ പരിഹരിച്ച് മുന്നോട്ട് പോകാനുള്ള പിന്തുണയാണ് നിങ്ങൾ കൊടുക്കേണ്ടത്. നല്ല

രീതിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സംവിധാനത്തെക്കുറിച്ച് ജനം അറിയാൻ വേണ്ടിയാണ് ഈ ഉപക്ഷേപം ഇവിടെ ചർച്ച ചെയ്യാൻ തീരുമാനിച്ചതെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. കുറഞ്ഞ ശിശുമരണ നിരക്കിലും ആരോഗ്യ പരിപാലനത്തിലും കേരളം മറ്റെല്ലാവർക്കും മാതൃകയാണ്. ആവശ്യമില്ലാത്ത എതിർപ്പുകളിലേക്ക് പോകാതെ നല്ല രീതിയിൽ സപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ ഏറ്റവും നല്ല ഹോസ്പിറ്റൽ സംവിധാനമുണ്ടാകും. നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടുള്ള അവതാരകന്റെ സംസാരം കേട്ടപ്പോൾ, നമ്മുടെ പൊതുജനാരോഗ്യ രംഗത്തെ അപകടകരമായ സാഹചര്യത്തിലേക്ക് മാറ്റുവാൻ ലക്ഷ്യമിട്ടിട്ടുള്ള സ്വകാര്യ കുത്തക മുതലാളിമാർക്ക് വേണ്ടിയാണോ ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്നുള്ള സംശയമാണ് എനിക്കുള്ളത്+.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ... ഏറ്റവും

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ 06-02-2026-ലെ ഉത്തരവുപ്രകാരം (KLS/467/2026/ED) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഗുരുതരമായ ചികിത്സാ പിഴവുകൾ ചൂണ്ടിക്കാണിച്ച് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസിന് അങ്ങ് അനുവാദം തന്നു. ബഹുമാനപ്പെട്ട മന്ത്രി അത് ചർച്ച ചെയ്യാനും തയ്യാറായി. ബഹുമാനപ്പെട്ട മന്ത്രി ചർച്ച ചെയ്യാൻ തയ്യാറായത് ഞാൻ ഉന്നയിച്ച വിഷയം ഗൗരവമുള്ളതുകൊണ്ടാണ്. ആ ഉപക്ഷേപം സ്വകാര്യ ആശുപത്രികൾക്ക് വേണ്ടിയിട്ടാണ് അവതരിപ്പിച്ചത് എന്നുപറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.+

മി. സ്പീക്കർ: യെസ്. അത് പരിശോധിക്കാം.+

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്ന് ലോകത്താകെയുള്ള വൻകിട കുത്തകകളുടെ കണ്ണ് പതിഞ്ഞിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രംഗമാണ് ആരോഗ്യ മേഖല. പൊതുജനാരോഗ്യ മേഖലയിൽനിന്ന് സർക്കാരുകൾ പിന്മാറുകയും വൻകിട സ്വകാര്യ കോർപ്പറേറ്റുകൾ ഈ മേഖല കയ്യടക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. കോഴിക്കോട് നഗരത്തിൽ മാത്രം രണ്ട് പ്രധാനപ്പെട്ട ആശുപത്രികൾ, ഞാൻ

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ 06-02-2026-ലെ ഉത്തരവുപ്രകാരം (KLS/467/2026/ED) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ 06-02-2026-ലെ ഉത്തരവുപ്രകാരം (KLS/467/2026/ED) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ആശുപത്രികളുടെ പേര് പറയുന്നില്ല, കെ.കെ.ആർ. എന്നുപറയുന്ന ആഗോള കുത്തക ഏറ്റെടുത്തുകഴിഞ്ഞു. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് വലിയ ആശങ്കയാണ് നമുക്കുണ്ടാകുന്നത്. മറ്റൊരു ആഗോള ഭീമനായ ബ്ലാക്ക്സ്റ്റോൺ ഗ്രൂപ്പ് കേരളത്തിലെ ആശുപത്രികൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്നു എന്ന വാർത്തയും വന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെയും ലോകത്തെയും കുത്തക കമ്പനികൾ പൊതുജനാരോഗ്യ മേഖലയിലേയ്ക്ക് കടന്നുവരാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. സർക്കാർ ആശുപത്രികളിൽ പോകുന്നതിന് ജനങ്ങൾ ഭയപ്പെടുന്ന നിലയിലേക്ക് എത്തിക്കുക എന്നതാണ് അവരുടെ താൽപര്യം. ഞാൻ അതാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആ ആശയം ഇവിടെ പകർത്താൻവേണ്ടി ശ്രമിക്കുകയാണ്. അതാണ് യു.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ അതാണ് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ പറഞ്ഞത്. ഡോക്ടറും മരുന്നും ഒന്നുമില്ലാതിരുന്ന ഒരു സംവിധാനമായിരുന്നല്ലോ മുമ്പ് കേരളത്തിലുണ്ടായിരുന്നത്. ....എത്രയോ കാലം.... ഞാൻ പറയട്ടെ....

മി. സ്പീക്കർ: അങ്ങ് കമന്ററിക്ക് റെസ്പോൺഡ് ചെയ്യേണ്ട... അങ്ങ് പ്രസംഗം തുടരൂ...

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2016-ന് മുമ്പ് എന്തായിരുന്നു ഇവിടത്തെ സ്ഥിതി? ആകെ നടന്നൊരു കാര്യമുണ്ട്, സർക്കാർ ആശുപത്രി ക്ഷീണിച്ചെങ്കിലും വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്ക് സ്വന്തമായി ഒരു ആശുപത്രിയുണ്ടായി. അദ്ദേഹത്തെ ഇ.ഡി. വിളിപ്പിച്ചല്ലോ; എന്നെക്കൊണ്ട് എല്ലാം പറയിപ്പിക്കരുത്. നിങ്ങൾക്ക് ആർക്കെങ്കിലും എന്തെങ്കിലും താൽപര്യം ഉണ്ടെങ്കിൽ അതെല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കാൻ ശ്രമിക്കരുത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് എന്തായിരുന്നു സർക്കാർ ആശുപത്രികളുടെ അവസ്ഥ; എങ്ങനെയാണ് കൈകാര്യം ചെയ്തത്? ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. എന്നാൽ കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ അസൂയാർഹമായ നേട്ടമല്ലേ ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്; അതൊരു ചെറിയ കാര്യമാണോ; എന്തായിരുന്നു യു.ഡി.എഫ്.-ന്റെ കാലത്തെ അവസ്ഥയെക്കുറിച്ച് ഇവിടെ പല അംഗങ്ങളും പറഞ്ഞു. ആ കാലത്തെ പല പത്രങ്ങളുടെയും കട്ടിങ് എന്റെ

കൈവശം ഉണ്ട്. 27-08-2011-ന് ദീപിക പത്രത്തിൽ വന്ന വാർത്ത, 'ആശുപത്രിയിൽ മരുന്ന് വിതരണം നിലച്ചു. മരുന്ന് വാങ്ങിയതിൽ വൻ തട്ടിപ്പ്; മംഗളം പത്രത്തിൽ പറയുന്ന 'രോഗി മരിച്ചു. അന്വേഷണത്തിന് മന്ത്രിയുടെ നിർദേശം'. തിരുവനന്തപുരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറയുന്നത് 'ഹൃദയ വാൽവ് ശസ്ത്രക്രിയയ്ക്ക് ഡോക്ടർമാരും ഇടനിലക്കാരും ചേർന്ന് പണം തട്ടി'. കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് പറയുന്നത് 'ഐ.സി.യു.-വിൽ കിടത്തിയില്ല. കൃത്രിമ ശ്വാസം നൽകാൻ കൂട്ടിരിപ്പുകാരനെ ഏൽപ്പിച്ചു'. എല്ലാ പത്രത്തിന്റെയും കട്ടിങ് ആവശ്യമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. അടുത്തത് മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. 'സർക്കാർ ആശുപത്രികളിൽ 4500 സ്ഥിരം ഡോക്ടർമാർ വേണ്ടിടത്ത് കേവലം 2000 മാത്രം'. ഇതൊന്നും ദേശാഭിമാനിയിൽ വന്ന വാർത്തയല്ല. പേപ്പർ കട്ടിങ്ങെല്ലാം ഞാൻ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. ദീപികയിൽ പറയുന്ന 'ഡോക്ടർമാരുടെ കുറവ് തളർത്തുന്ന പ്രാഥമികാരോഗ്യ മേഖല.' അടുത്തതും ദീപിക പത്രത്തിൽ വന്ന വാർത്ത തന്നെയാണ്. 'ചികിത്സിച്ച് മുടിയുന്ന കേരളം'. 25-08-2015-ലെ മാതൃഭൂമിയിൽ പറയുത്, 'കേരളത്തിന്റെ

ആരോഗ്യ മേഖല തകരുന്നു'. 'രോഗഗ്രസ്ഥമായ കേരളം, നിഷ്ക്രിയമായ ഭരണം'- ഇത് ദീപികയിൽ വന്ന വാർത്തയാണ്. അന്നത്തെ കേരളത്തിന്റെ അവസ്ഥ ഇതായിരുന്നു. അവിടെ നിന്നാണ് ഇന്ന് കാണുന്ന കേരളത്തിലേക്ക് എത്തിയത്. ഇവിടെ ഉപക്ഷേപം അവതരിപ്പിച്ച അവതാരകന്റെ അവതരണം കേട്ടാൽ ആരുടെയും കണ്ണ് നിറഞ്ഞ് പോകും. ഇവിടെ അരുതാത്ത ഏതെങ്കിലും സംഭവം ഉണ്ടായെങ്കിൽ അത് അന്വേഷിക്കണം, ഭാവിയിൽ ഉണ്ടാകാതെയിരിക്കാൻ ശ്രദ്ധിക്കണം. ഞങ്ങളുടെ നിലപാട് അതാണ്.

യു.ഡി.എഫ്.-ന്റെ കാലത്ത് ഒ.പി.-യിലും ഐ.പി.-യിലും വന്നിരുന്ന രോഗികളുടെ എണ്ണം പറയാം. 2016-17-ൽ താലൂക്കാശുപത്രികളിലും ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലുമായി ഒ.പി.-യിൽ വന്ന ആകെ രോഗികളുടെ എണ്ണം 8,03,64,783, ഐ.പി.-യിൽ വന്നത് 14,18,957 പേർ. എല്ലാം ഞാൻ വായിക്കുന്നില്ല. എന്നാൽ 2024-25-ൽ ഒ.പി.-യിൽ വന്ന രോഗികളുടെ എണ്ണം 11,29,1897, ഐ.പി.-യിൽ വന്നത് 7,56,872 പേർ. സർക്കാർ ആശുപത്രികളിലേക്ക് ഇത്രയധികം പേർ വരികയാണ്.

ഇങ്ങനെ കോടിക്കണക്കിന് ജനങ്ങൾ ചികിത്സ തേടിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയെ തകർക്കാനാണ് പ്രതിപക്ഷം അടിസ്ഥാന രഹിതമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ മെഡിക്കൽ കോളേജുകൾ ഇത്രയധികം നേട്ടം കരസ്ഥമാക്കിയ ഒരു കാലം ചരിത്രത്തിലുണ്ടോ? ഏറ്റവും പുതിയ കണക്കനുസരിച്ച്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 2025 ജൂലൈ മാസം ഒ.പി.-യിൽ വന്നിട്ടുള്ളവർ 53,12,723. ഐ.പി.-യിൽ ഉള്ളത് 3,51,101 പേർ. ഞാനിത് പറഞ്ഞത് രോഗികൾ എത്രമാത്രം സർക്കാർ ആശുപത്രികളെ അഭയം പ്രാപിക്കുന്നുവെന്ന് കാണിക്കാൻ വേണ്ടിയാണ്. അവിടെയെല്ലാം അവർക്ക് ചികിത്സ ലഭിച്ചുകൊണ്ടിരിക്കുകയല്ലേ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്നതിൽ നമുക്ക് അഭിമാനിക്കാം. അതിനുപകരം എന്താ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്? നാലുവർഷം കൊണ്ട് 2517000 പേർക്ക് 7,708 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയ നാടാണ് കേരളം. അത് നിഷേധിക്കാൻ കഴിയുമോ; അതുപോലെ KASP (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി) മുഖേന മാത്രം

2406000 പേർക്ക് 7,163 കോടി രൂപയുടെയും കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 64075 പേർക്ക് 544 കോടി രൂപയുടെയും സൗജന്യ ചികിത്സ നൽകുകയുണ്ടായി. നാലുവർഷം കൊണ്ട് കെ.എം.എസ്.സി.എൽ. മുഖേന 1847-ൽപരം ആശുപത്രികളിലേക്കായി 3,300 കോടി രൂപയുടെ 854 മരുന്നുകളാണ് സൗജന്യമായി നൽകിയിട്ടുള്ളത്. കാൻസർ രോഗികൾക്കടക്കം മൂന്നിരട്ടി തുകയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ചെലവഴിച്ചിട്ടുള്ളത്. കഴിഞ്ഞ നാലുവർഷങ്ങളിലായി 1,400 കോടി രൂപയാണ് സൗജന്യ കാൻസർ ചികിത്സയ്ക്കായി മാത്രം ചെലവഴിച്ചിട്ടുള്ളത്. അത്തരത്തിലൊരു ആരോഗ്യമേഖലയാണ് കേരളത്തിലേത്. ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ അഭിമാനകരമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ രാവിലെ എന്നെ ഒന്ന് ശാസിച്ചതാണ്.

മി. സ്പീക്കർ: കോമ്പൻസേറ്റ് ചെയ്ത് സംസാരിക്കുന്നുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഞാൻ ചെയറിന് വഴങ്ങുകയാണ്. ഈ ഉപക്ഷേപത്തിന് ഒരു അർഥവുമില്ല.

അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ചെയർ നിർത്താൻ പറഞ്ഞിട്ടില്ല. കാരണം അങ്ങയുടെ 45 സെക്കൻഡ് കോമ്പൻസേറ്റ് ചെയ്യാൻ പറ്റുമായിരുന്നു. ശരി.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥ് കേരളത്തിന്റെ ആരോഗ്യ മേഖലയെ വളരെ തെറ്റായ രീതിയിൽ അവതരിപ്പിക്കാനാണ് ഇവിടെ ശ്രമിച്ചത്. കേരളത്തിൽ പൈതൃകമായ പ്രൗഢഗംഭീരമായ ഒരു ആരോഗ്യ സംവിധാനം വളർത്തിയെടുക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളുടെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖല വളരെ അഭിമാനകരമായ മുന്നേറ്റമാണുണ്ടാക്കിയിരിക്കുന്നത്. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും പൊതുവിൽ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളും ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. നാം നേടിയ നേട്ടം; അത് നിസ്സാരമായിട്ടുള്ള കാര്യമല്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നവജാത ശിശുമരണ നിരക്ക് കുറഞ്ഞ സംസ്ഥാനമാണ് കേരളം.

അമേരിക്കയേക്കാൾ മുന്നിൽ എന്നുപറയുന്നത്; അമേരിക്കയിലെ കാര്യവും ഇവിടെയുമായി താരതമ്യം ചെയ്യുകയല്ല ചെയ്യുന്നത്. ലോകത്തിലെ ആധുനിക മുതലാളിത്ത സംവിധാനമുള്ള സാമ്പത്തികശേഷിയുള്ള രാജ്യങ്ങളേക്കാൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ മാതൃമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറി.

അടുത്തിടെ ലോകം മുഴുവൻ വൈറലായ ഒരു സംഭവമുണ്ടായിട്ടുണ്ട്. കാനഡയിൽ താമസിച്ചുവന്ന 44 വയസ്സുള്ള പ്രശാന്ത് ശ്രീകുമാർ എന്ന വ്യക്തി നെഞ്ചുവേദനയെത്തുടർന്ന് അവിടത്തെ ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുകയുണ്ടായി. ഇ.സി.ജി. എടുത്തശേഷം ഏതാണ്ട് എട്ടുമണിക്കൂറിലധികം ഡോക്ടറെ കാണാൻ കാത്തുനിന്നുവെന്നും പിന്നീട് ചികിത്സ കിട്ടാതെ അദ്ദേഹം മരണപ്പെട്ടുവെന്നുമുള്ള അദ്ദേഹത്തിന്റെ ഭാര്യ നിഹാരികയുടെ പോസ്റ്റ് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ആ സംഭവത്തിൽ നമ്മുടെ നാടിനോട് അവർ താരമതമ്യം ചെയ്യുന്നുണ്ടായിരുന്നു. ലോകത്ത് ആരോഗ്യ മേഖലയിൽ, അസുഖം ബാധിച്ച് ഒരാൾ ആശുപത്രിയിൽ പോയാൽ അയാൾക്ക് ട്രീറ്റ്മെന്റ് എടുക്കുന്ന

സമയത്തിനേക്കാൾ വളരെ എമർജൻസി അറ്റൻഷൻ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇവിടെയുണ്ടായിട്ടുള്ള വിഷയത്തെ സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ ഞങ്ങൾക്കാർക്കും ഒരു എതിർപ്പുമില്ല. എന്നാൽ ഒറ്റപ്പെട്ട ഏതെങ്കിലും സംഭവമുണ്ടായാൽ അതിനെ പർവതീകരിച്ച്, അതാണ് കേരളത്തിലെ ആരോഗ്യമെന്ന് അധിക്ഷേപിക്കുന്നത് ശരിയല്ല. കാനഡയിലെ ഒരു മലയാളിയുടെ അനുഭവം കേരളത്തിൽ ജീവിക്കുന്ന ഒരാൾക്കുണ്ടാകുകയില്ല. നമ്മുടെ നാട്ടിലെ മെഡിക്കൽ സിസ്റ്റം അങ്ങേയറ്റം ജനകീയമായ ആരോഗ്യ സംവിധാനമായി അഭിമാനത്തോടുകൂടി ഇന്നും നിലനിൽക്കുകയാണ്. ഇത് വലിയൊരു മാറ്റമാണ്. ഈ വലിയ മാറ്റത്തെ സംബന്ധിച്ച് ബഹുമാന്യനായ ശ്രീ. പി. പി. ചിത്തരഞ്ജൻ സംസാരിക്കുമ്പോൾ നമുക്ക് ആശ്ചര്യവും അത്ഭുതവുമുണ്ടാക്കുന്ന ധാരാളം കാര്യങ്ങൾ കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ഇക്കാലയളവിൽ നടന്നിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാകും.

2012-ൽ കോട്ടയം മെഡിക്കൽ കോളേജിൽ കൂട്ടിരിപ്പുകാരനായ ഒരാളെ ശ്വാസം നൽകാൻ ഏൽപ്പിച്ചുവെന്ന് പറഞ്ഞിരുന്നല്ലോ. ആ മെഡിക്കൽ

കോളേജ് ഇന്ന് കരൾമാറ്റ ശസ്ത്രക്രിയ നടത്തിയ ഏറ്റവും അഭിമാനകരമായ ഒരു മെഡിക്കൽ കോളേജാക്കി മാറ്റാൻ എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഓരോ ആശുപത്രികളും എടുത്തുനോക്കിയാൽ, എറണാകുളം ജനറൽ ആശുപത്രിയിൽ ആദ്യമായി ഹൃദയമാറ്റ ശസ്ത്രക്രിയ നടക്കുകയും അതിന്റെ ഭാഗമായി ഈ മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ കഴിയുകയും ചെയ്തു. ഇവിടെ വിശദീകരിക്കപ്പെട്ട പ്രധാനപ്പെട്ട ഒരു ഭാഗമുണ്ട്. സ്വകാര്യ കോർപ്പറേറ്റ് ഭീമൻ കൊള്ളകൾ; വലിയ വമ്പൻ കമ്പനികൾ കേരളത്തിന്റെ ആരോഗ്യ മേഖലയെ വിവിധ കൺസോർഷ്യമുണ്ടാക്കി സ്വകാര്യ ആശുപത്രികളെ വിലയ്ക്കുവാങ്ങുന്ന വലിയ സംവിധാനത്തിലേക്ക് പോകുകയാണ്. എന്നാൽ ബദലായി ഒരു ആരോഗ്യ സംവിധാനത്തെ ശക്തമായി മെച്ചപ്പെടുത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഞാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോഴാണ് കണ്ണൂർ ജില്ലാ ആശുപത്രിക്ക് 76 കോടി രൂപ അനുവദിച്ചത്. ടി തുക ചെലവഴിച്ചുകൊണ്ട് കാത്ത്‌ലാബ്

സൗകര്യമുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും അവ കഴിഞ്ഞവർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ചേർന്ന് ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. എവിടെയെങ്കിലും മെഡിക്കൽ നെഗ്ലിജൻസുണ്ടെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതില്ലായെന്നുള്ളതല്ല; നമ്മുടെ ആരോഗ്യ മേഖല അഭിമാനകരമായിട്ടുള്ള ഒരു മുന്നേറ്റമാണുണ്ടാക്കിയിട്ടുള്ളത്.

2015-ൽ എട്ടുകോടി ജനങ്ങൾ കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ വന്ന സ്ഥാനത്ത് ഇപ്പോൾ പതിനഞ്ച് കോടിക്കടുത്ത് ജനങ്ങൾ നമ്മുടെ സർക്കാർ ആശുപത്രികളിലേക്ക് വരുന്നുണ്ട്. ഈ മാറ്റം നിസ്സാരമായിട്ടുള്ള കാര്യമാണോ; ജനങ്ങൾ സർക്കാർ ആശുപത്രികളെ കൂടുതൽ സമീപിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ സമീപിക്കുന്നത് കഴിഞ്ഞ പത്ത് വർഷക്കാലമായി കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള വലിയ മാറ്റത്തിന്റെ പ്രതീകമാണ്. നേരത്തെ ഇവിടെ ബഹുമാന്യനായ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, ആത്മവിശ്വാസത്തോടെ സർക്കാർ ആശുപത്രികളിൽ പോകാതിരുന്ന ഒരുകാലത്ത് ധൈര്യപൂർവം സർക്കാർ

ആശുപത്രികളിലേക്ക് ആളുകൾ കടന്നുവരുന്നുവെന്നുള്ള വളരെ അഭിമാനകരമായ മുന്നേറ്റം കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായി. അത് വലിയ മാറ്റമായാണ് നാം കാണേണ്ടത്. അതുകൊണ്ട് അപവാദ പ്രചരണങ്ങളിലൂടെയും അസത്യ പ്രചരണങ്ങളിലൂടെയും വൈകാരികമായി കാര്യങ്ങൾ അവതരിപ്പിച്ച് കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റത്തെ മറച്ചുവയ്ക്കാൻ ആർക്കും കഴിയില്ല. ആ നിലയിലുള്ള വലിയ അടിസ്ഥാന വികസന സൗകര്യം ആരോഗ്യ മേഖലയിൽ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ മാറ്റം വളരെ പ്രധാനപ്പെട്ട മാറ്റമാണ്. ഉണ്ടായിപ്പോയ ഒരു സംഭവത്തിന്റെ കാര്യത്തിൽ, നിയമസഭാ ഇലക്ഷൻ വരുന്നു, അതിന്റെ ഭാഗമായി വൈകാരിക ചിത്രമുണ്ടാക്കി, അതിന്റെ ഭാഗമായി വോട്ട് നേടുന്നതിന്, ഇങ്ങനെ കേരളത്തിന്റെ ആരോഗ്യ മേഖല വളരെ മോശമെന്ന് പറഞ്ഞാൽ നാട്ടിൽ അതനുഭവിക്കുന്ന ആളുകൾ അത് വിശ്വസിക്കില്ല. നൂലും പഞ്ഞിയും ഒന്നുമില്ലാതെയും ആശുപത്രിയിൽ മരുന്ന് ലഭ്യമല്ലാതെയും ഏതാണ്ട് 4500-ഓളം ഡോക്ടർമാർവരെ വേണ്ടിടത്ത് 2000 ഡോക്ടർമാർ മാത്രമുണ്ടായിരുന്നൊരു കാലമുണ്ടായിരുന്നു. ഈ കഴിഞ്ഞ

പത്ത് വർഷക്കാലമായി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള ഗവൺമെന്റ് ആരോഗ്യ മേഖലയിൽ അഭിമാനകരമായ വികസന മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. ആ വികസന മുന്നേറ്റത്തിന്റെ ഭാഗമായി നല്ല ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ടൊരു സാഹചര്യം കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിട്ടുണ്ട്. നിലവിൽ നമ്മുടെ സർക്കാർ മെഡിക്കൽ ആശുപത്രികളിലുൾപ്പെടെയുള്ള ആശുപത്രികളിലെത്തുന്ന ഒരു രോഗിക്കും ഒരുതരത്തിലും പ്രയാസമുണ്ടാകുന്നതല്ല. 15 മെഡിക്കൽ കോളേജുകൾ യു.ഡി.എഫ്-ന്റെ കാലത്ത് പ്രഖ്യാപിച്ചിരുന്നു. സിനിമാ സെറ്റിട്ട പോലെയാണ് എല്ലാ സ്ഥലത്തും  ആശുപത്രികൾ ആരംഭിച്ചത്. എന്നാൽ, യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ചതുകൊണ്ട് എൽ.ഡി.എഫ്. അതിനെ ഇല്ലാതാക്കുകയല്ല ചെയ്തത്. ബഹുമാന്യനായ ശ്രീ. എം. രാജഗോപാലൻ എം.എൽ.എ. പറഞ്ഞതുപോലെ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ പ്രഖ്യാപിക്കപ്പെട്ട മെഡിക്കൽ കോളേജുകളിലെല്ലാം അടിസ്ഥാന വികസന സൗകര്യത്തിനുവേണ്ടിയുള്ള വലിയ ഒരു മുന്നേറ്റമാണുണ്ടായത്. ആധുനിക

കാലത്തിന് യോജിച്ച നിലയിലേക്ക് സംവിധാനങ്ങളെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കിഫ്ബി പദ്ധതികളുടെ ഭാഗമായി ബഹുനില കെട്ടിടങ്ങളും അതിന്റെ ഭാഗമായുള്ള സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. ലോകത്ത് എവിടെ പാൻഡമിക് രോഗം വന്നാലും അത് കേരളത്തിലുണ്ടാകും. മലയാളി ഒരു ഇന്റർനാഷണൽ യാത്രക്കാരനായതിനാലാണ്. അല്ലെങ്കിൽ ലോകത്താകെ സഞ്ചരിക്കുന്നവരായതുകൊണ്ടാണ്. നാം നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. അതിനെ അഭിസംബോധന ചെയ്യാൻ തയ്യാറാകുന്ന നിലയിലേക്ക് നമ്മുടെ ആരോഗ്യ സംവിധാനം മാറി. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ ആരോഗ്യ സംവിധാനം വളരെ ആക്ടീവായി മുന്നോട്ടുപോകുന്നുണ്ട്. കേരളത്തിൽ ഏത് പാൻഡമിക് വന്നാലും അതിനെയെല്ലാം ജനങ്ങളിൽ ഭയാശങ്കയില്ലാതെ പരിഹരിക്കാൻ കഴിയുന്നതരത്തിലുള്ള വളരെ സുരക്ഷാ സംവിധാനമുള്ള മെച്ചപ്പെട്ട ആരോഗ്യ കേരളം എന്ന അഭിമാനകരമായ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ പത്തുവർക്കാലമാണ് മുന്നോട്ടുപോയത്.

ആ പത്തുവർഷക്കാലത്തെ വികസന നേട്ടങ്ങളെ ശരിയല്ലാത്ത കാര്യങ്ങളിലൂടെയും അസത്യ പ്രചരണങ്ങളിലൂടെയും ഇല്ലാതാക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കാൻ പോകുന്നില്ല. എവിടെയെങ്കിലും വീഴ്ചയുണ്ടായാൽ അത് പരിഹരിച്ച് മുന്നോട്ട് പോകാൻ കഴിയുന്ന ശക്തമായ ഒരു ആരോഗ്യ സംവിധാനം നമുക്കുണ്ട്. അതിന് ഒട്ടും ആശങ്കപ്പെടേണ്ടതില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് മറ്റുകാര്യങ്ങളിലേക്ക് കടക്കാതെ ഞാൻ അവസാനിപ്പിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വിളപ്പിൽശാലയിലെ ബിസ്മിറിന്റെ മരണം ഉൾപ്പെടെ നിരവധിയായ സംഭവങ്ങൾ സമീപ ദിവസങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്നു. ആശുപത്രികളിലെ ശ്രദ്ധയില്ലായ്മയും പരിചരണമില്ലായ്മയും കൃത്യമായ ചികിത്സ കൊടുക്കാത്തതുമൂലമുണ്ടാകുന്ന കൈപ്പിഴകളും മരണങ്ങളും നിരന്തരം വർധിക്കുകയാണ്. ആരോഗ്യ മേഖലയിലെ കുറവുകളെയും പിഴവുകളെയും സംബന്ധിച്ച് അന്വേഷിക്കാൻ ഇത്രമാത്രം അന്വേഷണത്തിന് ഉത്തരവിട്ട മറ്റൊരു ആരോഗ്യവകുപ്പുമന്ത്രിയും കേരളത്തിലുണ്ടായിട്ടില്ല. അവർ

അന്വേഷണത്തിന് ഉത്തരവിട്ടതും അതിന്റെ അന്വേഷണ റിപ്പോർട്ടുകൾ തിരികെ കിട്ടിയതുംകൂടി ബൈൻഡ് ചെയ്ത് കമ്പൈൽ ചെയ്തുവച്ചാൽ വാല്യങ്ങളുണ്ടാകും. അത് സൂക്ഷിച്ചുവയ്ക്കാൻ സാധിക്കും. എപ്പോഴും അന്വേഷണത്തിന് ഉത്തരവിടുക; അന്വേഷണ റിപ്പോർട്ട് ലഭിക്കുക; കുറേനാൾ കഴിയുമ്പോൾ അന്വേഷണ റിപ്പോർട്ടിന് എന്തുസംഭവിച്ചുവെന്ന് അറിയാതിരിക്കുക, അത്രമാത്രം സംഭവങ്ങളാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു പ്രധാന ഡോക്ടർ വിസിൽബ്ലോവറിനെപ്പോലെ വന്ന് നമ്മുടെ മൂക്കിനുതാഴെയുള്ള മെഡിക്കൽ കോളേജിൽ നടക്കുന്ന ദൗർഭാഗ്യകരമായ കാര്യങ്ങളെക്കുറിച്ച് നെഞ്ചുപൊട്ടിയെന്നപോലെ പുറത്തുപറയേണ്ടി വന്നില്ലേ; അദ്ദേഹത്തെ നിങ്ങൾ എന്താണ് ചെയ്തത്? അദ്ദേഹത്തെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്തു. ബൈക്കിൽ വരികയും സത്യസന്ധമായും കൈക്കൂലി വാങ്ങാതെയും രോഗികളെ ചികിത്സിക്കുകയും ചെയ്യുന്ന ഒരു ഡോക്ടർ അവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് സങ്കടത്തോടെ പറഞ്ഞപ്പോൾ അതിനോട് പോസിറ്റീവായി പ്രതികരിക്കാതെ

ശത്രുവിനെപ്പോലെയാണ് അദ്ദേഹത്തോട് പെരുമാറിയത്. ഞങ്ങളുടെ പാർട്ടിക്കാരനോ പ്രതിപക്ഷമൊന്നുമല്ലല്ലോ അദ്ദേഹം? ഈ സംഭവങ്ങളെക്കുറിച്ച് ഞാനിവിടെ കുറേ പ്രാവശ്യം പറഞ്ഞു, ഞാനത് ആവർത്തിക്കുന്നില്ല.

പാലക്കാട് നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞുകുട്ടിയുടെ വലതുകൈ മുറിച്ചുമാറ്റേണ്ടിവന്നു. സംഭവിച്ചുപോയി; നേരത്തെ പറഞ്ഞതുപോലെ നിങ്ങൾക്കെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണല്ലോ? ആയിരക്കണക്കിന് ഒറ്റപ്പെട്ട സംഭവങ്ങളാണ്. നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞിന്റെ കൈ മുറിച്ചുമാറ്റിയിട്ട് അതിനുപകരം കൈ വയ്ക്കാൻ ഒരു സഹായം ചെയ്തുകൊടുത്തോ; ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ വാർത്ത വന്നപ്പോഴാണ് ഞാൻ ഇക്കാര്യം അറിയുന്നത്. പിറ്റേ ദിവസംതന്നെ ആ കുട്ടിയെ എറണാകുളത്ത് കൊണ്ടുവന്ന് ഏറ്റവും നല്ല ഒരു ആശുപത്രിയിൽ പരിശോധിച്ച് അന്നുതന്നെ കൈവയ്ക്കാനാവശ്യമായ പണം ഞാൻ അവരുടെ അക്കൗണ്ടിലേക്ക് ഇട്ടുകൊടുത്തു. ആ വാർത്ത വന്നതിനുശേഷമാണ് കുട്ടിയെ സഹായിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പിൽനിന്നും ഉത്തരവിറങ്ങുന്നത്.

ഞാനിത് പ്രഖ്യാപിച്ചപ്പോൾ എന്റെ ഒരു സുഹൃത്ത് ഉടൻതന്നെ ആറ് ലക്ഷം രൂപയോളം നൽകി. ആധുനിക രീതിയിൽ കൈ നിർമ്മിക്കുന്ന കമ്പനിയിലേക്ക് അപ്പോൾതന്നെ ആ തുക അയച്ചുകൊടുക്കുകയാണുണ്ടായത്. ശ്രീ. ഷിബു ബേബി ജോണിന്റെ കാര്യം ഇവിടെ പറഞ്ഞു. ഒരു കുഞ്ഞിന്റെ കൈ നഷ്ടപ്പെട്ടിട്ട് മനസ്സിൽപോലും ഒരു സങ്കടം നിങ്ങൾക്ക് ഉണ്ടായിട്ടില്ല. ആ വിഷയത്തെക്കുറിച്ച് അന്വേഷിച്ച് ഉടനടി നടപടി സ്വീകരിക്കേണ്ടത് ഗവൺമെന്റ് അല്ലേ? അത്രയും മനഃസാക്ഷിയില്ലാത്തവരാണെന്ന് പറയുന്നതിൽ.... ഇപ്പോൾ ചവറയിലെ എം.എൽ.എ. പറഞ്ഞതെന്താണ്? വേണുവിന്റെ കുടുംബത്തിന് നീതി വേണമെന്നാണ്. എം.എൽ.എ.-യ്ക്ക് അങ്ങനെ മാത്രമേ പറയാൻ കഴിയുകയുള്ളൂ; അദ്ദേഹത്തിന് കാര്യം അറിയാം. കാരണം അവിടെ നീതി നിഷേധിക്കപ്പെട്ടു. ഇതൊക്കെ ഒരു അവകാശമല്ലേ? ഹെൽത്ത് എന്നത് സർക്കാർ ആശുപത്രിയും തുടങ്ങിവച്ച് ഒരു സംവിധാനവും ഇല്ലാത്തതിന്റെ ഫലമായി ഒരാളുടെ ജീവിതവും കുടുംബവും അനാഥമായില്ലേ? എം.എൽ.എ. പറഞ്ഞതെന്താണ്? ഞാൻ വേറെ രീതിയിലല്ല പറയുന്നത്.

സത്യസന്ധമായാണ് എം.എൽ.എ. ഇവിടെ പറഞ്ഞത്. കിളിമാനൂരിലെ രജിത്തിന്റെ അനുഭവമെന്താണ്; പമ്പാ ആശുപത്രിയിൽ ചികിത്സിച്ച പ്രീതാ ബാലചന്ദ്രന്റെ അനുഭവമെന്താണ്? ഇങ്ങനെ ധാരാളം കേസ്സുകളെക്കുറിച്ച് പറയാനുണ്ട്.

ആരോഗ്യകേരളം മുൻപന്തിയിലായിരുന്നു; സംശയമെന്താ, ഇപ്പോഴല്ല; മിഷനറിമാരുടെ കാലം മുതൽ രാജഭരണ കാലത്തും അതിനുശേഷം ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെല്ലാം ആരോഗ്യരംഗം നന്നായി ശ്രദ്ധിച്ചിരുന്നു. കേരളം ആരോഗ്യരംഗത്ത് ഒരുപാട് മുന്നോട്ടുപോയി. നമ്മളെല്ലാം അഭിമാനത്തോടെ പല സ്ഥലത്തും യൂറോപ്യൻ സ്റ്റാൻഡേർഡാണെന്നൊക്കെ കേരളത്തെക്കുറിച്ച് പ്രസംഗിച്ചിട്ടുണ്ട്. പക്ഷേ, കേരളത്തിലെ ആരോഗ്യരംഗം തിരിഞ്ഞുപോവുകയാണ്; തിരിഞ്ഞുനടക്കുകയാണ്. ആ യാഥാർത്ഥ്യം തിരിച്ചറിയണം. സി.&എ.ജി.-യുടെ പെർഫോർമൻസ് ഓഡിറ്റിങിൽ പല രംഗങ്ങളിലും പരാജയം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. ആരോഗ്യവകുപ്പിലെ സെക്കൻഡറി, ടെർഷ്യറി കെയർ പത്ത് കൊല്ലമായി തകർന്ന്

കൊണ്ടിരിക്കുകയാണ്. സി.&എ.ജി.-യുടെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ഒന്നുവായിച്ചുനോക്കു; സെക്കൻഡറി രംഗത്തും ടെർഷ്യറി രംഗത്തും വളരെയധികം തകർച്ചയിലൂടെയാണ് കേരളം പോകുന്നത്. വലിയ ഷോർട്ട് ഫാൾസാണ് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പെർഫോർമൻസ് ഓഡിറ്റ് എന്നത് സൂക്ഷ്മമായ പരിശോധന നടത്തി പുറത്തുവരുന്ന റിപ്പോർട്ടാണ്. അത് രാഷ്ട്രീയപ്രേരിതമായ റിപ്പോർട്ട് അല്ല. ഉദ്യോഗസ്ഥർ ആശുപത്രികളിൽ പോയി പരിശോധിച്ച് തയ്യാറാക്കുന്നതാണ്. സെക്കൻഡറി രംഗത്തും ടെർഷ്യറി രംഗത്തും ആശുപത്രികളിലുണ്ടാകുന്ന ഒരു തകർച്ച, ഒരു പിന്നോക്കം നടക്കലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പല സ്ഥലങ്ങളിലും ജനറൽ ആശുപത്രികളിലും എല്ലായിടങ്ങളിലുമെന്ന് ഞാൻ പറയുന്നില്ല. പല ജില്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും അടിയന്തര ചികിത്സയില്ല. അപകടം സംഭവിച്ചാലും അടിയന്തര രോഗം വന്നാലും രോഗികൾ മെഡിക്കൽ കോളേജിലോ സ്വകാര്യ ആശുപത്രിയിലോ പോകണം. മെഡിക്കൽ കോളേജ് ആശുപത്രിയിലെ തിരക്കിന്റെ കാരണം അതുകൂടിയാണ്. ആവശ്യമായ

ട്രീറ്റ്മെന്റ് പോലും താഴെത്തട്ടിലുള്ള ആശുപത്രികളിൽ ലഭിക്കാത്തതുകൊണ്ടാണ് ഇങ്ങനെ മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്നത്. പല സ്ഥലത്തും ഇതാണ് അവസ്ഥ. മുമ്പ് താലൂക്ക് ആശുപത്രികളിൽ കൃത്യമായാണ് പോസ്റ്റ്മോർട്ടം നടന്നിരുന്നത്. ഇപ്പോൾ എല്ലായിടത്തുനിന്നും മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയാണ്. ആരെങ്കിലും പരിശോധിച്ചിട്ടുണ്ടോ? ഞാൻ 25 വർഷമായി എം.എൽ.എ. ആയിരിക്കുന്നയാളാണ്. താലൂക്ക് ആശുപത്രിയിൽ ചെയ്യാവുന്ന നിസ്സാര പോസ്റ്റ്മോർട്ടംപോലും മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. പെരുമ്പാവൂർ ഒരു സംഭവമുണ്ടായി. മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്ത ബോഡി അവിടെനിന്നും തിരിച്ചയച്ചു. എന്നിട്ട് പരാതി വന്നപ്പോൾ വീണ്ടും തിരിച്ചയച്ചു. ഒരാളുടെ ബോഡിയാണ്; അങ്ങോട്ടുമിങ്ങോട്ടും പോസ്റ്റ്മോർട്ടം ചെയ്യാൻവേണ്ടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

എല്ലായിടത്തും വ്യാപകമായി സിസ്റ്റത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ കാര്യം പറഞ്ഞുവല്ലോ?

തിരുവനന്തപുരത്ത് മെഡിക്കൽ കോളേജുകളിലും മറ്റ് പല മെഡിക്കൽ കോളേജുകളിലും ഒരു കട്ടിലിൽ മൂന്ന് പേരാണ് കിടക്കുന്നത്. ആശുപത്രികളിൽ സൗകര്യങ്ങളില്ല; സ്റ്റാഫുകളില്ല; സ്റ്റാഫ് പാറ്റേൺ നോക്കുന്നില്ല; നിലവിലുള്ള ജീവനക്കാരെക്കൊണ്ട് ജോലികൾ ചെയ്തുതീർക്കാൻ കഴിയുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കുറ്റപ്പെടുത്തി പറഞ്ഞുവല്ലോ? എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്തിരുന്നു. കഴിഞ്ഞ ഒമ്പത് വർഷമായി ഇതിലുള്ള പ്രോഗ്രസ്സ് എന്താണ്? തിരുവനന്തപുരം ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്താൻ തീരുമാനിക്കുകയും അതിനായി കെട്ടിടം നിർമ്മിക്കുകയും ചെയ്തു. അടുത്ത കെട്ടിടത്തിൽ ഒരു കട്ടിലിൽ മൂന്നുപേർ കിടക്കുകയാണ്. എന്നാൽ ഈ കെട്ടിടം ഇതുവരെ പ്രവർത്തിക്കാൻ അനുവദിച്ചിട്ടില്ല. ചരിത്രത്തിലാദ്യമായി മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടും പ്രവർത്തനം തുടങ്ങാൻ സാധിക്കാത്ത മെഡിക്കൽ കോളേജാണ് തിരുവനന്തപുരത്തുള്ളത്. അവിടെ എന്താണ്

നടക്കുന്നതെന്നറിയാമോ? അവിടെ ട്രോമാ കെയർ ട്രെയിനിംഗ് നടത്തുകയാണ്. മെഡിക്കൽ കോളേജ് പ്രവർത്തിക്കേണ്ട സ്ഥലമാണ്. തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ഓവർ ലോഡഡാണ്. അത് പരിഹരിക്കാനാണ് ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി കൺവെർട്ട് ചെയ്ത് കെട്ടിടം നിർമ്മിച്ചത്. എന്നാൽ മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുപോലും അത് പ്രവർത്തിക്കാതെയിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നതാണെന്ന ഒറ്റ കാരണം കൊണ്ട് മഞ്ചേരി, ഇടുക്കി, വയനാട്, കോന്നി മെഡിക്കൽ കോളേജുകളോട് കടുത്ത അവഗണനയാണ് ഈ സർക്കാർ കാണിച്ചത്. കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ റിവേഴ്സ് റഫറലാണ് നടക്കുന്നത്. മെഡിക്കൽ കോളേജ് ആശുപത്രി എന്നുപറഞ്ഞാൽ റഫറൽ ഹോസ്പിറ്റലുകളാണ്. ഇപ്പോൾ കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ രോഗികൾ ചെന്നാൽ ജില്ലാ ആശുപത്രികളിലേക്ക് അയയ്ക്കുകയാണ്, റിവേഴ്സ് റഫറൽ. സാധാരണ ജില്ല, താലൂക്ക് ആശുപത്രികളിൽനിന്നും മെഡിക്കൽ കോളേജിലേക്ക് റഫർ

ചെയ്യും. ഈ രണ്ട് മെഡിക്കൽ കോളേജുകളിൽ രോഗികൾ എത്തിയാൽ ജില്ലാ ആശുപത്രികളിലേക്ക് റിവേഴ്സ് റഫറൽ ചെയ്യുന്ന സ്ഥിതിയാണ്. വയനാട് മെഡിക്കൽ കോളേജിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് നൂറ് കണക്കിന് രോഗികളെ റഫർ ചെയ്തുകൊണ്ടിരിക്കുകയാണ്. സി.ടി. സ്കാൻ മെഷീൻ കേടായി കിടക്കുകയാണ്. വയനാടിൽ സ്പെഷ്യാലിറ്റി സംവിധാനമില്ല. കാർഡിയോളജി ഒ.പി. രണ്ട് ദിവസമാണ്. സി.ടി. സ്കാൻ മെഷീൻ ഇല്ലാതായിട്ട് ഒമ്പത് മാസമായി. പത്ത് പതിനഞ്ച് കിലോമീറ്റർ ദൂരമുള്ള അംബേദ്കർ സെന്ററിലോ കൽപ്പറ്റയിലോ പോയി സി.ടി. സ്കാൻ എടുത്തശേഷം തിരികെ ആശുപത്രിയിൽ വന്നാണ് റഫറൽ റിപ്പോർട്ട് വാങ്ങേണ്ടത്. വയനാട് ചുരത്തിൽ പോയിനിന്നാലറിയാം; റഫർ ചെയ്തുപോകുന്ന വാഹനങ്ങൾ കണ്ടാലറിയാം; വയനാട് മെഡിക്കൽ കോളേജിന്റെ ദുരവസ്ഥ. കോന്നി മെഡിക്കൽ കോളേജിൽ അത്യാഹിതവിഭാഗം പോലും പ്രവർത്തിക്കുന്നില്ല. ഇരുന്നൂറ് മീറ്റർ എത്തുന്നതിനുമുമ്പ് കളക്ടറുടെ വാഹനം ആക്സിഡന്റായപ്പോൾ പത്തനംതിട്ട

സ്വകാര്യ ആശുപത്രിയിലാണ് ചികിത്സ തേടിയത്. തൊട്ടപ്പുറത്ത് മെഡിക്കൽ കോളേജുണ്ട്; കളക്ടർക്ക് ചികിത്സയ്ക്കായി പോകേണ്ടി വന്നത് സ്വകാര്യ ആശുപത്രിയിലാണ്. ഇടുക്കി മെഡിക്കൽ കോളേജിലെ സ്ഥിതിയും പരിതാപകരമായ അവസ്ഥയിലാണ്. കോട്ടയം അല്ലെങ്കിൽ എറണാകുളം മെഡിക്കൽ കോളേജിനെയാണ് അവിടുത്തെ രോഗികൾ ആശ്രയിക്കേണ്ടി വരുന്നത്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് ഇല്ല. കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി. മാത്രമല്ലേ പ്രവർത്തിക്കുന്നുള്ളൂ. മെഡിക്കൽ കോളേജിന്റേതായി എന്ത് സംവിധാനമാണ് കാസർഗോഡ് മെഡിക്കൽ കോളേജിലുള്ളത്; ഒരു സംവിധാനവുമില്ല. നേരത്തെ കാസർഗോഡ് എം.എൽ.എ. പറഞ്ഞത് സംബന്ധിച്ച് ആരോ പരിഹസിക്കുന്നതുകേട്ടു. അദ്ദേഹം പറഞ്ഞത് അവിടെ ഒരു സംവിധാനവുമില്ല; ഒ.പി. മാത്രമേയുള്ളൂ എന്നാണ്. വല്ലാത്ത സ്ഥിതിയാണ് കാസർഗോഡിനുള്ളത്. മംഗലാപുരത്തേക്ക് കൊണ്ടുപോയാണ്. പത്തുവർഷം മുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയ മെഡിക്കൽ കോളേജുകളുടെ സ്ഥിതി പരിതാപകരമാണ്.

ശ്രീ. എ. പി. അനിൽ കുമാർ മന്ത്രിയായിരിക്കുന്ന സമയത്ത് പട്ടികജാതി വകുപ്പിൽനിന്നും തുക ചെലവഴിച്ച് എത്ര ഭംഗിയായയാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത്. അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പരിതാപകരമായ അവസ്ഥയാണ്. പാലക്കാട് മെഡിക്കൽ കോളേജ് സംബന്ധിച്ച് എത്ര പേരാണ് പരാതി പറയുന്നത്; എന്ത് അഡ്മിനിസ്ട്രേഷനാണുള്ളത്; എന്ത് സിസ്റ്റമാണ് അവിടെ വർക്ക് ചെയ്യുന്നത്. കേരളത്തിൽ സർക്കാർ ആശുപത്രിയിൽ കൂടുതൽ ആളുകൾ എന്താണ് വരുന്നത്; നേരത്തേ പറഞ്ഞത് ശരിയാണ്. സ്വകാര്യ ആശുപത്രികളിൽ ചെലവ് വളരെ കൂടുതലാണ്. സാധാരണക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കുപോയാൽ അവിടുത്തെ ബില്ല് അടയ്ക്കുന്നതിന് അഞ്ചുലക്ഷവും പത്ത് ലക്ഷവും രൂപയാണാകുന്നത്; വീട് പണയപ്പെടുത്തിയാൽപോലും കിട്ടുകയില്ല. അതുപോലെയുള്ള ബില്ലാണ് വരുന്നത്. ഇനിയിപ്പോൾ ഇവിടെ പലരും സംസാരിച്ചതുപോലെ...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ ഇനിയെത്ര സമയം വേണം?

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു മൂന്നോ നാലോ മിനിറ്റിനകം ഞാൻ അവസാനിപ്പിക്കാം. സ്വകാര്യ ആശുപത്രികളെപ്പോലും വലിയ കമ്പനികൾ ടേക്ക് ഓവർ ചെയ്യുകയാണ്. അവിടുത്തെ ചികിത്സാ ചെലവ് വർധിക്കാൻ പോകുകയാണ്. സാധാരണക്കാരന് ഇത് താങ്ങാൻ സാധിക്കില്ല. അതുകൊണ്ട് മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും താലൂക്ക് ആശുപത്രികളിലെയും സംവിധാനം മെച്ചപ്പെടുത്തിയില്ലെങ്കിൽ പാവപ്പെട്ടവർക്ക് ചികിത്സ ലഭിക്കാത്ത ഒരു സാഹചര്യം വരും. അല്ലാതെ കേരളത്തിലെ ആരോഗ്യ രംഗത്തെ, ഗവൺമെന്റിന്റെ, സർക്കാർ സെക്ടറിലെ ആരോഗ്യ രംഗത്തെപ്പറ്റി മോശമായി പറഞ്ഞ് ഇമേജ് കളയുക, എന്നിട്ട് സ്വകാര്യ ആശുപത്രികളിൽ ആളെ കൂട്ടുന്നതിന് ശ്രമിക്കുക, അതൊന്നും ഈ നിയമസഭയിൽ പറയരുത്. ഇവിടെയല്ലാതെ നമ്മുടെയൊരു സിസ്റ്റത്തിനുണ്ടായ തകരാറ് വേറെ എവിടെപ്പോയി പറയും? ഇവിടെ ഈ വിഷയം ചർച്ചയ്ക്കെടുത്തത് നന്നായി. ഗൗരവമുള്ള വിഷയമായതുകൊണ്ടല്ലേ ചർച്ചയ്ക്കെടുത്തത്? ഇത് ചർച്ച ചെയ്യുമ്പോൾതന്നെ ഒരു ഔട്ട്കം ഉണ്ടാകണം. അല്ലാതെ ഇത് രാഷ്ട്രീയമായ വിമർശനമോ

മന്ത്രിക്കെതിരെയുള്ള വ്യക്തിപരമായ വിമർശനമോ അല്ല. അങ്ങനെ കരുതരുത്. ആരോഗ്യ വകുപ്പിനെക്കുറിച്ച് എന്തുപറഞ്ഞാലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിചാരിക്കുന്നത് അത് മന്ത്രിയെ വ്യക്തിപരമായി വിമർശിക്കുകയാണെന്നാണ്. ഗവൺമെന്റിനെ വിമർശിക്കുമ്പോൾ വകുപ്പുമന്ത്രിക്ക് അതിന്റെ ഉത്തരവാദിത്വം ഉണ്ട്. സിസ്റ്റം പരാജയം ആണെങ്കിൽ ആ സിസ്റ്റത്തിന് നേതൃത്വം കൊടുക്കുന്ന വകുപ്പുമന്ത്രിക്കും താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്കും അതിന് ഉത്തരവാദിത്വമുണ്ട്. സിസ്റ്റം തകർന്നിരിക്കുകയാണെന്ന് രോഗികളല്ല പറയുന്നത്; ഡോക്ടർമാർ തന്നെയല്ലേ പറയുന്നത്? പ്രതിപക്ഷം ഉന്നയിച്ച നിരവധി സംഭവങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്, അനാസ്ഥ ഉണ്ടാവുകയാണ്. സ്റ്റാഫിന്റെ കുറവും നിരവധി പ്രശ്നങ്ങളുമുണ്ടെന്ന കാര്യം അറിയാം. സാധാരണ ഗവൺമെന്റുകൾ അധികാരത്തിൽ വരുമ്പോൾ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ മാത്രം നാലായിരം മുതൽ അയ്യായിരം വരെ നിയമനം നടത്തിയിട്ടുണ്ട്. പുതിയ വേക്കൻസി ക്രിയേറ്റ് ചെയ്താണ് ആ അഞ്ചുകൊല്ലം

കൊണ്ട് നിയമനങ്ങൾ നടത്തിയത്. ഓരോ ഗവൺമെന്റിന്റെ കാലത്തും അക്കാര്യം നടപ്പിലാക്കി എല്ലാ ഗവൺമെന്റിന്റെ കാലം വരുമ്പോഴും അത് കൂടിക്കൊണ്ടിരിക്കുകയാണ്. കാരണം ഇപ്പോൾ കേരളത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്‌പെൻസ് അതായത്, ഒരു അസുഖം വന്നാൽ ഒരാൾ പോക്കറ്റിൽനിന്നും ചെലവാക്കേണ്ട ഒരു തുക. ഔട്ട് ഓഫ് പോക്കറ്റ് എക്സ്‌പെൻസിൽ ഇന്ത്യയിൽ നമ്പർ വൺ കേരളമാണ്. അറുപത് ശതമാനം മുതൽ എഴുപത് ശതമാനം വരെയാണ് കേരളത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്‌പെൻസ്. ഒരു ലക്ഷം രൂപ ചെലവായാൽ എഴുപതിനായിരം രൂപ അയാളുടെ പോക്കറ്റിൽനിന്ന് പോകും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പൈസ ചെലവാക്കുന്ന സംസ്ഥാനം കേരളമാണ്. ആറുവർഷംമുമ്പ് തമിഴ്നാടിന്റെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്‌പെൻസ് അറുപത്തിനാല് ശതമാനമായിരുന്നു. അവർ കഴിഞ്ഞ ആറുവർഷംകൊണ്ട് അത് മുപ്പത്തിരണ്ട് ശതമാനമാക്കി കുറച്ചുകൊണ്ടുവന്നു. എല്ലാ എം.എൽ.എ.-മാരും ഇവിടെയുണ്ട്; നമ്മൾ ഓഫീസിൽ ഇരിക്കുമ്പോൾ ഏറ്റവും കൂടുതൽ നമ്മുടെ അടുത്തുവരുന്നതാരാണ്; രോഗികളായിട്ടുള്ള പാവങ്ങൾ. എനിക്ക് തോന്നുന്നത് ഒരു എം.എൽ.എ.

എന്ന നിലയിൽ ഞാൻ ഏറ്റവും കൂടുതൽ വിളിക്കുന്നത് കൊച്ചിയിലെ ആശുപത്രികൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിലാണ്. ലക്ഷക്കണക്കിന് രൂപയുടെ ബില്ലാണ് വരുന്നത്. കൊച്ചിയിലെ എല്ലാ ആശുപത്രികളിലുംകൂടി ഞാൻ തന്നെ പത്തുമുപ്പത് ലക്ഷം രൂപ കൊടുക്കാനുണ്ട്. ചിലർ മരിച്ചുകഴിഞ്ഞാൽ ഡെഡ് ബോഡി തിരിച്ചുകൊണ്ടുവരാനും ബില്ല് കൊടുക്കാനും പൈസയില്ല. നമ്മൾ വിളിച്ചുപറഞ്ഞ് ഗാരന്റി കത്ത് കൊടുത്തശേഷമാണ് ഡെഡ് ബോഡി തിരിച്ചയയ്ക്കുന്നത്. ചിലപ്പോൾ അവർ എവിടുന്നെങ്കിലുമൊക്കെ കടം വാങ്ങി ബില്ലടയ്ക്കും, ചിലപ്പോൾ അവർക്ക് പറ്റില്ല; ബാധ്യതയാണ്. നമുക്ക് എം.എൽ.എ.-മാർ എന്ന നിലയ്ക്ക് ഇതൊക്കെ അറിയാം. കാരണം സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് വർധിച്ചു. ഹെൽത്ത് എക്സ്പെൻസും വളരെയധികം വർധിക്കുകയാണുണ്ടായത്. നമ്മൾ എങ്ങനെയാണ് അതിനെ മറികടക്കേണ്ടത്? ഗവൺമെന്റ് സെക്ടറിൽ കൂടുതൽ സംവിധാനങ്ങൾ നമുക്കുണ്ടാകണം. ആ സംവിധാനങ്ങളെ മെച്ചപ്പെടുത്തണം; ഇപ്പോൾ സംവിധാനങ്ങളെ ഡീറെയിൽ ചെയ്തിരിക്കുകയാണ്. ഞാൻ

വെറുതെ പറഞ്ഞതല്ല. ആരോഗ്യ കേരളം വെന്റിലേറ്ററിലാണ്. അവിടെനിന്നും പുറത്തുകൊണ്ടുവന്ന് പൂർണ ആരോഗ്യവതിയാക്കി നടത്തിയാലേ കേരളത്തിലെ പാവപ്പെട്ടവർക്ക് 'റൈറ്റ് റ്റു ഹെൽത്ത് കെയർ' കിട്ടുകയുള്ളൂ. അതിലേക്ക് കൊണ്ടുവരുന്നതിന് കൂട്ടായ പരിശ്രമം വേണം. അത്തരം കാര്യങ്ങളിൽ എന്ത് നെഗറ്റിവിറ്റിയാണ് ആരോഗ്യ രംഗത്ത് ഞങ്ങൾ ചെയ്തിരിക്കുന്നത്; എന്ത് നെഗറ്റീവായ കാര്യമാണ് പറഞ്ഞിരിക്കുന്നത്? തെറ്റ് കണ്ടാൽ ചൂണ്ടിക്കാണിക്കും; അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്നിട്ട് പറയുകയാണ്; വ്യാപകമായി എല്ലാ മെഡിക്കൽ കോളേജിലും നിരന്തരമായി പ്രശ്നങ്ങൾ ഉണ്ടാകുകയാണ്.

ഓപ്പറേഷൻ നടത്തിയപ്പോൾ കത്രിക വയറിനുള്ളിലകപ്പെട്ട ഒരു സ്ത്രീയല്ലേ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ വീടിനുമുമ്പിൽ സത്യാഗ്രഹം നടത്തുന്നത്. അവർ സമരം തുടങ്ങിയിട്ട് എത്ര നാളായി? ഒന്ന് സഹായിക്കണ്ടേ; അവർക്ക് ജീവിക്കാൻ നിവൃത്തിയില്ല. അഞ്ചുകൊല്ലം വയറ്റിൽ കത്രിക ചുമന്നുകൊണ്ട് നടന്നപ്പോൾ അവർ അനുഭവിച്ച വേദനയും കഷ്ടപ്പാടും ദുരിതവും ഓർക്കാൻപോലും സാധിക്കില്ല. എത്ര പേരെ നിങ്ങൾ

സഹായിക്കുന്നു? ഒരു ഫയൽ ക്യാബിനെറ്റിൽ വച്ച് "അവരുടെ ചികിത്സ ഞങ്ങൾ ഏറ്റെടുക്കും" എന്നുപറയാനുള്ള ഒരു മനസ്സ് കാണിക്കണ്ടേ? ഒരു മനസ്സുണ്ടോ; ഒരു സ്ത്രീയല്ലേ? നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ ചികിത്സാ പിഴവുമൂലം അഞ്ചുകൊല്ലം വയറ്റിൽ കത്രിക ഇട്ടുനടന്ന് അവർ അനുഭവിക്കുന്ന വേദനയും പ്രയാസവും സങ്കടങ്ങളും മാറ്റുന്നതിന് ഒന്നുചേർത്തുപിടിച്ച് അവരോട് "നിങ്ങളുടെ ചികിത്സ മുഴുവൻ ഞങ്ങൾ നോക്കും" എന്നുപറയണ്ടേ ഒരു ഗവൺമെന്റ്? മനസ്സാക്ഷിയില്ലാത്ത ഗവൺമെന്റാണിത്. കേരളത്തിലെ ഗുരുതരമായ ഈ വിഷയത്തിൽ, ആരോഗ്യ കേരളത്തെ രക്ഷിക്കാനുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇടുക്കി മെഡിക്കൽ കോളേജിനെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് ഒരു ക്ലാരിഫിക്കേഷനുവേണ്ടി മാത്രമാണ് ഞാൻ സംസാരിക്കുന്നത്. ഒരു വസ്തുത യാഥാർഥ്യമാണ്. മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായി ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകളെക്കുറിച്ചൊക്കെ പറയുമ്പോൾ

മനസ്സിലാക്കാൻ പറ്റും. പക്ഷേ, ആ മെഡിക്കൽ കോളേജ് ആരംഭിച്ചത് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. യാതൊരു സംശയവും അക്കാര്യത്തിൽ ഇല്ല. പക്ഷേ ആ ഘട്ടത്തിൽതന്നെ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നമുക്ക് നഷ്ടപ്പെട്ടു. തുടർന്ന് അധികാരത്തിൽവന്നത് പിണറായി സർക്കാരായിരുന്നു. ഞാൻ അദ്ദേഹത്തിന് ആദ്യം കൊടുത്തൊരു കത്ത് ഈ മെഡിക്കൽ കോളേജിനെ സംബന്ധിച്ച കാര്യങ്ങൾ പരാമർശിച്ചാണ്. ആ കാലഘട്ടത്തിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആയിരുന്നു. ഒരു കാരണവശാലും അവിടെ ഒരു കുറവ് ഉണ്ടാകില്ലെന്ന് പറഞ്ഞതുപോലെ ആ വാക്ക് പാലിച്ചാണ് കാര്യങ്ങൾ ചെയ്തുതന്നത്. വീണ്ടും അവിടെ എം.സി.ഐ.-യുടെ ഇൻസ്പെക്ഷൻ നടത്തിയാണ് മെഡിക്കൽ വിദ്യാർഥികൾക്ക് അഡ്മിഷൻ നൽകിയത്. ഇപ്പോൾ ആ വിദ്യാർഥികൾ ആദ്യ ബാച്ച് പഠിച്ച് അടുത്ത വർഷം പുറത്തിറങ്ങുന്ന സ്ഥിതിയാണ്. പിന്നെ ഹൈറേഞ്ച് ആകുമ്പോഴും ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോഴും ഉണ്ടാകാവുന്ന തരത്തിലുള്ള ചില ബാലാരിഷ്ടതകളൊക്കെ ഉണ്ടായിരുന്നു. ഇന്ന് ഹോസ്റ്റൽ സൗകര്യങ്ങളും

അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങളെല്ലാം മെച്ചപ്പെട്ടിട്ടുണ്ട്. ഇന്റേണൽ റോഡുകൾക്കുതന്നെ പതിനേഴ് കോടി രൂപ കൊടുത്തു. ഓക്സിജൻ പ്ലാന്റിലേക്ക് പോകുന്ന ഒരു റോഡിന്റെ പ്രശ്നം ഉണ്ടായിരുന്നു. കഴിഞ്ഞ ആഴ്ചതന്നെ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് ആ പ്രശ്നത്തിനും പരിഹാരം കണ്ടെത്താനായി കഴിഞ്ഞു. അതിനോട് അനുബന്ധമായി നഴ്സിങ്ങ് കോളേജ് ആരംഭിക്കുകയും അവിടെ കുട്ടികൾ പഠിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഞാൻ പൊതുവായി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. പ്രശ്നങ്ങളില്ല എന്നുള്ളത് കാണിക്കാൻവേണ്ടി മാത്രമല്ല, രണ്ടായിരത്തോളം ഒ.പി. ഉണ്ട്. ഇപ്പോൾ നിലവിലുള്ള ഡോക്ടർമാർ എല്ലാവരും വരുന്നുണ്ട്. ഹൈറേഞ്ചിൽ അവിടുത്തെ ചില പ്രായോഗികവും പ്രാദേശികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നുള്ളത് സത്യമാണെങ്കിലും ആ മെഡിക്കൽ കോളേജ് ഇപ്പോൾ മുന്നോട്ടുപോകുന്നതിന് ഒരു തടസ്സവും നിലവിൽ അവിടെയില്ല എന്നുള്ളത് സൂചിപ്പിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ,

മി. സ്പീക്കർ: യെസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സംസാരിച്ചതിനെപ്പറ്റിയല്ല ഞാൻ സൂചിപ്പിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട ആലപ്പുഴ അംഗം പ്രസംഗിച്ചപ്പോൾ 'യു.ഡി.എഫ്. മന്ത്രിസഭയിലെ ഒരാൾ സ്വകാര്യ ആശുപത്രിയെ വാങ്ങി' എന്നുള്ള ഒരു പരാമർശം നടത്തി. യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു ആരോപണമാണത്. സഭയിലില്ലാത്ത ഒരാളെക്കുറിച്ചുള്ള ഗുരുതരമായ ഒരു ആരോപണമാണത്. ഒന്നുകിൽ അദ്ദേഹം അത് പിൻവലിക്കണം. അല്ലെങ്കിൽ അങ്ങ് സഭാ നടപടികളിൽനിന്നത് നീക്കം ചെയ്യണം എന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: യെസ്.... പരിശോധിച്ച് ചെയ്യാം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, റൂൾ 50 പ്രകാരം പ്രതിപക്ഷം ഇന്ന് നിയമസഭയിൽ ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നത് നന്നായി. 2016-നുമുമ്പ് കേരളത്തിൽ തകർന്ന് തരിപ്പണമായിപോയിരുന്ന കേരളത്തിന്റെ ആരോഗ്യ മേഖലയെക്കുറിച്ചൊന്ന് ഓർമ്മിക്കുന്നതിനും ഇന്ന് പ്രതിപക്ഷത്തിന്റെ

ആരോഗ്യ മേഖലയെ സംബന്ധിച്ചുള്ള സമീപനവും കാഴ്ചപ്പാടും എന്താണെന്നുള്ളത് മനസ്സിലാക്കുന്നതിനും ഇന്നിവിടെ നടന്ന ചർച്ചയിലൂടെയും വിഷയാവതരണത്തിലൂടെയും കഴിഞ്ഞു. ബഹുമാന്യനായ പ്രമേയാവതാരകൻ അദ്ദേഹത്തിന്റെ പ്രസംഗം നിർത്തുമ്പോൾ ഒരു വാചകം ഉദ്ധരിക്കുകയുണ്ടായി. "നിങ്ങൾ എന്തിനാണ് സർക്കാർ ആശുപത്രിയിൽ പോയത്? നിങ്ങൾ സ്വകാര്യ ആശുപത്രിയിൽ പോയാൽ മതിയായിരുന്നില്ലേ" എന്ന് ചോദിച്ചതായി അദ്ദേഹം പറഞ്ഞു. നമ്മൾ അത് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ മണ്ഡലത്തിൽ അദ്ദേഹം പറഞ്ഞതുപോലെ,

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ....... (മൈക്ക് ഓഫ്)

ശ്രീമതി വീണാ ജോർജ്ജ്: സർ, (...ബഹളം.....) ഞാൻ അങ്ങ് പറഞ്ഞതുമാത്രമേ പറഞ്ഞുള്ളൂ. ഞാൻ സംസാരിക്കട്ടെ. (...ബഹളം.....) ഞാൻ വഴങ്ങാം. ഇപ്പോൾ ഞാൻ തുടങ്ങിയതല്ലേയുള്ളൂ. ശരി.. ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ നിയോജകമണ്ഡലത്തിൽ അദ്ദേഹം സൂചിപ്പിച്ചതുപോലെ ജനുവരി മാസം 19-ാം തീയതി ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി, വലിയ

ഒരു ജനസമൂഹത്തിനെ സാക്ഷി നിർത്തിക്കൊണ്ട് കുണ്ടറയിലെ പുതിയ താലൂക്ക് ആശുപത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. (...ബഹളം.....) എന്നെ സംസാരിക്കാൻ അനുവദിക്കു... ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ., അങ്ങേക്ക് സംസാരിക്കാം... ഞാൻ തുടങ്ങി ഒരു വാചകം അല്ലേ ആയുള്ളൂ. ഞാൻ വഴങ്ങാം. അങ്ങേയ്ക്ക് വഴങ്ങാം. ഞാൻ സംസാരിച്ചിട്ട് തീർച്ചയായിട്ടും വഴങ്ങാം. അങ്ങേക്ക് പറയാനുള്ളത് കേൾക്കാം. തീർച്ചയായും കേൾക്കും. ഞാൻ സഭയിൽ അല്ലേ പറയുന്നത്. തീർച്ചയായും വഴങ്ങാം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.. (മൈക്ക് ഓഫ്)

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, എന്ത് പോയിന്റ് ഓഫ് ഓർഡർ? ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതാണ് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് അത് ശരിയല്ല. നിങ്ങൾ അങ്ങനെയല്ല പറഞ്ഞത്. നിങ്ങൾ ആദ്യം യീൽഡ് ചെയ്യാൻ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി യീൽഡ് ചെയ്തില്ല. മന്ത്രി പറഞ്ഞല്ലോ. Show some patience.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ

നിയോജകമണ്ഡലമായ കുണ്ടറയിൽ കിഫ്ബി പദ്ധതിയിലൂടെ നിർമ്മിച്ച താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്ക് ജനുവരി മാസം 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. വളരെ സ്ഥലപരിമിതിയുള്ള പഴയ ഒരു കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന, സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ബോർഡ് മാറ്റിവച്ചിരുന്ന ഒരാശുപത്രിയെ 76 കോടി രൂപ ചെലവഴിച്ച് ബഹുനില കെട്ടിടമുള്ള ഒരു ആശുപത്രിയാക്കി മാറ്റി. 74 വയസ്സുള്ള ലക്ഷ്മികുട്ടി എന്ന അമ്മ ഇന്ന് അവിടെ ഡയാലിസിസ് ചെയ്യുന്നുണ്ട്. അവർ ഇതിനുമുമ്പ് ഡയാലിസിസ് ചെയ്തിരുന്നത് സ്വകാര്യ ആശുപത്രിയിലാണ്. 2000 രൂപ കൊടുത്ത് സ്വകാര്യ ആശുപത്രിയിൽ ഡയാലിസിസ് ചെയ്തിരുന്നിടത്ത് ഇന്ന് ആ 2000 രൂപ കൊടുക്കാതെ സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് അവർ പറയുകയുണ്ടായി. ആ സ്വകാര്യ ആശുപത്രിയുടെ പേര് ഞാൻ പറയുന്നില്ല. അതുപോലെ 70 വയസ്സുള്ള മുരളീധരൻ നായർ എന്ന അച്ഛനും അവിടെ ഡയാലിസിസ് ചെയ്യുന്നുണ്ട്. ഒരേ ഷിഫ്റ്റിലാണ് രണ്ടുപേരുമുള്ളത്. അദ്ദേഹം കൊല്ലത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിലാണ് 1800 രൂപയോ

മറ്റോ കൊടുത്ത് ഡയാലിസിസ് ചെയ്തുകൊണ്ടിരുന്നത്. സ്വകാര്യ ആശുപത്രിയിൽ ഒരു ഡയാലിസിസിന് 1500 രൂപ മുതൽ 2000 രൂപ വരെ ചെലവുണ്ട്. ആഴ്ചയിൽ മൂന്ന് ഡയാലിസിസ് വരെ ചെയ്യും. ആഴ്ചയിൽ 4500 രൂപ വച്ച് ഒരു മാസമാകുമ്പോൾ 18000 രൂപയാണ് ചെലവാകുന്നത്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് വലിയ തുകയാണ്. ഏതാനും മാസങ്ങൾക്ക് മുമ്പ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ ഡയാലിസിസ് യൂണിറ്റ് ഞാൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. സ്വകാര്യ മേഖലയിൽ ഡയാലിസിസ് ചെയ്യുന്നതും ഒരു ഡയാലിസിസിന് 2000 രൂപയും പിന്നെ വണ്ടിക്കൂലിയും മറ്റ് പ്രയാസങ്ങളും നേരിടുന്ന സാധാരണക്കാരായ പ്രായമുള്ള ആളുകൾക്ക് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിലൂടെ ഡയാലിസിസ് സൗകര്യം ഒരുക്കിക്കൊടുക്കുക എന്നുള്ളത് ഈ സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നയമാണ്. 2016-ന് മുമ്പ് 12 ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം ഉണ്ടായിരുന്നത്. ഇന്ന് 125 ആശുപത്രികളായി അത് ഉയർന്നു. ഇതിന്റെ സാമ്പത്തിക സ്ഥിതി നമുക്ക് പരിശോധിക്കാം. 125 സർക്കാർ

ആശുപത്രികളിലായി ഇന്ന് വിവിധ സ്കീമുകളിലൂടെ സൗജന്യമായി 3000 രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നുണ്ട്. അതിന്റെ സാമ്പത്തിക വശം നോക്കിയാൽ 60 ലക്ഷം രൂപ കേരളത്തിലെ ജനങ്ങൾക്ക് ഒരു ദിവസം സ്വകാര്യ മേഖലയിൽ ചെലവഴിക്കേണ്ടിവരുന്നില്ലയെന്നതാണ്. അത് സർക്കാർ സംവിധാനത്തിലൂടെ സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. ഇതേസമയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കുണ്ടറ നിയോജകമണ്ഡലത്തിൽ കൊല്ലം ജില്ലയുടെയും പത്തനംതിട്ടയുടെയും ബോർഡറിൽ വിദ്യ എന്നൊരു പെൺകുട്ടിയുണ്ട്. ഇക്കാര്യം ഞാൻ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഭർത്താവിന്റെ ആക്രമണത്താൽ കൈ രണ്ടായി വെട്ടി മാറ്റപ്പെട്ട അവളെയും കൊണ്ട് മാതാപിതാക്കൾ ഒരു സ്വകാര്യ ആശുപത്രിയിൽ ചെന്നപ്പോൾ അവർ 10 ലക്ഷം രൂപ വേണമെന്നാണ് പറഞ്ഞത്. എന്നാൽ പ്രതിപക്ഷം ആക്ഷേപിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എട്ട് മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ അവിടത്തെ ഡോക്ടർമാർ ആ കൈകൾ തുന്നിച്ചേർത്തു. രക്തം ഒഴുകുന്ന ആ കൈകൾ ചേർത്തുപിടിച്ച് അവളുടെ മകനെയും കൊണ്ട് ഈ സമൂഹത്തിൽ

അന്തസ്സോടെയും ആത്മാഭിമാനത്തോടെയും അവൾ ജീവിക്കുന്നുണ്ട്. ചില കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കാം. യു.ഡി.എഫ്.-ന്റെ കാലത്ത് അതായത് 2014 ഡിസംബർ മാസത്തിൽ അന്നത്തെ ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ മറുപടി നമുക്കൊന്ന് നോക്കാം. ചോദ്യം ഉന്നയിച്ചത് അന്നത്തെ എം.എൽ.എ.-യായിരുന്ന ശ്രീ. ജയിംസ് മാത്യു ആണ്. "ഇക്കാലയളവിനുള്ളിൽ ഇതുവരെ സർക്കാർ ആശുപത്രിയിൽ തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർ എത്ര; അവർ ആരെല്ലാം; അവർക്ക് എന്തൊക്കെ ധനസഹായം നൽകിയിട്ടുണ്ട്?" ഉത്തരമായി നൽകിയത് "അഞ്ചുപേർക്ക് തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. തിമിരശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ട വിജയലക്ഷ്മി, രാജൻ, തങ്ക, ബാലൻ, കുട്ടപ്പൻ എന്നിവർക്ക് ആരോഗ്യ വകുപ്പിൽനിന്നും ധനസഹായം നൽകിയിട്ടില്ല." അവർ പറഞ്ഞതുപോലെ കാഴ്ചയില്ലാതെ, തിമിര ശസ്ത്രക്രിയ ചെയ്തു. കാറ്ററാക്ട് സർജറിയാണ് ചെയ്തത്. ഈ ഘട്ടത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഈ ശനിയാഴ്ച ഒരു

ട്രാൻസ്പ്ലാന്റ് സർജറി നടത്തി. കോർണിയ അതായത് നേത്രാന്ധത മാറ്റുന്നതിനുവേണ്ടി നേത്രപടലം മാറ്റിവച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ നടന്നത്. ഇന്ന് ആ രോഗി കാഴ്ചശക്തി തിരിച്ചു കിട്ടി സുഖമായിരിക്കുന്നു. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം മനസ്സിലാക്കുന്നതിനായി കുറച്ച് ചോദ്യോത്തരങ്ങളിലൂടെ നമുക്ക് പോകാം. 2014-ൽ ശ്രീ. ജയിംസ് മാത്യു എം.എൽ.എ. ചോദിച്ച മറ്റൊരു ചോദ്യം. "മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ എത്ര നഴ്സസ് ജോലി നോക്കുന്നുണ്ട്; എത്ര ഒഴിവുണ്ട്?" ഉത്തരം 1438 പേരും 831 ഒഴിവും. പകുതി ആൾക്കാർപോലും തലസ്ഥാനത്തില്ല. അന്നത്തെയൊരു സ്ഥിതിയാണ് ഇവിടെ ഞാൻ ചൂണ്ടിക്കാട്ടുന്നത്. 2016 ഫെബ്രുവരി മാസം 12-ാം തീയതി ഉന്നയിച്ച ഒരു ചോദ്യം "ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സ യഥാസമയം ലഭ്യമല്ലാത്തതുമൂലവും സർക്കാർ ആശുപത്രികളിലെ ചികിൽസാ പിഴവുമൂലവും മരണപ്പെട്ടതും അംഗവൈകല്യം സംഭവിച്ചതും എത്ര പേർക്കാണ്?" ഉത്തരം 16 പേർ.

യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ കൊടുത്ത മറുപടിയാണ് ഇത്. അടുത്ത ചോദ്യം ഞെട്ടിക്കുന്നതാണ്. "ഇക്കാലയളവിനുള്ളിൽ നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?" ഉത്തരം 950 പേർ. ബഹുമാന്യനായ മൂവാറ്റുപുഴ എം.എൽ.എ. മാതൃമരണ നിരക്കിന്റെ കാര്യം നേരത്തെ പറയുകയുണ്ടായി. തിരുവിതാംകൂർ കൊച്ചി രാജഭരണ കാലത്തെ കാര്യം പറയണ്ടല്ലോ. പത്ത് വർഷം മുമ്പുള്ള കാര്യത്തിലേക്ക് പോകാം. അന്നത്തെ മരണപ്പെട്ട അമ്മമാരുടെ കണക്ക് അതായത് മാതൃമരണ നിരക്ക് 43 ആയിരുന്നു. 950 പേർ മരിച്ചു എന്ന കണക്കാണ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി നൽകിയത്. വീണ്ടും മറുപടികളിലേക്ക് വരുന്നതിനുമുമ്പ് ചില പത്ര കട്ടിങ്ങുകൾകൂടി ഞാൻ വായിക്കാം. "കേരളം ഐ.സി.യു.-വിൽ. രോഗികളെക്കൊണ്ട് തിങ്ങി നിറഞ്ഞ് ആശുപത്രി വരാന്തയിൽ തളർന്ന് അവശയായി അവർ നിൽക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകളായി. ഇനിയും നിരവധിപേർ ക്യൂവിലുണ്ട്", " പ്രമേഹസംബന്ധമായ അസുഖത്തിന് കിലോമീറ്ററുകൾ സഞ്ചരിച്ച് ഡോക്ടറെ

കാണാനെത്തിയതാണ് വാമനപുരം സ്വദേശി പ്രഭ. മെഡിക്കൽ കോളേജായി കൊട്ടി ആഘോഷിച്ച് പ്രഖ്യാപനം നടത്തിയ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നുള്ള കാഴ്ചയാണിത്. ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും മതിയായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാതെയും ജനത്തിന്റെ കണ്ണിൽ പൊടിയിടാനായി ഒരു ആശുപത്രി" . 2015-ൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലെ അടുത്ത വാർത്ത. "രൂക്ഷ വിമർശനവുമായി മനുഷ്യാവകാശ കമ്മീഷൻ. കൊച്ചിൻ ക്യാൻസർ സെന്റർ ജലരേഖയായി." (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു). ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ഇവിടെയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ജില്ലയായ എറണാകുളത്ത് മധ്യ കേരളത്തിലെ ഏറ്റവും വലിയ ക്യാൻസർ സെന്ററായ കൊച്ചി ക്യാൻസർ സെന്റർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ ചടങ്ങിൽ പങ്കെടുക്കണം. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കൊച്ചി ക്യാൻസർ സെന്ററിൽ എക്യുപ്മെന്റ്സ് എല്ലാം ലഭ്യമാക്കിയിട്ടുണ്ട്,

തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചിട്ടുമുണ്ട്. ക്യാൻസറിന്റെ റിസർച്ച് സെന്ററാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ജലരേഖയായി, ഒരു കല്ല് പോലും ഇല്ലാതിരുന്ന സ്ഥലത്താണ് കൊച്ചിൻ ക്യാൻസർ സെന്റർ നിർമ്മിച്ചിരിക്കുന്നത്. അടുത്ത വാർത്ത സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യമില്ലെന്നുള്ളതാണ് അതായത് കാത്ത് ലാബുകളെ കുറിച്ചാണ്. "സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യമില്ല, രോഗികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കുന്നു. 250 ലാബുകൾ തുടങ്ങും എന്ന പ്രഖ്യാപനം നടപ്പായില്ല." സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ജില്ലാ ആശുപത്രികളിൽ ഒരുക്കിയതിനെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ, ഇത് പത്ത് വർഷം മുമ്പ് മാതൃഭൂമിയിൽ വന്ന വാർത്തയാണെന്ന് തോന്നുന്നു. ഇന്ന് കേരളത്തിന്റെ എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിൽ ലാബ് നെറ്റ്വർക്കിങ് സംവിധാനമൊരുക്കിയിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽകോളേജുകളിലെ കാത്ത് ലാബുകളിൽ ഏതെങ്കിലും ഒന്ന് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയതാണോ? യു.ഡി.എഫ്-ന്റെ കാലത്ത് (....ബഹളം.....) കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ തുടങ്ങിയ ഏതെങ്കിലും

മെഡിക്കൽ കോളേജുകളിൽ യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് കാത്ത് ലാബുകൾ ആരംഭിച്ചിട്ടുണ്ടോ? ഒരു കാത്ത് ലാബ് പോലും ആരംഭിച്ചിട്ടില്ല. (....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്.... ശ്രീ. പി. സി. വിഷ്ണുനാഥ് പ്രസംഗിച്ചപ്പോൾ ഭരണപക്ഷം ഒന്നുംമിണ്ടാതെ ക്ഷമാപൂർവം കേട്ടിരുന്നില്ലേ? (....ബഹളം.....)

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, മെഡിക്കൽ കോളേജുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് 2014 ജൂൺ മാസത്തിൽ നിയമസഭയിൽ ഒരു വിഷയം ഉന്നയിച്ചിരുന്നു. 2013-ൽ കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിച്ചുവെന്നാണ് പ്രതിപക്ഷം പറയുന്നത്. 'കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽകോളേജ് തറക്കല്ലിടലിൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ ഉറങ്ങുന്ന ആളെ ഉണർത്തി ഊണില്ലെന്ന് പറയേണ്ടിവരുന്നുവെന്ന് ആലോചിച്ചുപോകുകയാണ്.' എന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് അന്ന് പറഞ്ഞത്. 2013 നവംബർ 30-ന് കാസർഗോഡ് നിയോജകമണ്ഡലത്തിലെ

ബദിയഡുക്കയിൽ നടന്ന ചടങ്ങ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ഓർക്കുന്നുണ്ടാകും. അങ്ങ് ആ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം നടത്തിയത്. സൂര്യൻ ഉദിച്ചുവരുന്നതിനുമുമ്പുതന്നെ ഇത്രയും ആളുകൾ ഗ്രാമപ്രദേശത്ത് തടിച്ചുകൂടിയത് എങ്ങനെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ അത്ഭുതപ്പെട്ടിരുന്നു. കാസർഗോഡിലെ പാവം ജനത മെഡിക്കൽകോളേജ് എന്ന ആശയം എത്രമാത്രം നെഞ്ചിലേറ്റുന്നുവെന്നതിന്റെ തെളിവായിരുന്നു ആ ജനക്കൂട്ടം. ഇന്ന് കാസർഗോഡിലെ ജനങ്ങൾ നിരാശയിലാണ്. 2014-ൽ അന്നത്തെ മന്ത്രിയോട് എം.എൽ.എ. പറഞ്ഞതാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളുള്ള ജില്ലയായി കേരളം മാറി. പത്തനംതിട്ടയിലും ഇടുക്കിയിലും വയനാടിലും കാസർഗോഡും ഇന്ന് മെഡിക്കൽ കോളേജുകളുണ്ട്. അത് 2015-ൽ ഇടുക്കിയിൽ ആരംഭിച്ച മെഡിക്കൽ കോളേജ് പോലെയല്ല. അതിനെക്കുറിച്ച് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറഞ്ഞു. അന്ന് യു.ഡി.എഫ്.-ന്റെ കാലത്ത് 50 സീറ്റായി തുടങ്ങി പിന്നീട് നാഷണൽ മെഡിക്കൽ കമ്മീഷൻ അന്വേഷണം നടത്തിയപ്പോൾ

50 കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ട സൗകര്യമില്ലെന്ന് മനസ്സിലാക്കുകയും അതിന്റെ അംഗീകാരം നഷ്ടപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആ കുട്ടികളെ വിവിധ മെഡിക്കൽ കോളേജുകളിൽ പഠിപ്പിച്ചു. 2022-ൽ കേരളം ചരിത്രംകുറിച്ചുകൊണ്ട് ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിച്ചു. അടുത്തവർഷം ആദ്യത്തെ എം.ബി.ബി.എസ്. ബാച്ച് ഇറങ്ങാൻ പോകുകയാണ്. കൂടാതെ അവിടെ നഴ്സിങ് കോളേജ് തുടങ്ങി. അന്നത്തെ 50-ന്റെ സ്ഥാനത്ത് ഇന്ന് 100 കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ ആശുപത്രിയായി കണക്കാക്കി മെഡിക്കൽ കോളേജ് അനുവദിച്ചു. സർക്കാർ നഴ്സിങ് കോളേജുകൾ ഇല്ലാതിരുന്ന 7 ജില്ലകളിൽ സർക്കാർ നഴ്സിങ് കോളേജുകൾ അനുവദിച്ചു. ഏറ്റവുമധികം പി.ജി. സീറ്റുകൾ ഈ കാലഘട്ടത്തിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഫെലോഷിപ്പ് പ്രോഗ്രാമുകൾ - തിരുവനന്തപുരം മെഡിക്കൽകോളേജിലെ ന്യൂറോളജി വിഭാഗത്തിലെ ഇന്റർവെൻഷണൽ ന്യൂറോളജിയിൽ ഫെലോഷിപ്പ് പ്രോഗ്രാമുകൾ ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ ഫെലോഷിപ്പ് പ്രോഗ്രാം ആരംഭിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ

ദേശീയ റാങ്കിങ്ങിൽ ആദ്യമായി മെഡിക്കൽ കോളേജുകളും ഡെന്റൽ കോളേജുകളും ഉൾപ്പെട്ടിട്ടുള്ളത് ഈ കാലഘട്ടത്തിലാണ്. മെഡിക്കൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞതൊന്നും ഞാൻ ഇവിടെ വായിക്കുന്നില്ല. അതെല്ലാം രേഖകളാണല്ലോ. "രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നു. കാലവർഷത്തിന്റെ വരവോടുകൂടി സംസ്ഥാനത്ത് മരുന്ന് വിതരണം തടസ്സപ്പെടുന്നത് ഗൗരവതരമായ വിഷയമായി മാറിയിരിക്കുകയാണ്. ലക്ഷകണക്കിന് രൂപ ലോക്കൽ പർച്ചേസ് ഇനത്തിൽ സർക്കാരിന് നഷ്ടപ്പെടുന്നുണ്ട്" . അതിനുശേഷം "ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമല്ല" എന്ന് യു.ഡി.എഫ്.-ലെ എം.എൽ.എ. പിന്നീട് പറയുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ ചരിത്രത്തിൽ ഏറ്റവും വലിയ മാറ്റമാണ് ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ളത്.

ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ

ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ അത് ഓരോന്നും ഇവിടെ പറയാം. പറവൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി. 37 ലക്ഷം രൂപയുടെ വികസന പ്രവർത്തനമുൾപ്പെടെ ആരംഭിച്ചു. കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടത്തുന്നത്. കേരളത്തിന്റെ ആരോഗ്യമേഖലയിൽ പത്ത് വർഷമായി വലിയ മാറ്റങ്ങളുണ്ടായെന്നും പറവൂർ നിയോജകമണ്ഡലത്തിലെ ആശുപത്രിയിൽ കൂടുതൽ ആളുകൾ എത്തുന്നുണ്ടെന്നും ഒരു ഇന്റർവ്യൂവിൽ അദ്ദേഹം പറയുകയുണ്ടായി. എതെങ്കിലും ജനറൽ ആശുപത്രിയിൽ ഐ.സി.യു. ഉണ്ടോയെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. അത് അറിയുന്നതിനായി തിരുവനന്തപുരം ജനറൽ ആശുപത്രിയിലോ അദ്ദേഹത്തിന്റെ ജില്ലയായ എറണാകുളം ജനറൽ ആശുപത്രിയിലോ പോയാൽ മതി.

രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയശേഷം 30 ദിവസത്തിലധികം ആ പെൺകുട്ടി ഐ.സി.യു.-വിലായിരുന്നു

ഉണ്ടായിരുന്നത്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ 9 പേർ എറണാകുളം ജനറൽ ആശുപത്രിയിലെ ഐ.സി.യു.-വിലാണ് സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. അവരെല്ലാം വളരെ സുഖമായി ജീവിക്കുന്നു. ജനറൽ ആശുപത്രികളിലും ജില്ലാശുപത്രികളിലും ഐ.സി.യു.-കളും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഉൾപ്പെടെ അവിടെ ലഭ്യമായിട്ടുണ്ട്. ECRP-II-ൽ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ മണ്ഡലത്തിൽ, മൂവാറ്റുപുഴയിൽ ഉൾപ്പെടെ ഹൈ ഡിപ്പെൻഡൻസി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ ഘട്ടത്തിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ മലപ്പുറത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, പ്രതിപക്ഷത്ത് ആകെ 6 പേരെയുള്ളൂ. അടിയന്തര പ്രാധാന്യം പ്രതിപക്ഷത്തിന് അത്രമാത്രമേയുള്ളൂ എന്നാണ് അത് കാണിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് തുടങ്ങിയപ്പോൾതന്നെ ഞാൻ എന്റെ പ്രസംഗത്തിന്റെ അവസാനം അവർക്ക്

സ്വകാര്യ ആശുപത്രിയിൽ പോയിക്കൂടായിരുന്നോ എന്നുപറയുന്ന രൂപത്തിൽ ഇവിടെ പറയുകയുണ്ടായി. ഞാൻ പറഞ്ഞത് അങ്ങ് കേട്ടതാണല്ലോ. സഭയും കേട്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കറും കേട്ടതാണ്. വേണുവിന്റെ ഭാര്യ സിന്ധുവാണ് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന് പരാതികൊടുത്തത്. കൊല്ലത്തുവച്ചാണ് അദാലത്ത് നടത്തിയത്. അതിൽ അവർ പങ്കെടുത്തു. അദാലത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥനാണ് സിന്ധുവിനോട് നിങ്ങൾ എന്തിനാണ് മെഡിക്കൽ കോളേജിലേയ്ക്ക് വിട്ടത്, ജീവൻ രക്ഷിക്കാനായിരുന്നെങ്കിൽ നിങ്ങൾക്ക് സ്വകാര്യ ആശുപത്രിയിൽ വിട്ടാൽ പോരായിരുന്നോയെന്ന് ചോദിച്ചതെന്ന് വേദനയോടുകൂടി അവർ ഇന്ന് രാവിലെ എന്നോട് പറഞ്ഞു. ഞാൻ അത് ക്വാട്ട് ചെയ്തതാണ്. യഥാർഥത്തിൽ 284(2) വച്ച് അങ്ങ് മന്ത്രിയുടെ പരാമർശം നീക്കം ചെയ്യേണ്ടതാണ്. ഞാൻ ആവശ്യപ്പെടുന്നില്ല. വേണമെങ്കിൽ അങ്ങേയ്ക്ക് നീക്കം ചെയ്യാവുന്നതാണ്. ഞാൻ ക്ലാരിറ്റി വരുത്തിയതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ മന്ത്രി പറഞ്ഞതുപോലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ഒരു

അടിയന്തരാവസ്ഥ ഇല്ലെന്നുള്ളതാണ് ശൂന്യമായ പ്രതിപക്ഷ ബഞ്ചുകൾ സൂചിപ്പിക്കുന്നത്. പറയുന്നതെല്ലാം തെറ്റാണെന്നുള്ളത് അവർക്കുതന്നെ അറിയാവുന്ന കാര്യമാണ്. ഇതിൽ യാതൊരു അടിയന്തര പ്രാധാന്യവുമില്ല. കാരണം പ്രതിപക്ഷം നേരിട്ട് ഈ ഗുണഫലങ്ങൾ അനുഭവിക്കുന്നവരാണ്. നമുക്ക് ചില വസ്തുതകൾ പരിശോധിക്കാം.

ശ്രീ. പി. ഉബൈദുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ കെട്ടിട നിർമ്മാണത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇന്നലെ അങ്ങേയ്ക്ക് നൽകിയ മറുപടിയിൽ അത് കൃത്യമായി ഞാൻ പറഞ്ഞിട്ടുണ്ട്. 05-01-2026-ന് ചീഫ് സെക്രട്ടറി യോഗം ചേരുകയുണ്ടായി. മലപ്പുറം നഗരസഭയ്ക്കാണ് അതിന്റെ നിർമ്മാണ ചുമതലയുള്ളത്. മലപ്പുറം നഗരസഭ പദ്ധതി ചെലവിൽ കുറവ് വരുത്താതിരുന്നത് പുനഃപരിശോധിച്ച് പദ്ധതിയുടെ നിർദേശവുമായി പൊരുത്തപ്പെടുന്ന തരത്തിൽ വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യം അങ്ങ് പരിശോധിച്ച് കൃത്യമായ രേഖകൾ നൽകണമെന്ന് നഗരസഭയോട് പറയണം.

മലപ്പുറം ജില്ലയെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിലെ പോസ്റ്റുമോർട്ടം സംബന്ധിച്ച കാര്യം പറയുമ്പോൾ, അവിടെ ഡോ. ആനന്ദൻ ടി. പി.-യും മറ്റുള്ളവരും ഫയൽ ചെയ്ത ഒരു കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ചിരിക്കുകയാണ്. സ്റ്റേ നിലനിൽക്കുന്നതുകൊണ്ട് അവിടെ പോസ്റ്റുമോർട്ടം നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള പണം പരിശോധിച്ചാൽ ഏതാണ്ട് 140 കോടി രൂപയിലധികം നിർമ്മാണപ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ അവിടെ നൽകിയിട്ടുണ്ട്. 14 ജില്ലകളിലുണ്ടെങ്കിലും ആരോഗ്യ മേഖലയിൽ ഡി.എച്ച്.എസ്.-ന്റെ കീഴിൽ രൂപീകരിച്ച തസ്തികകളിൽ 10 ശതമാനം തസ്തികകൾ മലപ്പുറത്താണ് നൽകിയിരിക്കുന്നത്. ഇപ്പോൾ നൽകിയിട്ടുള്ള തസ്തികയെക്കുറിച്ച് പറഞ്ഞല്ലോ. 2023-ൽ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചപ്പോൾ മലപ്പുറം ജില്ലയിലാണ് 15 തസ്തികകൾ നൽകിയിട്ടുള്ളത്. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും

ഉണ്ടായിട്ടുള്ള മാറ്റം ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞകാര്യം, കല്ലിട്ടുപോയ മെഡിക്കൽ കോളേജുകൾക്ക് പകരം ആ സ്ഥാനത്ത് കുട്ടികൾ ഇരുന്ന് പഠിക്കുന്ന സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള ആശുപത്രികളാണ് നമ്മൾ ഒരുക്കിയിട്ടുള്ളത്.

വയനാടിന്റെ കാര്യം പറഞ്ഞാൽ അവിടെ കാത്ത് ലാബ് ഇല്ലെന്ന് പറയുകയുണ്ടായി. കാസർഗോഡ് കാത്ത് ലാബുണ്ട്. കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ കാത്ത് ലാബ് ഒരുക്കിയിട്ടുണ്ട്. അവിടെ 2500 പ്രൊസീജിയറുകൾ കാസർഗോഡ് നടത്തുന്നതിന് നമുക്ക് സാധിച്ചു. വയനാട് കാത്ത് ലാബ് രൂപീകരിച്ചപ്പോൾ 80 വയസ്സുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഒരു അമ്മയാണ് ആദ്യമായി ആൻജിയോപ്ലാസ്റ്റി ചെയ്ത് അവിടെനിന്നും സുഖമായി പുറത്തിറങ്ങിയത്. ഇത് കേരളത്തിലെ ആരോഗ്യ മേഖലയിലുണ്ടായ മാറ്റമാണെന്നുള്ളത് കാണാൻ സാധിക്കും. ഇവിടെ health indices-നെക്കുറിച്ച് പറയുകയുണ്ടായി. മാതൃമരണ നിരക്കിനെക്കുറിച്ച് പറഞ്ഞതുകൊണ്ട് അത് പറഞ്ഞുപോകാൻ ഞാൻ ആഗ്രഹിക്കുന്നു. 2015-16-ൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ മാതൃമരണ നിരക്ക് 43 ആയിരുന്നു.

2024-25-ൽ അത് 19 ആയി. 21 എന്ന് അദ്ദേഹം പറഞ്ഞല്ലോ. 43-ന്റെ പകുതി പോലും ഇപ്പോഴില്ലെന്ന വസ്തുത അദ്ദേഹം സമ്മതിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മാതൃ-ശിശു മരണനിരക്ക് കുറഞ്ഞുവരുന്നത് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഇന്നത്തെ എക്കണോമിക് റിവ്യൂവിലെ റിപ്പോർട്ടാണ് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത്. ഗവൺമെന്റിന്റെ പക്കൽ ഒരു ഹെൽത്ത് ഡാറ്റയുണ്ടാകും. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഗവൺമെന്റ് ആശുപത്രികളിലേതിനെക്കാൾ സ്വകാര്യ ആശുപത്രികളിൽ പ്രസവങ്ങൾ കൂടിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ എഴുപത് ശതമാനം പ്രസവങ്ങളും നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ് എന്ന വിവരങ്ങളടങ്ങിയ ഡാറ്റ ഗവൺമെന്റിന്റെ കൈയിലുണ്ട്. മാതൃ-ശിശു മരണനിരക്ക് കുറയുന്നതിനുള്ള ഒരു പ്രധാനപ്പെട്ട കാരണം ഈ ഷിഫ്റ്റാണ് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: To the Chair to the Government, to the Chair to the Opposition എന്ന കാര്യം ഓർമ്മിപ്പിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

പറഞ്ഞതുപോലെ ശിശുമരണനിരക്ക് നിയോനേറ്റൽ മോർട്ടാലിറ്റി (neonatal mortality) അല്ല. യു.ഡി.എഫ്.-ന്റെ കാലത്ത് 2015-16-ൽ 6 ശതമാനം ആയിരുന്ന ശിശുമരണനിരക്ക് ഈ കാലഘട്ടത്തിൽ 3 ശതമാനത്തിനും 4 ശതമാനത്തിനും ഇടയിലേക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചു. കേരളത്തിൽ ശിശുമരണനിരക്ക് എങ്ങനെയാണ് കുറയ്ക്കാൻ സാധിച്ചത്? പൊതുജനാരോഗ്യ ഇന്റർവെൻഷനിലൂടെയാണ് അതിന് സാധിച്ചത്. ജനിക്കുമ്പോൾ കുഞ്ഞ് മരിക്കുന്നത് നിയോനേറ്റൽ മോർട്ടാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. ശിശുമരണനിരക്കിൽ (Infant Mortality) പൊതുജനാരോഗ്യ ഇന്റർവെൻഷൻസുണ്ട്. രണ്ട് ഉദാഹരണം ഞാൻ പറയാം. ജന്മനാ ഹൃദയ വൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യമായി കാർഡിയോളജിക്കൽ ഇന്റർവെൻഷൻ നടത്തുന്നതിന് ആരംഭിച്ച പദ്ധതിയാണ് 'ഹൃദ്യം'. ഇതുവഴി നിലവിൽ ഏകദേശം ഒൻപതിനായിരം കുഞ്ഞുങ്ങൾക്ക് അത്തരത്തിലുള്ള ഇന്റർവെൻഷൻ നടത്തിയിട്ടുണ്ട്. ഈ പദ്ധതി വലിയ രീതിയിൽ സഹായകമാണ്. മറ്റൊന്ന് 'KARE' (Kerala United Against Rare Diseases) പദ്ധതിയാണ്. സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച

കോഴിക്കോടുള്ള പതിനെട്ട് വയസിൽ താഴെയുള്ള ഒരു കുട്ടിക്ക് (ആ മകളുടെ പേര് ഞാൻ പറയുന്നില്ല.) ഉൾപ്പെടെ ഇതുവഴി സഹായം ലഭിച്ചു. ഇത്തരത്തിൽ എസ്.എം.എ. ഉൾപ്പെടെയുള്ള അപൂർവ രോഗങ്ങൾ ബാധിച്ച നൂറുകണക്കിന് കുഞ്ഞുങ്ങളുണ്ട്. ഒരു വയൽ (vial) മരുന്നിന് ഒന്നര ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന മെഡിസിൻ സൗജന്യമായി നൽകുന്ന പദ്ധതി രാജ്യത്ത് ആദ്യമായി ആരംഭിച്ച സംസ്ഥാനം കേരളമാണ്. മറ്റൊരു സംസ്ഥാനവും ഇത്തരത്തിലൊരു പദ്ധതി ആരംഭിച്ചിട്ടില്ല. മറ്റൊന്ന് 'ശലഭം' പ്രോജക്ടാണ്. കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അത് ആദ്യംതന്നെ കണ്ടുപിടിക്കുന്ന ഏർളി ഡിറ്റക്ഷൻ ആണ് ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നത്. ഗർഭാവസ്ഥയിൽത്തന്നെ കുഞ്ഞിന് എന്തെങ്കിലും വൈകല്യമുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിനുള്ള ജനറ്റിക് പരിശോധന സ്വകാര്യ മേഖലയിൽ വലിയ ചെലവേറിയതാണ്. സർക്കാർ മേഖലയിൽ അത് കൃത്യമായി നടത്തുന്നതിനുള്ള സൗകര്യം നമ്മൾ ആരംഭിച്ചു. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും തുടങ്ങി. എസ്.എം.എ. രോഗബാധ മുൻകൂട്ടി കണ്ട് ഒരു കുഞ്ഞിന് മരുന്ന് കൊടുത്തു. ആ കുഞ്ഞിന്

ഇപ്പോൾ ഒരു വയസ്സാകുന്നു; അവൾ നടന്നുതുടങ്ങിയിട്ടുണ്ട്. ശിശുമരണനിരക്കിലെ കുറവ് കേരളത്തിന് അഭിമാനിക്കാവുന്ന കാര്യമാണ്. 2015-16-ൽ പന്ത്രണ്ട് ശതമാനമായിരുന്ന ശിശുമരണനിരക്ക് ഇപ്പോൾ അഞ്ചിലേക്ക് എത്തിയെന്നത് അഭിമാനത്തോടെയാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഇത് അഹങ്കാരമാണെന്നാണ്. അങ്ങനെയല്ല, ഇത് അഭിമാനമാണ്. കേരളം ഒറ്റക്കെട്ടായി കൈകൾ കോർത്തുപിടിച്ച് നേടിയ നേട്ടമാണിത്. അമേരിക്കൻ ഐക്യനാടുകളിലെ പൊതുജനാരോഗ്യ സംവിധാനത്തേക്കാൾ മെച്ചമാണ് നമ്മുടേത്. അവിടത്തെ ശിശുമരണനിരക്ക് 5.6 ശതമാനം ആണെങ്കിൽ കേരളത്തിന്റേത് 5 ശതമാനമാണ് എന്നുള്ളത് ഓരോ കേരളീയനും അഭിമാനിക്കാവുന്നതാണ്.

സ്പാനിഷ് വനിതയായ ഒരു വ്ലോഗർ ആലപ്പുഴ ജില്ലാ ആശുപത്രി സന്ദർശിച്ചപ്പോഴുണ്ടായ അനുഭവം ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചത് നാം കണ്ടിരുന്നു. ഐ.സി.യു.-വും മറ്റ് സൗകര്യങ്ങളുമില്ലെന്ന് ഇവിടെ പറഞ്ഞ ഒരു ജില്ലാശുപത്രിയിൽനിന്ന് ഒരു സ്പാനിഷ് വനിതയ്ക്കുണ്ടായ അനുഭവമാണിത്.

അവിടത്തെ സൗകര്യങ്ങളിൽ അവർ അത്ഭുതപ്പെട്ടുപോയി. തന്റെ രാജ്യത്ത് എട്ട് മാസത്തോളം കാത്തിരിക്കേണ്ടിവരുന്ന ഒരു കൺസൽട്ടേഷൻ കേരളത്തിൽ പത്ത് മിനിറ്റിൽ സാധ്യമായെന്നാണ് അവർ പറഞ്ഞത്. ഇത് അവരുടെ സാക്ഷ്യങ്ങളാണ്.

സൗജന്യ ചികിത്സാ പദ്ധതികളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ 8400-ൽ അധികം കോടി ജനങ്ങൾക്ക് സൗജന്യ ചികിത്സാ പദ്ധതിയിലൂടെ സഹായം നൽകാൻ സാധിച്ചു. ഒരു കണക്കുകൂടി ഞാൻ പറയട്ടെ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലാബുകളാണ് ഇല്ലാതിരുന്നതെങ്കിൽ ഇന്ന് ലാബുകളും അതിന്റെ നെറ്റ്‌വർക്കും സ്ഥാപിച്ചു. എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറി. അതിന്റെ സാമ്പത്തികവശംകൂടി നമുക്ക് പരിശോധിക്കാം. ഒരു ആൻജിയോപ്ലാസ്റ്റി സർജറിക്ക് സ്വകാര്യ മേഖലയിൽ നാല് മുതൽ അഞ്ച് ലക്ഷം രൂപ വരെ ചെലവുവരുമെന്നാണ് ആളുകൾ പറയുന്നത്. ഈ സാഹചര്യത്തിൽ എല്ലായിടത്തും കാത്ത് ലാബുകൾ സ്ഥാപിച്ചതോടുകൂടി, കേരളത്തിലെ മെഡിക്കൽ കോളേജുകളിലെയും ഡി.എച്ച്.എസ്.

(ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്)-ന് കീഴിലുള്ള ആശുപത്രികളിലെയും ഉൾപ്പെടെയുള്ള കാത്ത് ലാബുകളിൽ ഒരു ദിവസം നൂറിനും നൂറ്റിഇരുപതിനുമിടയിൽ ആൻജിയോപ്ലാസ്റ്റി സർജറികൾ നടക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ, അടിമാലി താലൂക്ക് ആശുപത്രിയിലും ഇടുക്കി മെഡിക്കൽ കോളേജിലുംകൂടി കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. രണ്ട് മാസത്തിനുള്ളിൽ അത് സാധ്യമാകും. നാലോ അഞ്ചോ ലക്ഷം രൂപ ചെലവുവരുന്ന സാഹചര്യം ഒഴിവാക്കി ആ ചികിത്സ ഒരു ദിവസം 100-120 പേർക്ക് സൗജന്യമായി ലഭ്യമാക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. സ്വകാര്യ മേഖലയിലേക്ക് പോകുമായിരുന്ന പണം നഷ്ടപ്പെടുത്താതെയും ജനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കാതെയും ശ്രദ്ധിച്ചത് കേരളമാണ്. നാഷണൽ സാമ്പിൾ സർവെ ഓഫീസിന്റെ സർവെ സംബന്ധിച്ച് നേരത്തെയും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ വന്നപ്പോൾ എന്ത് മാറ്റമാണുണ്ടായത് എന്നുള്ളതുകൂടി നമ്മൾ പരിശോധിക്കേണ്ടതല്ലേ. നാഷണൽ സാമ്പിൾ

സർവെ ഓഫീസിന്റെ രേഖകൾ അനുസരിച്ച് നേരത്തെയുണ്ടായിരുന്നതിനേക്കാൾ ഗ്രാമീണ മേഖലയിൽ ചികിത്സാച്ചെലവ് 17000-ൽനിന്ന് 10000 ആയും നഗര മേഖലയിൽ 23000-ൽനിന്ന് 13000 ആയും കുറഞ്ഞു. ആർക്കും സെർച്ച് ചെയ്യാവുന്ന, ഗൂഗിളിൽ ലഭ്യമായ ഡാറ്റയാണിത്. എൻ.എസ്.എസ്. സർവെ ഡാറ്റയെന്ന് സെർച്ച് ചെയ്താൽ ലഭ്യമാകും, ഇത് 2024-ൽ പുറത്തുവന്ന ഡാറ്റയാണ്. കേരളത്തിലെ ആരോഗ്യ മേഖലയിൽ ചികിത്സാച്ചെലവിൽ ഇത്തരത്തിൽ കുറവുണ്ടായി എന്നത് നാം പ്രത്യേകമായി കാണേണ്ട ഒരു വസ്തുതയാണ് എന്നുള്ളത് ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു.

ബഹുമാന്യനായ മോൻസ് ജോസഫ് ഇവിടെ ഡോ. കമ്മത്തിന്റെ വാക്കുകൾ ഉദ്ധരിക്കുകയുണ്ടായി. ഞാൻ അതിന്റെ ഒരു പേപ്പർകൂടി എടുക്കട്ടെ. അദ്ദേഹം തലക്കെട്ട് മാത്രമെ വായിച്ചുള്ളൂ എന്നെനിക്ക് സംശയമുണ്ട്. കേരളത്തിലെ ആരോഗ്യ രംഗത്തെക്കുറിച്ച് ഡോ. കമ്മത്ത് പറഞ്ഞ ഒരു കാര്യം അദ്ദേഹം ഇവിടെ പറയുകയുണ്ടായി. തലക്കെട്ട് മാത്രമല്ല അതിന്റെ കണ്ടന്റ് വായിച്ചുനോക്കണമെന്നാണ് അദ്ദേഹത്തോട് ഞാൻ പറയുന്നത്.

കേരളത്തിലെ ആരോഗ്യരംഗം അപകടകരമായ അവസ്ഥയിലാണ് എന്നുള്ളതാണ് അതിൽ പറയുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ കൃത്യമായി ഓർക്കുന്നില്ല. പക്ഷേ അത് ഇങ്ങനെയാണ്. അദ്ദേഹം പറഞ്ഞത് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സൂചിപ്പിച്ചു. കോർപ്പറേറ്റ് ഭീമന്മാർ കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ മെജോറിറ്റി നിക്ഷേപം നടത്തിക്കഴിഞ്ഞുവെന്നാണ് പറയുന്നത്. ഇവിടെ പല ജില്ലകളുടെയും കാര്യം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഒരു ബെഡിന് ഈ വമ്പൻ കോർപ്പറേറ്റുകൾ ഇൻവെസ്റ്റ് ചെയ്തിരിക്കുന്ന തുക രണ്ടര കോടി രൂപയാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഒന്നര കോടി രൂപ ഇൻവെസ്റ്റ് ചെയ്യുമ്പോൾ കേരളത്തിൽ രണ്ടര കോടി രൂപ ഇൻവെസ്റ്റ് ചെയ്യുന്നു. ഇങ്ങനെയുള്ള കോർപ്പറേറ്റുകളുടെ വരവോടുകൂടി കേരളത്തിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട് ചെറിയ ആശുപത്രികളെ സഹായിക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. കോർപ്പറേറ്റുകൾ വരുന്നതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. മോൻസ് ജോസഫ്

അതിന്റെ തലക്കെട്ട് മാത്രമാണ് വായിച്ചതെന്ന് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കപ്പെടണം. ബില്ലുമായി ബന്ധപ്പെട്ട് ഏഴ് വർഷമായി ഇവിടെ ഒന്നും നടക്കുന്നില്ലെന്നുകൂടി ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ ബിൽ സംബന്ധിച്ച് പിന്നീടുണ്ടായ അവസ്ഥയെന്താണ്? ബില്ലുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എത്തിയിരിക്കുകയാണ്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് ഇതുവരെയും ക്ലാരിറ്റി വരുത്താൻ കഴിയാത്ത സാഹചര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സംവിധാനം തകരാറിലായിരിക്കുന്നുവെന്നും അപകട മുനമ്പിൽ നിൽക്കുന്നുവെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയടക്കം കേരളം കൊണ്ടുവന്നതിന്റെ കാരണമെന്താണ്?

മി. സ്പീക്കർ: യെസ്..... പ്ലീസ്..... പ്ലീസ്.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ചുരുക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം കഴിഞ്ഞതാണ്. വീണ്ടും പ്രസംഗമൊന്നുമില്ല. യെസ്.... മിനിസ്റ്റർ പ്ലീസ്.....

ശ്രീമതി വീണാ ജോർജ്ജ്: സർ, സമയപരിമിതിമൂലം ഡോ. കമ്മത്തിന്റെ വാചകങ്ങളുടെ രത്നച്ചുരുക്കം മാത്രം പറയാം. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ എത്തിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഈ ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി കേരളത്തിന് മുന്നോട്ടുപോകാമെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. ഈ ബിൽ പാസാക്കിയ ഉടൻതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സ്റ്റേ വന്നതാണ്. അന്നുമുതൽ കേസ് നടത്തുകയാണ്. നിലവിൽ പ്രസ്തുത കേസ് ഏകദേശം അവസാന ഘട്ടത്തിലേക്കെത്തിയിരിക്കുകയാണ്. ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. സൗജന്യ ചികിത്സയെക്കുറിച്ച് പറഞ്ഞപ്പോൾ പറയാതെപോയ കാര്യം ഞാൻ പറയാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിവിധ സ്കീമുകളിലൂടെ

നാൽപതിനായിരം കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപയുടെ ചികിത്സാ സഹായമാണ് ലഭിച്ചിരുന്നത്. ഇന്ന് ആ സ്ഥാനത്ത് നാൽപ്പത്തിരണ്ടര ലക്ഷം കുടുംബങ്ങൾക്ക് കേരളത്തിൽ സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട് എന്നുള്ളത് നാം കാണേണ്ടതാണ്. അന്നത്തെ മുപ്പതിനായിരം രൂപയുടെ സ്ഥാനത്ത് ഇന്ന് അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സഹായം കേരളത്തിൽ സാധാരണക്കാർക്ക് ലഭിക്കുന്നുവെന്നുള്ളതും ശ്രദ്ധേയമാണ്.

പകർച്ചവ്യാധി പ്രതിരോധത്തെക്കുറിച്ച് പറയാം. ബഹുമാനപ്പെട്ട വി. ഡി. സതീശനും അന്നത്തെ എം.എൽ.എ.-മാരും പറഞ്ഞ വിഷയങ്ങളെക്കുറിച്ച് സമയപരിമിതിമൂലം ഞാൻ പരാമർശിക്കുന്നില്ല. കണക്കുകൾ ഒന്ന് പരിശോധിച്ച് നോക്കാം. ഇത് പബ്ലിക് പ്ലേസിലുള്ള ഡാറ്റയാണ്. 2012-ൽ ഡെങ്കിപ്പനിമൂലം സംസ്ഥാനത്ത് മരണമടഞ്ഞവരുടെ എണ്ണം എത്രയാണെന്ന് അറിയുമോ? അണ്ടർ റിപ്പോർട്ടിങ് ഉള്ള സമയമായിരുന്നിട്ടുകൂടി (എല്ലാ കേസുകളും റിപ്പോർട്ട് ചെയ്യപ്പെടാത്ത സമയമായിരുന്നു) അന്നത്തെ മരണനിരക്ക് 0.6 ശതമാനം ആയിരുന്നു. ഇന്ന് കേരളത്തിൽ ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് 0.1 ശതമാനം ആണ്.

ഇതാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊതുജനാരോഗ്യ സംവിധാനത്തിലൂടെ ആർജിച്ച നേട്ടം. ഡെങ്കിപ്പനിയുടെ കാര്യത്തിൽ കേരളം പ്രോൺ ഏരിയയാണെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. ട്രോപ്പിക്കൽ ക്ലൈമറ്റുള്ള, ഇടയ്ക്കിടയ്ക്ക് മഴ പെയ്യുന്ന ഒരു പ്രദേശമാണ് നമ്മുടേത്. എന്റെ വീടിനടുത്ത് കൊതുക് വളരുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ അത് എന്റെ ഉത്തരവാദിത്വംകൂടിയാണ്. രോഗം കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്യുകയെന്നുള്ളതാണ് ആരോഗ്യ വകുപ്പ് ചെയ്യുന്നത്. ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു.

അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. ലോകത്ത് ഈ മസ്തിഷ്ക അണുബാധയിൽ നെയ്ഗ്ലേരിയ ഫൗളേരി എന്ന സൂക്ഷ്മ അമീബയാണെങ്കിൽ 99 ശതമാനവും അക്കാന്ത്അമീബയാണെങ്കിൽ 70 ശതമാനത്തിന് മുകളിലുമാണ് മരണനിരക്ക്. ഇത് ബ്രെയിൻ-ഈറ്റിങ് അമീബയാണ്. കേരളത്തിലെ മരണനിരക്ക് 23 ശതമാനമാണ്. 201 ആളുകൾക്ക് ഈ രോഗം കണ്ടുപിടിച്ചപ്പോൾ അതിൽ 23 ശതമാനം ആളുകളാണ് മരണപ്പെട്ടത്.

രോഗം എങ്ങനെയാണ് കണ്ടുപിടിക്കുന്നത് എന്നത് സംബന്ധിച്ച് വളരെ വിശദമായി കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞതാണ്. കേരളത്തിലെ പ്രോട്ടോകോൾ/ഗൈഡ്‌ലൈൻ അനുസരിച്ച്, മസ്തിഷ്കജ്വരം ബാധിച്ചാൽ അത് എന്തുകൊണ്ടാണ് എന്ന് കണ്ടുപിടിക്കണമെന്നുള്ള നിർദേശം ഇവിടത്തെ ഡോക്ടർമാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കണക്കുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. നിപയുമായി ബന്ധപ്പെട്ട് പറഞ്ഞാൽ, ലോകത്ത് 70 ശതമാനത്തിന് മുകളിൽ മരണനിരക്കുള്ള രോഗമാണ് നിപ. എന്നാൽ 2023-ൽ കോഴിക്കോട് ജില്ലയിൽ അത് 33 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. WHO (World Health Organisation)-ടെ കണക്കനുസരിച്ച് ഇന്ത്യയിൽ കോവിഡുമൂലം 40 ലക്ഷത്തിലധികം ആളുകൾ മരണമടഞ്ഞു എന്നുള്ളതാണ്. കോവിഡ് കണക്കുകൾ ഏറ്റവും കണിശമായി റിപ്പോർട്ട് ചെയ്യുതും ഏറ്റവും കുറവ് മരണ നിരക്കുള്ള സംസ്ഥാനം കേരളമാണ് എന്നതാണ് ഏറ്റവും പുതിയതും ആധികാരികവുമായ സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

എല്ലാ മേഖലയുമായും ബന്ധപ്പെട്ട് പൊതുജനാരോഗ്യ

സംവിധാനത്തിൽ ഏകാരോഗ്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നമ്മൾ നടത്തുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലുള്ള എല്ലാ ആശുപത്രികളിലും ഒന്നാന്തരമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് നമുക്ക് കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.മാർ അവരുടെ നിയോജകമണ്ഡലങ്ങളിൽ പോകുമ്പോൾ അവർ പരസ്യമായി പ്രസംഗിച്ച കാര്യങ്ങൾ public place-ൽ available ആണ്. ഇത്തരത്തിൽ കേരളത്തിന്റെ ആരോഗ്യമേഖലയിൽ, എന്റെ നിയോജകമണ്ഡലത്തിൽ ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടന്നിട്ടുള്ള ഒരു കാലഘട്ടമുണ്ടായിട്ടില്ലെന്ന് പ്രതിപക്ഷ എം.എൽ.എ.മാർ ഉൾപ്പെടെ സാക്ഷ്യപ്പെടുത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യമേഖലയിൽ എല്ലാ കാര്യങ്ങളും പൂർണ്ണമായി എന്നുള്ളതല്ല, അതിലുപരി വലിയൊരു മാറ്റം ഇക്കഴിഞ്ഞ പത്ത് വർഷംകൊണ്ട് ചികിത്സാ മേഖലയിൽ, പൊതുജനാരോഗ്യ സംവിധാനത്തിൽ, പകർച്ചവ്യാധി പ്രതിരോധത്തിൽ, health indices എന്നിവയിൽ നമുക്കുണ്ടായി. നമ്മൾ

എവിടെ നിന്ന് തുടങ്ങി എന്നുള്ളതല്ലേ ആലോചിക്കേണ്ടത്. പൊട്ടിപ്പൊളിഞ്ഞുപോയ, മരുന്നില്ലാതിരുന്ന, ഡോക്ടർമാരില്ലാതിരുന്ന ഒരു കാലഘട്ടത്തിൽനിന്നാണ് ഈ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്. ലാബ് സൗകര്യത്തെക്കുറിച്ച് നമ്മൾ നേരത്തെ പറഞ്ഞല്ലോ, 250 ലാബ് സ്ഥാപിച്ചില്ല എന്നുപറഞ്ഞിടത്ത് കാത്ത് ലാബുകളെക്കുറിച്ചും അവിടെയെത്തുന്ന രോഗികളെക്കുറിച്ചും നമ്മൾ സംസാരിക്കുന്നു. ആ നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യരംഗത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു എന്നത് തീർച്ചയായും വളരെ അഭിമാനകരമായ കാര്യമാണ്.

ആരോഗ്യവകുപ്പിൽ ഒരു ഡിപ്പാർട്ടുമെന്റിന്റെ എച്ച്.ഒ.ഡി.-യായ ഡോ. സി. എച്ച്. ഹാരിസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പ്രോബ് എന്നത് consumable item ആയാണ് കണക്കാക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ ഇത് രോഗികളിൽനിന്നും പണം ഈടാക്കിയാണ് വാങ്ങുന്നത്. ആ ഒരു പ്രോബ് അവിടെ കേടായതിനെത്തുടർന്ന് ഒന്നോ രണ്ടോ ആളുകൾക്ക് procedure ചെയ്യാൻ കഴിഞ്ഞില്ല എന്നുള്ളത് അദ്ദേഹത്തെ വേദനിപ്പിച്ചത് എന്നെ സംബന്ധിച്ചിടത്തോളം ഡോക്ടർമാർ അങ്ങനെ ചിന്തിക്കുന്നത്

വളരെ നല്ലൊരു കാര്യമായാണ് കരുതുന്നത്. ഇവിടത്തെ പ്രശ്നമെന്താണ്? പിറ്റേ ദിവസം ഒരു പത്രത്തിന്റെ മുൻപേജിൽ വന്ന വാർത്തയെന്താണ്? "ലജ്ജിക്കു കേരളമേ" എന്നാണ്. എന്തിനാണ്? സ്വകാര്യമേഖലയിൽ രോഗികൾതന്നെ ഈ പ്രോബ് വാങ്ങിനൽകുകയാണ് ചെയ്യുന്നത്. Individual ആയ, consumable ആയ ഒരു കാര്യത്തിൽ, ആ നിലയിൽ അത് മുമ്പുണ്ടായിരുന്നില്ല, പുതിയ സംവിധാനത്തിൽ അത് ഏർപ്പെടുത്തുമ്പോൾ തീർച്ചയായും അത് അവിടെ മാത്രമല്ല എല്ലാ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ശ്രീമതി ഹർഷിനയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞല്ലോ. 2014-ലാണോ 2017-ലാണോ കത്രിക വയറിനുള്ളിൽ കുടുങ്ങിയത് എന്നുള്ളത് പല പരിശോധനകൾ നടത്തിയെങ്കിലും ഡോക്ടർമാർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അപ്പോൾ ശ്രീമതി ഹർഷിന

പറഞ്ഞത് വിശ്വസിച്ചുകൊണ്ട് 2017-ലാണ് എന്നത് അംഗീകരിക്കുകയും പിന്നീട് ഈ സർക്കാരിന്റെ തുടക്കകാലത്ത് അത് കണ്ടുപിടിക്കുകയും ചെയ്തു. പിന്നീട് ഞാൻ ശ്രീമതി ഹർഷിനയെ പോയികാണുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇക്കാര്യം അറിയിച്ചപ്പോൾ മന്ത്രിസഭയിൽ ഈ വിഷയം വയ്ക്കാൻ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അവിടേക്ക് ഈ വിഷയം കൊണ്ടുവരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അന്ന് രണ്ട് ലക്ഷം രൂപ ശ്രീമതി ഹർഷിനയ്ക്ക് സമാശ്വാസമായി അനുവദിക്കുകയും ചെയ്തു. കൂടാതെ ഇതിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യപ്രവർത്തകർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാനുള്ള അനുവാദം സർക്കാർ നൽകിയിരുന്നു. അതുസംബന്ധിച്ച് കേസ് നടക്കുന്നതിനാൽ കോടതി എന്ത് വിധിക്കുന്നോ അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ സർക്കാരിനും ആരോഗ്യ വകുപ്പിനും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഉത്തരവാദിത്തപ്പെട്ട സർക്കാർ എന്ന നിലയിൽ ആ വിഷയത്തിൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നത് പറയുകയാണ്.

അടുത്തതായി ഇവിടെ സൂചിപ്പിച്ച വിളപ്പിൽ സ്വദേശിയായ 36 വയസ്സുള്ള യുവാവിന്റെ മരണം സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. ഏതൊരു വേർപാടും മരണവും ദുഃഖകരമാണ്. ആ കുടുംബത്തോട് അനുശോചനം അറിയിച്ചുകൊണ്ട് അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു. 17-01-2026 പുലർച്ചെ 2.43-നാണ് 36 വയസ്സുള്ള യുവാവ് ശ്വാസതടസ്സം നേരിട്ടുകൊണ്ട് വിളപ്പിൽ സി.എച്ച്.സി.-യിൽ ഡോക്ടറെ കാണാനെത്തുന്നത്. അന്ന് പുലർച്ചെതന്നെ നെബുലൈസേഷൻ, ഓക്സിജൻ ഇൻഹലേഷൻ എന്നിവ നൽകുകയും പിന്നീട് dexa deriphyllin ഇൻജക്ഷൻ നൽകുകയും രോഗിയെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. ഇക്കാര്യം അന്നത്തെ ആശുപത്രി രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് രണ്ട് ദിവസം കഴിഞ്ഞ് 19-01-2026-ന് പുലർച്ചെ 1:28:48-നാണ് ഈ യുവാവ് ഭാര്യയോടൊപ്പം അവിടെയെത്തുന്നത്. ആദ്യഘട്ടത്തിൽ പുറത്തുവന്ന വാർത്ത ഗേറ്റ് തുറന്നില്ല എന്നതാണ്. സിസിടിവി ദൃശ്യങ്ങളിൽ കാണുന്നത് ഈ യുവാവ് ആരോഗ്യ കേന്ദ്രത്തിലെ ഒ.പി. വെയ്റ്റിങ് ഏരിയയിലേക്ക് ഭാര്യയ്ക്കൊപ്പം വന്ന്

അവിടെ ഇരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഭാര്യ ആരോഗ്യ പ്രവർത്തകരെ വിളിക്കാൻ പോകുന്നതും കാണുന്നുണ്ട്. സുരക്ഷാകാരണങ്ങളാൽ ആശുപത്രിയുടെ ഗ്രിൽ അകത്തുനിന്നും അടച്ചിട്ടു എന്നതാണ് ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. 1:30:27, അതായത് രണ്ട് മിനിറ്റിനുള്ളിൽതന്നെ ഈ രോഗിയെ ആശുപത്രിക്കകത്തേക്ക് കൊണ്ടുപോയി നെബുലൈസേഷൻ, ഓക്സിജൻ ഇൻഹലേഷൻ, dexa deriphyllin ഇൻജക്ഷൻ എന്നിവ നൽകുകയും ചെയ്തു. അതിനുശേഷം ഓക്സിജൻ നൽകാൻ സൗകര്യമുള്ള ആംബുലൻസിൽ 1:37:53-ന് രോഗിയെ കയറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. എന്നാൽ അവിടെ എത്തുമ്പോഴേയ്ക്കും രോഗി മരിച്ചിരുന്നു. ഇതാണ് റിപ്പോർട്ട്. സംഭവം ഉണ്ടായത് 19-01-2026-നാണെങ്കിലും 26-01-2026-നാണ് എനിക്ക് മെയിൽ വഴി പരാതി ലഭിച്ചത്. അത് ലഭിച്ചയുടൻതന്നെ അന്വേഷണത്തിന് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പ്രാഥമിക റിപ്പോർട്ടാണ് ഇവിടെ പറയുന്നത്. ആശുപത്രി രേഖകളുടെയും സിസിടിവി ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിൽ

സാധ്യമായ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകി എന്നതാണ് പ്രാഥമിക റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. കൂടാതെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിക്കേണ്ടതായുണ്ട്. അതിലാണ് ഇക്കാര്യങ്ങൾ കൃത്യമായി അറിയാൻ കഴിയുക. ഇത് സംബന്ധിച്ച പരാതിയിൽ ഭാരതീയ ന്യായ സംഹിതയിലെ വകുപ്പ് 194 പ്രകാരം വിളപ്പിൽശാല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ഒരു കുഞ്ഞിന്റെ കൈ മുറിച്ചുമാറ്റിയ സംഭവം നമുക്കെല്ലാം വളരെ വിഷമമുള്ള കാര്യമാണ്. കാരണം പാലക്കാട് ആശുപത്രിയിൽ ഏഴ് ഓർത്തോപീഡീഷ്യൻസാണുള്ളത്. കൺസൾട്ടൻസ്, ജൂനിയർ കൺസൾട്ടൻസ് ഉൾപ്പെടെ ഓർത്തോയിൽ സ്പെഷ്യാലിറ്റിയുള്ള അസിസ്റ്റന്റ് സർജന്മാരെക്കൂടി അവിടെ പോസ്റ്റ് ചെയ്ത് ഒരു സർക്കാർ എന്ന നിലയിൽ നമ്മൾ ചെയ്യേണ്ടതായ എല്ലാ സൗകര്യങ്ങളും അവിടെ നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യപ്രവർത്തകരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഒരു മാസം 40 മേജർ സർജറികളും 920 മൈനർ സർജറികളും പാലക്കാട് ആശുപത്രിയിൽ നടക്കുന്നുണ്ട്. ഒരു വർഷം 562 മേജർ സർജറികളും 9412 മൈനർ സർജറികളും അവിടെ നടക്കുന്നുണ്ട്.

ഇപ്പോൾ അവിടെ ഈ കുഞ്ഞിന്റെ വിഷയം ശ്രദ്ധയിൽപ്പെട്ടയുടനെ പ്രാഥമിക അന്വേഷണം നടത്തുകയും പ്രശ്നമുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ, ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിരുന്നു. ഇത് വീണ്ടും പരിശോധിക്കണം, സസ്പെൻഷൻ പിൻവലിക്കണമെന്ന് പറഞ്ഞ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിന് നിർദേശം നൽകിയെങ്കിലും സസ്പെൻഷൻ തുടരുകയാണ്. വിദഗ്ധ അന്വേഷണം നടത്തിയശേഷം ആ റിപ്പോർട്ട് എന്താണെന്ന് കണ്ടതിനുശേഷം മാത്രം ബാക്കി നടപടികളിലേക്ക് പോകാം എന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം. ഒരു കാര്യംകൂടി, ഈ കുഞ്ഞിന് മന്ത്രിസഭ രണ്ട് ലക്ഷംരൂപ സമാശ്വാസമായി അനുവദിച്ചിരുന്നു. കൂടാതെ വനിതാ ശിശുവികസന വകുപ്പ് ഒരു മാസം 4,000/- രൂപ പിന്തുണ ധനസഹായം എന്ന നിലയിലും അതോടൊപ്പം മറ്റ് ചികിത്സാ സഹായങ്ങളും അതായത്, കുഞ്ഞിന്റെ കൈ വളരുന്ന സ്ഥിതിക്ക് അത് മാറ്റേണ്ടതായും വരും. അത് എങ്ങനെയാണെങ്കിലും ചെയ്തുകൊടുക്കുന്നതിനായുള്ള തീരുമാനവും എടുത്തിട്ടുണ്ട്. അതോടൊപ്പം ഏത് വിഷയമാണെങ്കിലും ഈ

സർക്കാരിനെ സംബന്ധിച്ചിടത്തോളം നേരത്തെ യു.ഡി.എഫ്. കാലത്തെ കാര്യം പറഞ്ഞല്ലോ, പതിനാറ് പേർക്ക് മരണം സംഭവിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുള്ളിടത്ത് നടപടികൾ എടുത്തത് എത്രയെന്ന് കാണുമ്പോൾ നമുക്കത് അറിയാൻ സാധിക്കും. നേരത്തെ ഇവിടെ വേണുവിന്റെ മരണവുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട എം.എൽ.എ. വായിച്ചല്ലോ. ആരോഗ്യവകുപ്പ് എല്ലാ കാര്യങ്ങളെയും നിഷ്പക്ഷമായി കണ്ടുകൊണ്ട് അതിൽ ജനപക്ഷത്തുനിന്നുകൊണ്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് വേണ്ടിയാണ് ശ്രമിക്കുന്നത്. തുടർന്നും അങ്ങനെതന്നെയായിരിക്കും അതിൽ മുഖംനോക്കാതെയുള്ള നടപടികളെടുക്കും.

അതോടൊപ്പം ഒരു കാര്യംകൂടിയുണ്ട്. ആരോഗ്യ പ്രവർത്തകരെ അനാവശ്യമായി ആക്രമിക്കുന്നതിനുള്ള ഒരു സാഹചര്യം നമ്മൾ ഉണ്ടാക്കാൻ പാടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, എട്ട് മണിക്കൂർ രാത്രി ശസ്ത്രക്രിയ നടത്തിയ നമ്മുടെ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുണ്ട്. അതുപോലെ നിപമൂലം മരണമടഞ്ഞ സിസ്റ്റർ ലിനി

ഉൾപ്പെടെയുള്ളവർ, കോവിഡുമൂലം മരണപ്പെട്ടവർ അങ്ങനെയുള്ള ആരോഗ്യപ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിലെ ആരോഗ്യരംഗം മുന്നോട്ടുപോകുന്നത്. അതിനാൽ അവരുടെ മനോവീര്യം തകർക്കുന്നതിനായുള്ള ഇത്തരം പ്രചരണങ്ങൾ ഒരു കാരണവശാലും ഉണ്ടാകാനിടയാകരുത് എന്നത് സർക്കാർ പ്രത്യേകമായി കാണുന്നുണ്ട്. അതോടൊപ്പം ഇതിൽ കർശന നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകണം എന്നുള്ളതും മനസ്സിലാക്കുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ദയവായി അവസാനിപ്പിക്കണം.

ശ്രീമതി വീണാ ജോർജ്: രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞ് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. കേരളത്തിലെ ആരോഗ്യകേന്ദ്രങ്ങളെ സംബന്ധിച്ച് യു.ഡി.എഫ്. - എൽ.ഡി.എഫ്. കാലഘട്ടങ്ങൾ താരതമ്യം ചെയ്തുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയുകയുണ്ടായി. കുണ്ടറയിൽ 76 കോടി രൂപയടക്കം ഓരോ ആശുപത്രികളിലും കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളല്ലേ നടക്കുന്നത്? അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി അനധികൃത സ്വത്ത് സമ്പാദിച്ച

എന്നതിനായിരുന്നു കേസുണ്ടായിരുന്നത്. ഇപ്പോഴും ആ കേസ് നിലനിൽക്കുന്നുണ്ട്. ആശുപത്രിയുടെയോ ആരോഗ്യ വകുപ്പിന്റെയോ ആസ്തിയല്ല വർധിച്ചത്, അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയുടെ ആസ്തിയാണ് വർധിച്ചതെന്ന് കേസുകൾ വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ ഡ്രൈവറും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണാൻ കഴിയും. ....(ബഹളം)...

ഒരു കാര്യംകൂടി പറയാം, കേരളത്തിലെ സർക്കാർ ആശുപത്രികളെ തകർക്കുന്നതിനുള്ള ഗൂഢലക്ഷ്യമാണ് കേരളത്തിലെ പ്രതിപക്ഷത്തിനുള്ളത്. അവരുടെ കാലത്തെപ്പോലെ പന്ത്രണ്ട് ആശുപത്രികളിൽ മാത്രം ഡയാലിസിസ് ചികിത്സ നടത്തിയാൽ മതിയോ? ഒരു ജില്ലാ ആശുപത്രിയിലും കാത്ത് ലാബ്, ഒരു സർക്കാർ ആശുപത്രിയിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവ ഇല്ലാത്ത സാഹചര്യമുണ്ടാകണോ? ഈ കാലത്തെ അന്നത്തെ സ്ഥിതിയിലേക്ക് തിരികെ കൊണ്ടുപോകുന്നതിനാണ് അവർ ശ്രമിക്കുന്നത്. അത് അനുവദിക്കാൻ കഴിയില്ല. ഈ സർക്കാർ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന് പ്രത്യേകം പറഞ്ഞുകൊണ്ട് നിർത്തുന്നു. ....(ബഹളം)...

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ ഉപക്ഷേപം പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)